

കുഞ്ഞുണ്ണി

മലയാളനാട്

ചീഫ് എഡിറ്റർ
എസ്. കെ. നായർ
എഡിറ്റർ
വി. ബി. സി. നായർ

26 th March 1978 Phone: 2825, 3362

ലേഖനം

ബുദ്ധിയും അനുഭൂതിയും
പ്രൊ: ജി. സുകുമാരൻനായർ

സാഹിത്യവാരഫലം
എം. കൃഷ്ണൻനായർ

ശില്പികളുടെ ചിരി
പി. സുബ്രഹ്മണ്യപിള്ള

കേശവദേവ് എന്ന നിത്യകാമുകൻ
സീതാലക്ഷ്മിദേവ്

കവിത

ചമ്പോള്ള്
പി. ടി. നരേന്ദ്രമേനോൻ
പന്നി നന്ദി
കുഞ്ഞുണ്ണി
കൊടിയിറക്ക്
നീലമ്പേത്തൂർ

കഥ

കൽച്ചുറൽ അക്കാഡമി
ജിലാനോ ബാനോ
നവധാര
കെ. ജി. സേതുനാഥ്
ജനിതികളിലൂടെ
ഏ. വി. എം. നാരായണൻ
കാക്കപ്പൊന്ന്
വസന്തൻ

നോവൽ

ധർമ്മപുരാണം
കെ. വി. വിജയൻ
കാളിനി പ്രിയകാമിനി
മുകുളവ്യൂർ
ഈ നായ്ക്കളുടെ ലോകം
കാക്കനാടൻ

അർക്കാനലാദിവെളിവൊക്കെ
ഗ്രഹിക്കുമൊരു
കണ്ണിനുകണ്ണു മനമാകുന്ന കണ്ണതിനു
കണ്ണായിരുന്ന
പൊരുൾ താനെന്നറിയുമളവാനന്ദമെന്തു
ഹരിനാരായണായ നമഃ

എഴുത്തച്ഛൻ ഹരിനാമകീർത്തനത്തിൽ പാടുകയാണു്. സൂര്യൻ, അഗ്നി തുടങ്ങിയ പ്രത്യക്ഷ പഞ്ചഭൂതങ്ങളെ— വെളിവായ് തെളിയുന്ന ബാഹ്യലോകസംഭവങ്ങളെ മാംസചക്ഷുസ്സുകൾകൊണ്ടാണു് നാം കാണുന്നതു്. പഞ്ചേന്ദ്രിയങ്ങളായ കണ്ണും കാതും മൂക്കും നാക്കും തൊക്കും വിഷയഗ്രഹണത്തിനുള്ള ഉപാധികളാകുന്നു. ഈ പ്രത്യക്ഷപ്രമാണം അവലോകനമായും നിരീക്ഷണമായും പകർപ്പെട്ടാലും ബാഹ്യപ്രത്യക്ഷലോകത്തിൽകവിഞ്ഞു് ഒന്നും മനസ്സിലാക്കാൻ നമുക്കു ഈ നിലയിൽനിന്നു സാദ്ധ്യമല്ല. കണ്ണിനും കണ്ണായ മനക്കണ്ണു് അഥവാ യുക്തി (ബുദ്ധി) നമുക്കു് അനുമാനപ്രമാണമായി വളർത്തിയെടുക്കാം. പർവ്വതത്തിൽ പുകയുണ്ടെങ്കിൽ അവിടെ തീയുണ്ടായിരിക്കണം. യത്രയത്ര ധൂമഃ തത്രാഗ്നിഃ എന്ന ബുദ്ധിയുടെ ആദേശം സ്വീകരിക്കാവുന്നതാകുന്നു. ഈ ബുദ്ധിയ്ക്കും യുക്തിക്കും കൂടെക്കൂടി സൂക്ഷ്മമായി പ്രവർത്തിക്കാൻ കഴിഞ്ഞാൽ ശാസ്ത്രീയ നിയമങ്ങളും ഫോർമുലാകളും നാം കണ്ടുപിടിക്കുന്നു. ഈ മനക്കണ്ണിനും കണ്ണായ പൊരുൾ ഉണ്ടോ? അതു് അനുഭൂതിയായി മഹർഷിമാർ സാക്ഷാത്കരിച്ചിട്ടുണ്ടു്.

കവികളും സാഹിത്യകാരന്മാരും അനുഭൂതിപ്രമാണം ഒരു സത്യമായി അംഗീകരിച്ചിരിക്കുന്നു. ഈ സമഗ്രാനുഭവപ്രമാണത്തിൽ ബുദ്ധിപരമായ അനുഭവം മാത്രമല്ല, ഐകാരികാനുഭവവും ഐചാരികാനുഭവവും കൂടിച്ചേർന്നു് ഒരു സാകല്യപ്രമാണം ജനിക്കുന്നു എന്നാണു് സാക്ഷികൾ പറയുന്നതു്. ഈ രണ്ടു പ്രമാണങ്ങളുടെ (സത്യമായ അറിവിനുള്ള ഉപകരണങ്ങൾ) വിവേചനത്തിനും വിശദീകരണത്തിനും ദാർശനികന്മാർ തയാറായിട്ടുണ്ടു്. എന്നാൽ യുക്തിമാത്രം വളർത്തിയെടുത്തിട്ടുള്ള യുക്തിവാദികൾ പഞ്ചേന്ദ്രിയനിഷ്ഠമായ അനുഭവമൊന്നുകൂടിയുണ്ടെന്നു സമ്മതിക്കുമെന്നല്ലാതെ യുക്ത്യതീതമായ അനുഭൂതിപ്രമാണമുണ്ടെന്നു പ്രസ്താവിക്കുന്നില്ല. അനുഭവവാദികളും യുക്തിവാദികളും തമ്മിലുള്ള വ്യത്യാസം എഴുത്തച്ഛൻതന്നെ ഹരിനാമകീർത്തനത്തിൽ ഇങ്ങനെ പാടുന്നു.

ആനന്ദചിന്മയഹരേ ഗോപികാരമണ
ഞാനെന്നഭാവമതു തോന്നായ്കവേണ
മിഹ
തോന്നുന്നതാകിലഖിലം ഞാനിതെന്നവഴി
തോന്നേണമേ ഹരിനാരായണായ നമഃ

ബുദ്ധിയും അനുഭൂതിയും

അനുഭവവാദികളും യുക്തിവാദികളും ഞാനെന്നഭാവത്തിൽ അഹങ്കരിക്കുന്ന അനുഭവിക്കുന്നു—ചിന്തിക്കുന്നു—അവർ ഒരു വിചാരം വിതച്ചു് പ്രവർത്തി കൊയ്യുന്നുണ്ടാവാം—പ്രവർത്തി വിതച്ചു് ശീലം കൊയ്യുന്നുണ്ടാവാം—ശീലം വിതച്ചു് സ്വഭാവം കൊയ്യുന്നുണ്ടാവണം. സ്വഭാവം വിതച്ചു് വിധി കൊയ്യുന്നുണ്ടായിരിക്കയുംചെയ്യാം. പക്ഷേ, മനുഷ്യവിധിയുടെ സംപൂർണ്ണ സാക്ഷാത്ക്കാരം അനുഭൂതിവാദികൾക്കേ കിട്ടുന്നുള്ളു. കാരണം അവരിൽ അഖിലം ഞാനിതെന്നവഴി തോന്നുകയും സമഗ്രയാഥാർത്ഥ്യവുമായി അലിഞ്ഞുചേരുന്ന വിജ്ഞാനംനേടി സംതൃപ്തി കണ്ടെത്തുകയും ചെയ്യുന്നു. അനുഭൂതിയുടെ പൊരുൾ ആത്മാനന്ദംതരുന്നു എന്നു് എഴുത്തച്ഛൻ പാടിയതു് ഓർമ്മിക്കുക. അതുപോലെ സർവ്വാത്മഭാവംനേടിയാലേ മനുഷ്യസത്തയുടെ സാകല്യപ്രാപ്തിയിൽ സന്തോഷിക്കാനുമാകയുള്ളു.

പ്രസിദ്ധ ഹിന്ദുസംസ്കാരസരസ്സിലെ കഥാപാത്രമായ ഹനുമാൻ മുന്നു വഴികളിലൂടെ സ്വജന്മോദ്ദേശം സാക്ഷാത്കരിച്ചു് സാഫല്യംനേടിയതായി ചരിത്രവിവരമുണ്ടു്,

1) ദേഹബുദ്ധ്യാ ത്വദാസോസ്മി—
ഞാൻ ദേഹമാണെന്നു് കരുതുമ്പോൾ അല്ലയോ യാഥാർത്ഥ്യമേ നിന്റെ ദാസപദവിയ്ക്കപ്പുറത്തു് എനിക്കു വളർന്നുചെല്ലാനൊക്കുന്നില്ല.

2) ജീവബുദ്ധ്യാ ത്വദ് അംശകഃ
ഞാൻ ജീവശ്രേഷ്ഠിക്കുടിയാണെന്നു് സ്മരിക്കുമ്പോൾ യാഥാർത്ഥ്യമേ നിന്റെ ഭാഗമായിത്തീരുവാൻ എനിക്കു് അർഹത ലഭിക്കുന്നു.

3) ആത്മബുദ്ധ്യാത്വം ഏവാഹം
ഇതിമേ നിശ്ചിതാ മതി.

ഞാൻ ആത്മാവാണെന്നു് സാക്ഷാത്കാരം കിട്ടുമ്പോൾമാത്രമേ യാഥാർത്ഥ്യമേ ഞാനും നീയും ഒന്നായിത്തീരുന്നുള്ളു. ഈ അദ്വൈതാനന്ദം ഹനുമാനുലഭിച്ചു.

മനസ്സിന്റെ വൈജ്ഞാനികശക്തിയെ സാധാരണയായി ബുദ്ധി അഥവാ ഇന്റലക്ച്വൽ എന്നു പറയുന്നു, ഈ ഇന്റലക്ച്വൽ ഉപയോഗത്തിൽവരുമ്പോൾ ഇന്റലിജൻസ് ഉണ്ടാവുന്നു. ഒരു കതകു് പൂട്ടപ്പെട്ടിരിക്കുന്നു. താക്കോലന്വേഷിക്കാതെ പൂട്ടു തുറക്കാനുള്ള മാർഗ്ഗമന്വേഷിക്കാതെ കതകു് ചവിട്ടിത്തുറന്നാൽ ഇന്റലക്ച്വലാണു് പ്രവർത്തിക്കുന്നതു്. എന്നാൽ താക്കോൽ കണ്ടുപിടിച്ചു് പൂട്ടു തുറന്നാൽ അതു് ഇന്റലിജൻസ് ആയി. ആശയനിർമ്മാണത്തിനും അമൂർത്തചിന്തയ്ക്കും ബുദ്ധിയാണു് കാരണക്കാരൻ. അമൂർത്തചിന്തയ്ക്കു് ഉദാഹരണം നോക്കുക—മൂന്നു വശങ്ങളും സമമായ ത്രികോണം, കേന്ദ്രകോണം 90 ഡിഗ്രിയായ ത്രികോണം, മൂന്നു വശങ്ങളും സമങ്ങളല്ലാത്ത ത്രികോണം—രണ്ടു കോണങ്ങൾ സമമായ ത്രികോണം—ഇങ്ങനെ പലതരത്തിൽ ത്രികോണങ്ങളെ നമുക്കു പരിചയമുണ്ടു്. എന്നാൽ ഈ വിഭാഗങ്ങളിലൊന്നും പെടാതെ ത്രികോണം എന്ന നിശ്ചിതരൂപരഹിതമായ അമൂർത്താശയംസൃഷ്ടിക്കയാണു് ബുദ്ധിയുടെ ജോലി. പ്രശസ്ത ചിന്തകനായ അഗസ്റ്റിൻ യുക്തിയും ബുദ്ധിയും രണ്ടാണെന്നു ചൂണ്ടിക്കാട്ടി ശാസ്ത്രജ്ഞാനം അന്വേഷിക്കുന്ന യുക്തയേക്കാൾ ഉപരിയാണു് ബുദ്ധി! കാരണം ബുദ്ധി ശാശ്വതപദാർത്ഥങ്ങളെ ധ്യാനിക്കാനും വിവേകം നേടാനും കഴിവുള്ള പ്രമാണമാണു്.

പക്ഷേ, യുക്തിയ്ക്കും ബുദ്ധിയ്ക്കും തലനാരിഴകീറി ഇപ്രകാരം വിവേചനം വേണോ? വേണ്ട എന്നു തോന്നുന്നു. യുക്തി അനുമാനപ്രമാണമായും ബുദ്ധി അനുമാനപ്രമാണമായും പ്രവർത്തിക്കുമ്പോൾ ബുദ്ധിയും യുക്തിയും പങ്കെടുക്കുന്ന വൈജ്ഞാനികകോശം ഒന്നുതന്നെ എന്നു പറയാൻ ഒക്കും. അനുഭൂതി—ഈക്ഷിക്കുക എന്ന മൂലത്തിൽനിന്നുണ്ടായ - ഇൻട്യൂഷൻ എന്ന വാക്കിന്റെ തർജ്ജമയാണു്. പ്രത്യക്ഷമായും മാദ്ധ്യമരഹിതമായും ഒരു വസ്തുവിനെ സുവ്യക്തമായി ഗ്രഹിക്കുന്നതാണു് അനുഭൂതി. സ്വാത്മബോധം അനുഭൂതിതരുന്നു. അനുമനസ്സുകളുടെ അസ്തിത്വവും അനുഭൂതി വിരൽചൂണ്ടുന്നതാണു്. സാമാന്യതത്വങ്ങളും മൂല്യങ്ങളും ശാശ്വതസത്യങ്ങളും ഉൾക്കൊള്ളാൻ അനുഭൂതിയാണു് നമ്മെ സഹായിക്കുന്നതു്. ബുദ്ധിയുടെ പരിഷ്കാരത്തിൽനിന്നുരുത്തിരിഞ്ഞുവരുന്നതല്ല അനുഭൂതി. കാരണം അനുമാനപ്രമാണത്തിന്റെ അന്തഃശ്രുദ്ധി ആ പ്രമാണശക്തിയുടെ ആഴം വർദ്ധിപ്പിക്കാൻമാത്രമേ ഉപകരിക്കൂ. സമഗ്രാനുഭവപ്രമാണമായി അനുഭൂതിയെ കരുതണം കാരണം ബുദ്ധിക്കു് ആത്മസത്തയുടെ ഒരു ഭാഗികവെളിച്ചം നല്കാനേ സാധിക്കുന്നുള്ളു. അനുഭൂതിയാകട്ടെ ആത്മസത്തയുടെ സംപൂർണ്ണതയിൽനിന്നുയർന്നുവരുന്ന സ്വപ്രകാശിതവെളിച്ചത്തിൽ പൂർണ്ണജ്ഞാനം സംഭാവനചെയ്യുന്നു.

പ്രൊ: ജി. സുകുമാരൻനായർ

യശശ്ശരീരനായ സർവ്വപ്പള്ളി രാധാകൃഷ്ണൻ സപ്രഗൽഭമായ "ആൻ ഐഡിയലിസ്റ്റ് വ്യൂ ഓഫ് ലൈഫ്" എന്ന പുസ്തകത്തിൽ നാലാം അദ്ധ്യായമായി ബുദ്ധിയും അനുഭൂതിയും എങ്ങനെ വ്യത്യാസപ്പെട്ടു എന്നു 127 — 174 വരെ പേജുകളിൽ വിവരിക്കുന്നു. യാഥാർത്ഥ്യത്തെ അതിന്റെ അഗാധമായ വ്യക്തിതലത്തിൽ അറിയുവാൻ ബുദ്ധിയേക്കാൾ സൂക്ഷ്മമായ ഒരു സർഗ്ഗാത്മക പ്രമാണം നമുക്കു സഹായത്തമാകുവുന്നതാണു് അനുഭൂതി. ഈ അനുഭൂതിയെ ആധാരമാക്കി ഭാരതത്തിൽ വിവിധ ദർശനങ്ങളുണ്ടായി. സർഗ്ഗാത്മകമായ അനുഭൂതികൊണ്ടു് സത്യദർശനം സാദ്ധ്യമാകുന്നു. താർക്കികമായ യുക്തിയും തെളിവും വാദഗതിയും ബുദ്ധിയുടെ അടിസ്ഥാനത്തിലുള്ള ഭൂതകാല ഇംപ്രഷനുകൾ മലീമസമാക്കുന്ന മനസ്സിൽ ബുദ്ധി (യുക്തി) ശക്തിയുടെ പ്രവർത്തനമേയുള്ളൂ.

ബൃഹദാരണ്യകോപനിഷത്തിൽ പറയുന്നു "ബ്രഹ്മത്തെ അനുഭൂതിയാലറിയുന്നവൻ സമഗ്രതയും ഗ്രഹിക്കുന്നു. പവിത്രജ്ഞാനമാണു് അനുഭൂതി. അതിൽ വിവേകം ചന്ദനംപോലെ കലർന്നിരിക്കുന്നു." (ബ്രഹ്മം ബൃഹത്തായ പ്രപഞ്ചത്തെ ധരിക്കുന്ന ശക്തി) ബുദ്ധഭഗവാനു ലഭിച്ച ബോധി അഥവാ ഉള്ളുണർവ്വ് അനുഭൂതിതന്നെ. ബുദ്ധികൊണ്ടു് യാഥാർത്ഥ്യത്തിലേയ്ക്കു് ചിന്തിച്ചുചെല്ലാൻ പരുന്നില്ല. എന്നാൽ യാഥാർത്ഥ്യത്തിന്റെ ഉണ്മയിലേക്കു് ജീവിച്ചുചെല്ലും. അതാണനുഭൂതി. ഈ പ്രജ്ഞ അഥവാ, ആത്മാവിന്റെ ഉൾക്കാഴ്ച നിശ്ചയിപ്പതു യുക്തിയല്ല. മനുഷ്യൻ യുക്തിയുള്ള മൃഗമാകുന്നു എന്ന പാരമ്പര്യത്തിൽ സോക്രട്ടീസിലൂടെയും പ്ലേറ്റോവിലൂടെയും അരിസ്റ്റോട്ടിലിലൂടെയും വളർന്ന തത്വശാസ്ത്രമല്ല ഭാരതീയ തത്വപ്രജ്ഞ ബിസി എട്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഔപനിഷദ്ഗ്രന്ഥങ്ങളിൽ പ്രഖ്യാപിക്കുന്നതു്. മനുഷ്യന്റെ ഭൗതികാടിസ്ഥാനം — രക്തവും മാംസവും രക്തവും ചേർന്ന അസ്ഥിപഞ്ജരം അന്നമയകോശത്തിലാരംഭിക്കുന്നു. എന്നാൽ പ്രാണമയകോശവും മനുഷ്യനിലുണ്ടു്. മനോമയകോശം — ബുദ്ധിജ്ഞാനമയകോശം എന്നീ പടവുകൾകൂടി എത്തിപ്പിടിക്കുന്ന മനുഷ്യന്റെ ലക്ഷ്യം ആനന്ദമയകോശമാണു്. ആനന്ദഭൂമിലനായി ഒരു മനുഷ്യനു് സാത്മസത്ത സാത്മമാക്കണമെങ്കിൽ വിജ്ഞാനമയകോശനിവാസിയുടെ യുക്തിയും ബുദ്ധിയും ഉപരി അനുഭൂതിയുടെ സ്പർശത്തിൽചെല്ലണം. ഈ പ്രമാണം വിശ്വരഹസ്യവും ദൈവരഹസ്യവും നമ്മെ അറിയിക്കുന്നു.

ഗ്രീക്കുചിന്തയിൽ പുഷ്പിച്ച പാശ്ചാത്യതത്വശാസ്ത്രം 19-ാം നൂറ്റാണ്ടിലെ ജർമ്മൻ ദാർശനികനായ ഹെഗലിൽ പകുതിമായപ്പോൾ "യാഥാർത്ഥ്യം യുക്തിപരമാണു്; യുക്തിപരമായതു് യാഥാർത്ഥ്യമാണു്" എന്നേ ചിന്തിച്ചുറച്ചുള്ളൂ. മാർക്സും ഈ യുക്തിയുടെ പാടു്പിടിച്ചു് പ്രത്യക്ഷപ്രകൃതിയേയും സമൂഹത്തേയും ചരിത്രത്തേയും വ്യാഖ്യാനിച്ചു.

രാധാകൃഷ്ണദോഷയിൽ "തോന്നലുകളുടേയും വികാരങ്ങളുടേയും സംപൂർണ്ണജീവിതം, മാംസത്തിന്റെ സന്തോഷങ്ങളും സന്താപങ്ങളും ആത്മാവിന്റെ ആധികളും ആഹ്ലാദങ്ങളും ചിന്തയുടെ മണ്ഡലത്തിനു പുറത്തുനില്ക്കുന്നു." ചിന്തയെ ചിന്തേരിട്ടു് യുക്തിയ്ക്കു് ബലിഷ്ഠപ്രമാണമാവാം. ചിന്തയുടെ തേർമതളിച്ചു് ബുദ്ധി കൂട്ടുപുള്ള സത്യങ്ങളുടെ ചുറ്റും പൂമ്പാറ്റപറക്കുന്നതുപോലെ പറന്നുയർന്നു് അല്പജ്ഞാനവും അർദ്ധജ്ഞാനവും കാഴ്ചവയ്ക്കുന്നു. ചിന്ത അല്ലെങ്കിൽ വിചാരം മാനസസരോവരത്തിൽനിന്നുയരുന്ന ആശയങ്ങളുടെ വലയനമല്ലാണു്. എന്നാൽ സമഗ്രമനുഷ്യന്റെ സർഗ്ഗാത്മക പരിശ്രമം അനുഭൂതിയുടെ സ്ഥിരം പ്രജ്ഞാതലത്തിലേയ്ക്കു നമ്മെ കൊണ്ടുചെന്നാക്കുന്നു.

പ്രബുദ്ധദാർശനികനായ ഫെൻറിബർഗ്സൻ ആശയനിഷ്ഠമായ വിശകലനം മാത്രമാണു് യുക്തിയുടെ മാനമെന്നു ചൂണ്ടിക്കാട്ടി. നിശ്ചലതകളെ കൂട്ടിച്ചേർത്താൽ ചലനം സൃഷ്ടിക്കുകവയ്യ. യാഥാർത്ഥ്യം ജീവപ്രവാഹമാണു്. ചലനവും കാലയളവും സമൂർത്തമായ നൈരന്തര്യവുമാണതു്. തർക്കശാസ്ത്രം യുക്തിയും ബുദ്ധിയും പ്രയോഗിച്ചു് സമ്മാനിക്കുന്നതോ ഖണ്ഡവും നിശ്ചലവും കാലരഹിതവുമായ ആശയങ്ങളാണു്. കേവലജ്ഞാനത്തിലേയ്ക്കു ചെല്ലുന്ന ശരിയായ പാത അനുഭൂതിയാണു് വെട്ടിത്തെളിക്കുന്നതു്. സാഹചര്യത്തെ

ഭർത്താവിന്റെ ചോദ്യം അവളെ ഒരമ്പുപോലെ പിളർത്തുന്നു.

"എന്നെ സ്നേഹിക്കുന്ന നിനക്കു് ആ പഴയ ഓർമ്മവച്ചുപുലർത്താൻ കഴിയുന്നതെങ്ങനെ? ഒരു സ്ത്രീക്കു് രണ്ടുപുരുഷന്മാരെ സ്നേഹിക്കാൻ കഴിയുമോ?"

അനുരാധക്കു് ഉത്തരമില്ല. ഉണ്ടെങ്കിലും പറയില്ല. സ്നേഹം പങ്കുവയ്ക്കപ്പെടുന്നതെന്നു് പുണ്ണാതെയും വിശ്വസിക്കുന്ന ശാന്തകുമാറിനു് മുഖത്തടിക്കൊടുക്കാൻ സാധ്യമല്ല.

△

ഇതുപയധികം മാനസികസംഘട്ടനങ്ങളും സംഘർഷങ്ങളും നിറഞ്ഞ ഒരു നോവൽ മലയാളത്തിലധികമുണ്ടാവുകയില്ല

പി. വത്സലയുടെ

കനൽ

മലയാളനാടു് വാരികയിൽ

1978 ഏപ്രിൽ 30 മുതൽ

പ്രസിദ്ധീകരിച്ചുതുടങ്ങുന്നു.

പ്രായോഗികമായി നിയന്ത്രിക്കാനുള്ള ഉപകരണമായി ജീവശക്തിപ്രവാഹം ബുദ്ധിയെ പരിണാമത്തിലൂടെ കണ്ടെത്തി. പ്രവർത്തിയിലേയ്ക്ക് കടന്നുചാടുവാൻ ബുദ്ധിയോ യുക്തിയോ കൂടിയേതീരൂ എന്നും സമ്മതിക്കാം. എന്നാൽ യാഥാർത്ഥ്യത്തിന്റെ ആന്തരികചൈതന്യം ഗ്രഹിക്കാൻ സമഗ്രാത്മസത്തയെ അഭേദ്യംപ്രാപിക്കേണ്ടതുണ്ട്. ബുദ്ധിയും യുക്തിയും സമഗ്രാത്മസത്തയുടെ ഭാഗികപ്രമാണമാണ്. ബുദ്ധിയ്ക്കതീതമായി നിലനില്ക്കുന്ന അനുഭൂതി ബുദ്ധിയ്ക്കെതിരായി ഒരിക്കലും പ്രവർത്തിക്കുന്നില്ല. അനുഭൂതിയെ സമ്യഗ്ജ്ഞാനമെന്നു വിളിക്കാം. (സമ്യഗ്ജ്ഞാനവും സമ്യഗ്ദർശനവും സമ്യഗ് ചരിതവും ചേർന്ന് ത്രിരത്നം വർദ്ധമാനമഹാവീരനും ജൈനദർശനാനുയായികളും ബി സി ആറാംനൂറ്റാണ്ടിലെ ഇന്ത്യയിൽ കാഴ്ച വച്ചതു് ഓർമ്മിക്കുക) ബുദ്ധിനൽകുന്ന പരാമർശജ്ഞാനവും യുക്തിതരുന്ന സംഭവസംബന്ധിയായ നിയമസംഹിതയും അനുഭൂതിയുടെ പീഠികയായിത്തീരുമെന്നുള്ളതു് സമ്മതിക്കുകയും ചെയ്യാം.

കല സമഗ്രാത്മസത്തയുടെആവിഷ്കാരമായി നാം അറിയുന്നു. അപ്പോൾ ക്രോചെ ചൂണ്ടിക്കാട്ടിയതുപോലെവ്യക്തിജ്ഞാനം പ്രദാനംചെയ്യുന്ന ഉൾക്കാഴ്ച അനുഭൂതിയായി രൂപാന്തരപ്പെടുന്നു. ബുദ്ധിയോ യുക്തിയോ നീട്ടുന്ന താർക്കികജ്ഞാനം വ്യക്തിയിൽനിന്നും വാസ്തവികതയിൽനിന്നും നമ്മെ അകറ്റി സമാലോചനയുടെ സംബന്ധശൂന്യമായ വീഥികളിലൂടെ യാത്രചെയ്യിക്കുന്നു. സജീവവും സ്പന്ദിക്കുന്നതുമായ യാഥാർത്ഥ്യം കലാനുഭൂതികൊണ്ടേ കിട്ടൂ. അതുകൊണ്ട് അനുഭൂതിയെ അപരോക്ഷാനുഭവമെന്നു് ഭാരതീയ ഋഷികൾ വിശേഷിപ്പിച്ചു. ആയിത്തീരുന്ന അറിവു് അനുഭൂതി നല്കുമ്പോൾ പ്രതികങ്ങളുടെ മാദ്ധ്യമത്തിലുള്ള അറിവു മാത്രമേ ബുദ്ധിയും യുക്തിയും തരുകയുള്ളൂ. ഒരു കോകിലമായിത്തീർന്നു് കോകിലത്തോട്ടുള്ള ഭാവഗീതം രചിക്കുവാൻ കീറ്റ്സ് എന്ന ആംഗലേയ മഹാകവിയ്ക്കു സാധിച്ചു. അതുപോലെ ആത്മസാക്ഷാത്കാരം അനുഭൂതികൊണ്ടേ നേടാനൊക്കൂ. പഞ്ചേന്ദ്രിയങ്ങളും മനസ്സും കൂടാതെ ബുദ്ധിയ്ക്കോ യുക്തിയ്ക്കോ പ്രവർത്തിക്കാനാവില്ല, എന്നാൽ അനുഭൂതിയിൽ അറിയുന്ന വിഷയിയും അറിയുന്ന വിഷയവും അറിവെന്ന പ്രക്രിയയും ഒരു സമഗ്രസത്തയായി രൂപാന്തരപ്പെടുന്നു. ഈ സത്ത രൂപടിയുടെ ദഹനത്തിൽനിന്നുണ്ടാകുന്ന തീരുനീറു നമ്മുടെ നെറ്റിയിലണിയിക്കുമെന്നു് ശ്രീനാരായണഗുരുദേവൻ സഹാനുഭവത്തിലൂടെ തെളിയിച്ചു. കാലവും ദേശവും കാര്യകാരണബന്ധവും പരിമിതികളുടെ ഒരു ലോകം വരച്ചുവച്ചിട്ടുണ്ടു്. അവിടെ കുടുങ്ങുന്നവരുടെ അനുഭവസാകല്യമല്ല അനുഭൂതി—ജർമ്മൻ ദാർശനികനായ സ്പിനോസാ ചൂണ്ടിക്കാണിച്ച ശാശ്വതപരിപ്രേക്ഷ്യമാണു് (സബ്സ്പീഷീസ് എറേർണിറാറിസ്) അനുഭൂതി. "ഇൻട്രൊഡക്ഷൻ റ്റു മെറഫിസിക്സ്" എന്ന ഗ്രന്ഥത്തിൽ ഹെൻറി ബർഗ്സൻ എഴുതി. "അനാവിഷ്കൃതതത്വവും അതുല്യതയുള്ള ഒരു വസ്തുസാരവുമായി താദാത്മ്യപ്പെട്ടു് ബുദ്ധിപരമായ സഹാനുഭൂതിയിലൂടെ ഒരാൾ വസ്തുവിൽ കുടിയിരിക്കുന്ന അനുഭവമാകുന്ന അനുഭൂതി". ഈ നിർവ്വചനത്തിൽ ബുദ്ധിപരമായ സഹാനുഭൂതി എന്ന വാക്കു് അനുഭൂതി പ്രമാണത്തിനു് ഭാരതീയ ദാർശനികൻ നല്കിയ വ്യത്യാസഗ്രഹണം (ഡിഫറൻഷ്യാ) വ്യഞ്ജിപ്പിക്കുന്നില്ല കേവലതത്വത്തെ ഗ്രഹിക്കാൻ അനുഭൂതി ആവശ്യപ്പെടുന്ന ബർഗ്സൻ വിശകലനരംഗത്തു് വ്യാപകമായി പ്രവർത്തിക്കുന്ന പ്രക്രിയയായേ ബുദ്ധിയെ കണക്കാക്കുന്നുള്ളൂ. കാരണം "മാറ്റർ ആൻഡ് മെമ്മറി" എന്ന ഗ്രന്ഥത്തിൽ ബർഗ്സൻ ആത്മാവിനെറ പര്യായമായി ഓർമ്മയെ കാണുന്നു. യാഥാർത്ഥ്യപ്രവാഹത്തിനെറ മുഖം തിരിച്ചു അധോപ്രവാഹമായി മാറ്ററിനേയും (ജഡവസ്തു) വിവരിച്ചു. "റ്റു സോഴ്സസ് ഓഫ് മൊറാലിറ്റി ആൻഡ് റിലിജൻ" എന്നഗ്രന്ഥത്തിൽ ബർഗ്സൻ അനുഭൂതിയെ രഹസ്യവാദിയുടെ (മിസ്റ്റിക്ക്) അനുഭവമായി ചിത്രീകരിച്ചു.

അരവിന്ദഘോഷ് (1950—ൽ മഹാസമാധി പ്രാപിച്ച ഭാരതീയദാർശനികൻ) "ദി ലൈഫ് ഡിവൈൻ" വാല്യം 2—ൽ മാനസിക തലത്തിനുപരി അഞ്ചുതരം ബോധതലങ്ങൾ അനുഭവിച്ച കണ്ടെത്തി. (1) ഉന്നതമനസ്സ് (2) പ്രകാശിതമനസ്സ്

തെളിമയുടെ മണലിൽ

പി. ടി. നരേന്ദ്രമേനോൻ

തെളിമയുടെ മണലിൽ
കരിന്തൊലിയുരുമ്മുന്ന
ശിലകളുടെ ചെന്നിയിൽ
ചേന്നീരിയ്ക്കാം
ഉടലിന്റെ പച്ചപ്പു
നീലിച്ചിട്ടും പടി-
യകന്നുപോം കന്നിലൊരു
കൂട്ടതീക്കാം,
വെറുതെയീ സന്ധ്യയി-
ലുതിർന്ന വണ്ടോടുകൾ
ചിറകിൻ മിനുപ്പിൽ
കുരുക്കി നില്ക്കാം,
പക്ഷെയറിവുഞാൻ
നീയെത്ര പതിതനെന്നും
നിന്നെയറിയുന്ന പേരൊന്നു
ചൊല്ലിയെന്നാൽ നിനക്കിര-
തന്നെയന്നാളിലില്ലയെന്നും *
വാനിന്റെ പൂഴിയിൽ
കുഴിയാനകൾപോൽ
കരിങ്കിളികൾ
മെയ്യൊതുക്കുമ്പോൾ,
ഏതിരെ വരുമൊരു
മരണവാർത്തപോൽ
വണ്ടിയുടെയെരിയുന്ന
ചതുരങ്ങൾ രാവിൽ
മറയുമ്പോൾ,
വിങ്ങുന്നമത്തികാ-
മുശകളിലിത്തിളകൾ ജഡ-
ഗന്ധമായ് വേർത്തപുക-
യിലുരുളുമ്പോൾ,
അല്ലിന്റെ മേചക-
പരിഷ്വംഗമോർത്തോർത്തു
മെല്ലെക്കുണുങ്ങിയടി-
വെച്ചുള്ള നിഴലിന്റെ
അഭിസാരമൊക്കെ-
ക്കൊഴിഞ്ഞുവീഴുമ്പോൾ,
മഞ്ഞച്ച ചെങ്കുന്ന
നെറ്റി നീ സന്ധ്യപോൽ

ഒരു വെറുംകുന്നിന്റെ
തുച്ഛതയിലാഴ്ത്തുന്നു.
പൊട്ടക്കിണർപോലെയുള്ള
പുരുഷാർത്ഥങ്ങളൊറ്റുള്ള
പുൽകി നീരുത്തുന്ന
പാത്തികളിൽ,
പൊട്ടിയ വരമ്പുകളിൽ
പോക്കാച്ചികൾപോൽ
കരഞ്ഞിരുന്നിട്ടും വരൾച്ചയുടെ
വീർപ്പുകളിൽ.
ചാടിയിരതേടുമള-
വർത്ഥമില്ലായ്മകളി-
ലേതോ ചുവപ്പും കറുപ്പും
കലർത്തുവോൻ.
നിന്നെ ഞാനീയിടെ
കാണുമാറില്ല, നിൻ
പേരെടുത്തുച്ചത്തിലോതുവാൻ
നേരമി, ല്ലെന്നാലും-
മിരുളുമബ്ദങ്ങൾ തൻ
വാർദ്ധക്കണ്കളാൽ
നിന്റെ കഥയിന്നു-
മോർമ്മിപ്പു ഞാൻ.

* ചെമ്പോത്തിനെ പേർചൊല്ലി വിളിച്ചാൽ അതിനു് ഇര കിട്ടുകയില്ലെന്ന പഴങ്കഥ

—o—

(3) അനുഭൂതിസ്ഥിതമനസ്സ് (4) ഉപരിമനസ്സ് (5) സൂപ്പർമൈൻഡ് (മനാതീതതലം). അപ്പോൾ അനുഭൂതിസ്ഥിതമനസ്സ് പ്രാപിക്കാൻ ബുദ്ധിപരമായ സഹാനുഭൂതി കൊണ്ടൊരുവിശേഷവുമില്ല (ബർഗ്സന്റെ വാദംവെറും ഊഹാപോഹാടിസ്ഥാനംതന്നെ) ഉന്നതമനസ്സും പ്രകാശിതമനസ്സുംനേടിക്കഴിഞ്ഞേ അനുഭൂതിപ്രമാണം സ്വായത്തമാവൂ. അനുഭൂതിയുടെ നാലുതരം ശക്തികളളക്കുറിച്ചു് അരവിന്ദഘോഷ് ഉപന്യസിക്കുന്നതു് മർക്കടമുഷ്ടിക്കാരായ യുക്തിവാദികളെ തപസ്സുചെയ്തു് സ്വാനുഭവത്തിനു് ആക്കം വയ്ക്കാൻ പ്രേരണനല്കുന്നു.

(ശേഷം 63-ൽ)

പന്നിതടിച്ചിട്ട്, വാല് ചടച്ചിട്ട് ചടച്ചിട്ട് എന്നപറഞ്ഞാൽ ശരിയാവില്ല. തടിച്ചത് മെലിയുമ്പോഴാണ് ചടയുക എന്നു പറയുക. പന്നിയുടെ വാല് കരിക്കലും തടിച്ചതായിരുന്നില്ലല്ലൊ.

എന്നാൽ ഇങ്ങനെ പറയാം: പന്നിവീർത്തിട്ട്, വാല് നേർത്തിട്ട്. ഇപ്പോഴും ഒരു വിധമൊപ്പിക്കാമെന്നേ ആയുള്ളൂ.

ഉചിതമായ പദം വന്നുകിട്ടുന്നില്ല

എന്താണതു കിട്ടാത്തത്.

എന്റെ പ്രസ്താവന സത്യമല്ലാത്തതുകൊണ്ടുതന്നെ.

കുഞ്ഞുണ്ണി

പന്നി വീർത്തിട്ട്, വാല് നേർത്തിട്ട് എന്നു പറയുമ്പോൾ പന്നിവേറെ, വാല് വേറെ എന്ന ഒരു ധ്വനിവരും. അത് സത്യവിരുദ്ധമാണെന്നാണ്. എന്തുകൊണ്ടെന്നാൽ,

വാലുംകൂടിച്ചേർന്നതാണ് പന്നി.

ശരിയാണ്! നൂറുശതമാനം ശരിയാണ്. അതിനാലിങ്ങനെപറയുകയാണ് വേണ്ടത്: പന്നിയുടെ ഉടലുവീർത്തത്, വാലുനേർത്തത്

ഇപ്പോൾ ശരിയായി.

ഇങ്ങനെയൊരു രൂപകൃതം പന്നിക്കെങ്ങനെ സംഭവിച്ചു. അതുപറയാൻ പന്നിയുടെ ശരീരശാസ്ത്രമെനിക്കറിയില്ല. ഇനി യഥേഷ്ടം പഠിച്ചുണ്ടാക്കി പന്നിയുടെ വാൽ നേരിയതാകാൻ കാരണമറിയുക വിഷമം തന്നെ.

അതിനാൽ ഇതിനുള്ള കാരണം കവിതയിലൂടെ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. കവിതയും സത്യം കണ്ടുപിടിക്കാനുള്ള വഴിയാണല്ലോ. അതുകൊണ്ട് പന്നിയെക്കുറിച്ചുള്ള കവിതയുണ്ടായിക്കിട്ടാൻ ആവശ്യമായ അനുഭൂതിയുണ്ടാവാൻ പന്നിയുടെ പിന്നാലെ നടക്കുകതന്നെ.

നടന്നു— നിരന്തരം നടന്നു.

പന്നിനടക്കുമ്പോൾ ഇടയ്ക്കിടെയ്ക്ക് വാലാട്ടുന്നുണ്ട് എന്നു ഞാൻ കണ്ടു. ഇഷ്ടം പോലെ ആട്ടാവുന്നതായി പന്നിക്ക് അതിന്റെ വാലുമാത്രമാണുള്ളതെന്നും കണ്ടറിഞ്ഞു.

സന്തോഷം വരുമ്പോഴും ആലോചന വരുമ്പോഴും കരാലോചനയും കൂടാതെ അലസമായിരിക്കുമ്പോഴും ഞാനതിന്റെ കാലാട്ടം.

ആനയും ഇടയ്ക്ക് മുൻകാലിന്മേൽ നിന്നു നാലാംകാലാട്ടാറുണ്ട്. പന്നിക്കങ്ങനെ കാലാട്ടാൻ വയ്യ. പത്തായംപോലെയുള്ള അതിന്റെ തടിതാങ്ങാൻ നന്നേ നേർത്തതും കറിയതുമായ കാലുകളാണതിനുള്ളത്. ആ നാലു കുഞ്ഞിക്കാലിന്മേൽ നില്ക്കുന്നതും നടക്കുന്നതും കണ്ടാൽക്കരുതുന്നു, ക്രാണുന്നവക്ക് പാവംതോന്നും.

കാലാട്ടാൻ വയ്യെങ്കിൽ തലയാട്ടിയാലും മതി. പക്ഷെ പന്നിക്കതിനും സാധിക്കില്ല. ഉടലോടുചേർന്ന, കഴുത്തില്ലാത്ത തലയങ്ങനെയാട്ടും.

അതിനാൽ ഇഷ്ടംപോലെ ആട്ടിക്കോട്ടെ എന്നുവച്ചിട്ടാവാം സൃഷ്ടികർത്താവ് പന്നിയുടെ വാലിങ്ങനെ നേർപ്പിച്ചുകൊടുത്തത്

വാലാട്ടുക മാത്രമല്ല, ഇടയ്ക്ക് അത് കടയ്ക്കൽവെച്ച് ഒരു ചെറിയ വള വളച്ചിട്ട് നടക്കും. അങ്ങനെ വാലുവളച്ചിട്ടു നടക്കുമ്പോൾ പന്നിക്കെന്താ ഗമയാണെന്നോ. കാലിന്മേൽ കാലോറിയിരിക്കുമ്പോഴനിക്കെന്നപോലെ.

ഒരു സംശയം! പന്നിയുടെ വാൽ ഇത്ര നീളംകുറഞ്ഞതാവാനെന്തേ.

നീളമധികമായാൽ ഇഷ്ടംപോലെയാട്ടാൻ സാധിക്കില്ല എന്നതുകൊണ്ടാവാം.

എല്ലാറ്റിനുമുത്തരം ആവാം, ആവാം എന്നുമാത്രം. ആണ്, ആണ് എന്നുകിട്ടുന്നില്ല.

അങ്ങനെ കിട്ടുന്നതുവരെ തപസ്സുതുടരുകതന്നെ.

(ശേഷം 58-ൽ)

"എന്റെ പൊന്നു തങ്കപ്പാ ഞാനൊരു പെണ്ണല്ലേ? എന്റെ ഒരാശയല്ലേ? ആ കഴിവില്ലാത്തോന്റെ കൂടെകിടന്നു ഞാൻ മടുത്തു ഞാൻ നിന്നെ വിടത്തില്ല ..."

കാക്കനാടന്റെ

"തങ്കപ്പൻ"

ഈ സംഭവത്തിലെ കഥാപുരുഷൻ ഈ കഥ വായിക്കുന്നെങ്കിൽ ആ പെൺകുട്ടിയെ രക്ഷിക്കണമെന്നു മാത്രമേ എനിക്കു പറയാനുള്ളൂ

കെ. ബാലകൃഷ്ണന്റെ

"ശീതളോഷ്മാവു"

ജയന്തിയെ നോക്കാനായി ഉയർന്ന ദൃഷ്ടികൾ ഒരു നിമിഷംപോലും ലക്ഷ്യസ്ഥാനത്തുനിന്നില്ല. തമാശതോന്നി ഈ അറുപതഞ്ചാംവയസ്സിൽ എനിക്കെന്തുപറ്റി? ഭ്രാന്താണോ?

കെ. എൽ. മോഹനവർമ്മയുടെ

"ഒരിക്കൽക്കൂടി"

മലയാളനാട്

വിഷുവിശേഷാൽപ്രതി

1978

ദാമ്പത്യജീവിതത്തിന്റെ വൈരസ്യത്തിനു കാരണങ്ങൾ പലതാണു്. ഒന്നു് ആവർത്തനമത്രേ. കാലത്തു കളികഴിഞ്ഞു് ഓഫീസിൽ പോകാൻ തയ്യാറായി അയാൾ നില്ക്കുമ്പോൾ അവളുടെ ചോദ്യം; "കാപ്പി കൊണ്ടുവരട്ടോ?" ഭർത്താവു് ഒരു മുളൽ. കാപ്പികുടിക്കുന്നതിനിടയ്ക്കു് അയാൾ എന്തെങ്കിലും അവളോടു പറയും; അല്ലെങ്കിൽ ചോദിക്കും. വർഷത്തിൽ മുന്നൂറിയറുപത്തിയഞ്ചുദിവസവും ഭാര്യയുടെ ചോദ്യം 'കാപ്പികൊണ്ടുവരട്ടോ' എന്നായിരിക്കും. അയാളുടെ മൂളലിനും പകരമുള്ള ചോദ്യത്തിനും ഒരു വ്യത്യാസവുമുണ്ടാവില്ല. അതിനാൽ കാലത്തു് ഭാര്യ എന്തു ചോദിക്കുമെന്നു ഭർത്താവിനറിയാം. ഭർത്താവിന്റെ ചോദ്യമെന്തായിരിക്കുമെന്നു് ഭാര്യക്കുമറിയാം. നിത്യജീവിതത്തിലെ ഈ ആവർത്തനം നിശീഥിനിയിലും കാണും. ലൈംഗിക പ്രക്രിയയിൽ വൈവിധ്യം വരുത്താൻ അയാൾക്കറിഞ്ഞുകൂടാ; അവൾക്കുമറിഞ്ഞുകൂടാ. അതിനാൽ കന്യകയായിരിക്കുമ്പോൾ അവൾ ഉയർത്തിക്കെട്ടിയ സൗധം തകർന്നു താഴെവീഴുന്നു അവൾ ഒരപസ്മരസ്സുമാണെന്നു കരുതിയ അയാൾക്കു മോഹഭംഗം. അതിന്റെ ഫലം വിഷാദം. വിഷാദത്തിന്റെ ഫലം ദാമ്പത്യജീവിതത്തിന്റെ തകർച്ച. തകർച്ചയുണ്ടായാൽ അയാൾ പുതിയ മേച്ചിൽസ്ഥലങ്ങൾ അന്വേഷിച്ചെന്നുവരും. അതിനാലാണു് അത്യന്തസുന്ദരിയായ ഭാര്യയെ കൂട്ടാക്കാതെ ഭർത്താവു് വൈരൂപ്യമുള്ളവളുടെ പിറകേ പോകുന്നതു്. ആകൃതിസൗഭഗമുള്ള ഭർത്താവിനെ ഉപേക്ഷിച്ചു് അന്നാകരേനിന കഷണ്ടിക്കാരനായ പ്രോൺസ്കിയുടെ പിറകേ പോയതും അതുകൊണ്ടുതന്നെ. കാണുന്ന പുരുഷന്മാരോടെല്ലാം വേഴ്ച നേടാനുള്ള സ്ത്രീയുടെ അടങ്ങാത്ത ആഗ്രഹമത്ര ഇംഗ്ലീഷിൽ nymphomania എന്നു വിളിക്കുന്നു. പുരുഷനു സ്ത്രീയെസംബന്ധിച്ചുണ്ടാകുന്ന ഈ അതിരറ്റ അഭിലാഷത്തിനു് Satyriasis എന്നാണു് പേരു്. മിക്ക പുരുഷന്മാർക്കും 'സറ്റിറിയാസിസ്' എന്ന മാനസികരോഗം കാണും. 'നിംഫമേനിയ'യുള്ളവരും സമുദായത്തിൽ ധാരാളമുണ്ടു്, ഇവരുടെയെല്ലാം ദാമ്പത്യജീവിതങ്ങൾ തകരാറിലാണു്. നിംഫമേനിയ ബാധിച്ചവർക്കു ചിലപ്പോൾ അന്നകരേനിനയെപ്പോലെ തീവണ്ടിപ്പാളത്തിൽ തലവയ്ക്കേണ്ടതായി വന്നേക്കും. അതു എന്തുമാകട്ടെ. ഈ രണ്ടു മാനസികഭ്രംശങ്ങളും ദാമ്പത്യജീവിതത്തെ തകർത്തുകളയുന്നു. സംശയമില്ല.

സാഹിത്യവാരഫലം

എം. കൃഷ്ണൻനായർ

ശ്രീമതി എം. ഡി. രത്നമ്മ "സപ്തപ്പം" എന്ന ചെറുകഥയിൽ അവതരിപ്പിക്കുന്ന രാധിക എന്ന യുവതിക്കു് കലാകാരനെസ്സംബന്ധിച്ചു "മേനിയ" ഉണ്ടാകുന്നു. സ്നേഹിക്കുന്ന ഭർത്താവുണ്ടായിട്ടും അവൾ അയൽവീട്ടിലെ സാഹിത്യകാരനെകണ്ടു് "ഭ്രമിക്കുന്നു." സാഹിത്യകാരനോ? എല്ലാ സാഹിത്യകാരന്മാരെയുംപോലെ തന്നെ. അയാൾ തന്റെ ഭാര്യയെ വീട്ടിൽ പറഞ്ഞയച്ചിട്ടു് രാധികയെ ആക്രമിക്കുന്നു, അതോടെ അവൾക്കു മോഹഭംഗവും സാഹിത്യകാരന്മാരെക്കുറിച്ചു പുച്ഛവും ഉണ്ടാവുകയാണു്. കലയ്ക്കും കാമത്തിനും ബന്ധമുണ്ടെന്നു ചിലർ പറയുന്നതു ശരിയാണോ എന്തോ? അറിഞ്ഞുകൂടാ. പക്ഷേ പല കലാകാരന്മാരും കവി പറയുമ്പോലെ കാമക്കഴുകന്മാരാണു്. ഓർമ്മയില്ലേ

എങ്കിൽ വരികൾ എടുത്തെഴുതാം:—

"നിങ്ങളെപ്പോലുള്ള
ദുഷ്കലാകാരരാ —
ണിങ്ങെഴും സന്മാർഗ്ഗബോധം
മുടിച്ചവർ!
കൃത്രിമംപോൽ സദാചാരം!—
മൃഗത്തിലും
കഷ്ടമാണിവെറും കാമുകഴുകൾ!
അത്രമേൽ സ്വാർത്ഥികൾ നിങ്ങൾ,
നിങ്ങൾക്കില്ല
മറ്റുള്ളവരെക്കുറിച്ചൊരു ചിന്തയും
പ്രേമം പുഴുങ്ങും,
പ്രസംഗിക്കുമെന്നിട്ട
കാമത്തഴപ്പിൽത്തമ്മിലുഴന്നിട്ടും."

നല്ല വിഷയംതന്നെയാണു് രത്നമ്മ കൈകാര്യംചെയ്യുന്നതു്. പക്ഷേ പ്രതിപാദ്യവിഷയത്തിൽ കൂടുതൽ മുഴുകി അർഹിക്കാത്ത പ്രാധാന്യം അതിനു കഥാകാരി നല്കിയതുകൊണ്ടു് ഇക്കഥ വിശ്വാസമുളവാക്കുന്നില്ല മഹാന്മാരായ കലാകാരന്മാർക്കുപോലും ഈ വിധത്തിലുള്ള പരാജയമുണ്ടായിട്ടുണ്ടു്. ഡി. എച്ചു്. ലോറൻസിന്റെ "ലേഡി ചാറ്റർലിയുടെ കാമുകൻ" എന്ന നോവൽ രചനാവൈഭവത്താൽ നിസ്തുലമാണെങ്കിലും കലാപരമായ ദൃഢപ്രത്യയം ഉളവാക്കാൻ അസമർത്ഥമാണു്. ലേഡി ചാറ്റർലിയുടെ കാമം 'വൽഗർ' ആയിട്ടേ എനിക്കു തോന്നിയിട്ടുള്ളു. ഇതിനു കാരണം ലോറൻസു് ആ കാമത്തിനു് അമിതപ്രാധാന്യം നല്കി എന്നതാണു്. സ്വന്തം കാര്യം പരിഗണിക്കാതെ. സ്വന്തം ജീവിതത്തിന്റെ ഭദ്രതയെ ഓർമ്മിക്കാതെ ഒരു സ്ത്രീയും ഇത്തരത്തിലുള്ള ചാപല്യങ്ങൾ കാണിക്കില്ല. തന്റെ ചുമതലകളെക്കുറിച്ചു് രാധിക എന്ന യുവതിക്കു് ഒരു പരിഗണനയും ഇല്ലെന്നോ? ഇല്ലെന്നാണു് കഥാകാരിയുടെ അഭിപ്രായം. അക്കാരണത്താൽത്തന്നെയാണു് ഇക്കഥ പരാജയപ്പെട്ടതും. അപ്പോൾ അന്നാകരേനിനയുടെ കാര്യമോ എന്നു ചിലർ ചോദിച്ചേക്കും. ടോൾസ്റ്റോയിയുടെ വിശേഷാത്തരമായ ആ നോവലും ഇവിടെപ്പറഞ്ഞ ദോഷത്തിൽനിന്നു വിമുക്തമല്ല. എന്നാലും അതിനു് വിശ്വാസ്യത എന്ന ഗുണമുണ്ടു്. പ്രതിപാദ്യവിഷയം ആവിഷ്കരിക്കുമ്പോൾ സമനില പാലിക്കാൻ എഴുത്തുകാർ ശ്രദ്ധിച്ചേ മതിയാവൂ. (രത്നമ്മയുടെ ചെറുകഥ "കഥ" എന്ന മാസികയിൽ)

* * *

പാശ്ചാത്യരുടെ സങ്കല്പം കാലം ഋജുരേഖയിൽക്കൂടി മുൻപോട്ടു പോകുന്നുവെന്നാണു്. അതിനാൽ ഒന്നിനും ആവർത്തനമില്ല. കാലം വൃത്തത്തിലൂടെ ചലനം കൊള്ളുന്നുവെന്നു് ഭാരതീയൻ കരുതുന്നു. ഇതാണു് യുക്തിക്കു യോജിക്കുന്നതു്. ഭൂമിയും സൂര്യനും നക്ഷത്രങ്ങളും വൃത്തത്തിലൂടെയാണു് നീങ്ങുന്നതു്. വസന്തകാലം ഒരിക്കൽ വന്നാൽ പിന്നെയും വന്നെത്തും. അതിനാൽ കാലവും വൃത്തത്തിലൂടെയാണു് ചലിക്കുന്നതു്. കാലത്തെക്കുറിച്ചുള്ള ഭാരതീയന്റെ ഈ സങ്കല്പം റഷ്യൻ മിസ്റ്റിക്കായ ഊസ്പെൻസ്കിയും ജർമ്മൻ തത്ത്വചിന്തകനായ നീഷേയും പ്രകടിപ്പിച്ചിട്ടുണ്ടു്. അങ്ങിനെയുള്ളവർ വിരലിലെണ്ണാവുന്നവർമാത്രം കാലത്തിനു ഭവനമുണ്ടോ? ഉണ്ടു്. അജന്തയിലെ കലാശില്പങ്ങളിൽ കാലം ബന്ധിക്കപ്പെട്ടിരിക്കുന്നു. കാലം അവിടെകിടന്നു് ഉറങ്ങുകയാണു്. ഇങ്ങനെ ബന്ധിക്കപ്പെട്ട കാലത്തെയും സെക്സിനെയും കൂട്ടിയിണക്കിയിരിക്കുന്ന ഗീതാ ഇടമറുകു്. ഈ പെൺകൂട്ടി "കഥാ"മാസികയിൽ എഴുതിയ "ശിലാഗളത്തിൽ എന്റെ വരണമാല്യം" എന്ന കൊച്ചു കഥ നോക്കുക. പുല്ലൊടിഞ്ഞുമ്പിലെ ഹിമബിന്ദുപോലെ, തെങ്ങോലത്തുമ്പിൽ തുങ്ങിനിൽക്കുന്ന നക്ഷത്രത്തെപ്പോലെ ചേതോഹരമായിരിക്കുന്ന ഈ കഥ ഭാഷാശാസ്ത്രജ്ഞനും സംസ്കൃത പണ്ഡിതനുമായ ഫെർഡിനാങ്ങ് സോസ്യൂർ (Ferdinand de Saussure 1857 - 1913) ഭാഷയ്ക്കു് ലാങ്ഗ് (langue) എന്നും പരൽ (parole) എന്നും രണ്ടു സ്വഭാവങ്ങളുണ്ടെന്നു പറയുന്നു. അമൂർത്തമായ ഭാഷാസമ്പ്രദായമാണു് ലാങ്ഗ്; ചതുരംഗക്കളിയുടെ നിയമങ്ങളോടു് അതിനെ ഉപമിക്കാം. മൂർത്തങ്ങളായ ദൈനംദിനസംഭവങ്ങളിൽ വ്യക്തികൾ നടത്തുന്ന ഉദീരണങ്ങളാണു് "പരൽ"; രണ്ടുപേർ ചതുരംഗപ്പലകയുടെ മുൻപിലിരുന്നു് കരുക്കൾ നീക്കുന്നതിനു തുല്യമാണതു്. ഭീമാകാരമായ മഞ്ഞുകട്ടിയാണു് ലാങ്ഗ്. അതു വെള്ളത്തിൽ മുങ്ങി

ക്കിടക്കുന്നു. ആക്കും കാണാൻ വയ്യ. അതിന്റെ അഗ്രഭാഗം മാത്രം ജലപുഷ്പിനു മുകളിലായി ദർശിക്കാം. ഈ ചെറിയ ഭാഗമാണ് 'പരൽ.' സാഹിത്യമെന്നതു് ഇതിന്റെ മറ്റൊരു രൂപമത്രേ. ഗീതയുടെ കഥ "മൂർത്തമാ"യ ചതുരംഗക്കളിയാണു്; അമൂർത്തമായ നിയമങ്ങളല്ല എന്നതു് സന്തോഷപ്രദമായിരിക്കുന്നു.

* * *

ദാമ്പത്യത്തെയും സ്നേഹത്തെയും കുറിച്ചുള്ള ഈ കഥകൾ വിശ്വസാഹിത്യത്തിലെ ഒരു ജ്വലരത്നത്തെപ്പറ്റിയുള്ള ഓർമ്മ എനിക്കുളവാക്കുന്നു. സോയ്ഡർബർയേ (Soderberg 1869 – 1941) എഴുതിയ ഡോക്ടർ ഗ്ലസ് (Doctor Glas) എന്ന നോവൽ കൈയിലെടുക്കട്ടെ. പ്രായംകൂടിയ ഒരു പാതിരി — ഗ്രിഗോറിയസ് — സുന്ദരിയായ ഒരു യുവതിയെ വിവാഹം കഴിക്കുന്നു. അച്ഛനമ്മമാരുടെ നിർബ്ബന്ധത്തിനു വഴങ്ങിയാണു് അവൾ അമ്പത്തിയേഴുവയസ്സുള്ള ആ മനുഷ്യന്റെ സഹധർമ്മിണിയായതു്. അയാളുടെ അദമ്യമായ ലൈംഗികശക്തി അവൾക്കു് വിദ്വേഷവും വിഷാദവും ഉളവാക്കി. ഓരോ തവണയും ലൈംഗികാവശ്യത്തിനു് അയാൾ അവളെ സമീപിക്കുമ്പോൾ ബലാത്കാരവേഴ്ചയാണു് നടക്കുന്നതെന്നു് അവൾ വിചാരിച്ചു. യുവതി വേറൊരുയുവാവിനെ സ്നേഹിക്കുന്നുണ്ടു്. ഒരു ദുർബലനിമിഷത്തിൽ വിവാഹത്തിനു സമ്മതം നൽകിപ്പോയതുകൊണ്ടു് വൈവാഹികജീവിതത്തിന്റെ ശാശ്വതനരകത്തിൽ അവൾ എന്നും കിടക്കേണ്ടതുണ്ടോ? യുവതി ഏകാന്തജീവിതം നയിക്കുന്ന ഡോക്ടറുടെ അടുക്കലെത്തുന്നു. അയാൾ സദാചാരതൽപരനാണു്. ഭർത്താവില്ലാതെ ഗർഭംധരിക്കുന്നവർ അയാളുടെ അടുത്തു് ഗർഭച്ഛിദ്രം നടത്താനുള്ള അഭ്യർത്ഥനകളുമായി വരാറുണ്ടു്. പക്ഷേ ഡോക്ടർ അവരെ ആട്ടിയോടിക്കുകയേയുള്ളു. എങ്കിലും പാതിരിയുടെ ഭാര്യയെ അയാൾക്കു രക്ഷിക്കണമെന്നുണ്ടു്. പാതിരിക്കു ഹൃദ്രോഗമുള്ളതിനാൽ ലൈംഗികവേഴ്ച പാടില്ലെന്നു് ഡോക്ടർ അയാളോടു പറഞ്ഞു. ഈ വ്യാജപ്രസ്താവം ഫലപ്പെട്ടില്ല. പാതിരി വീണ്ടും വീണ്ടും യുവതിയെ സ്വന്തമാക്കുന്നു. വിധേയയാക്കി. ഗത്യന്തരമില്ലാതെ ഡോക്ടർ അയാൾക്കു പൊട്ടാസ്യം സൈനയിഡ് കൊടുക്കുന്നു. ഉടനെ മരിക്കുന്നതിനു മുമ്പു് അയാൾ ഡോക്ടറോടു പറയുന്നു: "ഞാൻ ഒരു കൊലപാതകനാണു്. ഞാൻ എന്റെ ഭാര്യയെ കൊന്നു. ഞാൻ അവളെ ഒരു കൊച്ചുകുട്ടിയെപ്പോലെ സ്നേഹിച്ചു. അവൾ എന്നെ വെറുത്തു. അവൾ എന്നെ വെറുക്കുന്നതു് എനിക്കു സഹിക്കാൻ വയ്യാതായി. അതുകൊണ്ടു് ഞാൻ അവളെ കൊന്നു. ഞാൻ അവളെ കൊന്നതു് അവളുടെ നന്മയ്ക്കുവേണ്ടിയാണു്. അവൾ എന്നെ വെറുക്കുന്നതിനേക്കാൾ നല്ലതു് അവൾ മരിക്കുന്നതാണു്. ഞാൻ അവളെ കൊന്നതു് അവളുടെ നന്മയ്ക്കുവേണ്ടിയ

ഒരു നിരൂപകൻ പറയുന്നു. ബോർഹെസ് ശൂന്യതാവാദിയാണു്. അറിയാതെയാവാം ബോർഹെസിന്റെ ആഖ്യാനരീതിയുടെ ഒരംശം സ്വീകരിച്ചിരിക്കുന്ന കഥാമാസികയിൽ "രാമന്റെ കഥ" എഴുതിയ ശ്രീ. മുണ്ടൂർ കൃഷ്ണൻകുട്ടി. പക്ഷേ, ഒരു വ്യത്യാസമുണ്ടു് ബോർഹെസ് ജീവിതത്തെ നിഷേധിക്കുന്നു; രാമന്റെ കഥ എഴുതിയ സാഹിത്യകാരൻ ജീവിതത്തിനു് പ്രമാണീകരണവും ദൃഢീകരണവും നൽകുന്നു പെൺപിള്ളേരുടെ വൃത്തികെട്ട റൊമാന്റിക്കഥകൾ വായിച്ചുമടുത്തവർക്കു കൃഷ്ണൻകുട്ടിയുടെ പുതിയ രീതിയില്ലുള്ള കഥ ആശ്വാസം നല്കും. ഇംഗ്ലീഷിലേക്കു തർജ്ജിമചെയ്യപ്പെട്ടിട്ടുള്ള ലാറന്റെ അമേരിക്കൻ കൃതികൾ ഏറിയ കൂറും വായിച്ചിട്ടുള്ള എനിക്കു് ഇതിനു് ഒരു പുതുമയും ഉള്ളതായി തോന്നിയില്ല.

* * *

ശ്രീ. ജി. എൻ. പണിക്കർ മാതൃഭൂമിയിലെഴുതിയ "തലമുറകൾ" എന്ന കഥ കൃത്രിമവും കലാശൂന്യവുമാണു്. മുത്തശ്ശി, മുത്തശ്ശിയുടെ മകളും, ഭർത്താവും, പേരക്കുട്ടി ഗൗരി ഇങ്ങനെ നാലു കഥാപാത്രങ്ങളെ അവതരിപ്പിച്ചു് "ജനറേഷൻ ഗാപ്പ്" ചിത്രീകരിക്കാനാണു് കഥാകാരന്റെ ശ്രമം. മുത്തശ്ശി പരമ്പരാഗതമായ സാന്മാർഗ്ഗിക തപത്തിനു പ്രാതിനിധ്യം വഹിക്കുന്നു; മുത്തശ്ശിയുടെ മകൾ പ്രായംകൂടിയ മകളുണ്ടായിട്ടും തോന്നിയതുപോലെ നടക്കുന്നു. മകളുടെ ഭർത്താവു് കുടിയൻ. അവരുടെ മകൾ ഗൗരി പാവമാണെന്നാണു് മുത്തശ്ശി ധരിക്കുന്നതു്. പക്ഷേ, അച്ഛനും അമ്മയും ഇല്ലാത്ത സന്ദർഭത്തിൽ അവൾ കാമുകനെ വീട്ടിൽ വിളിച്ചുവരുത്തുന്നു. മുത്തശ്ശികിടപ്പായതുകൊണ്ടു് എഴുന്നേറ്റുവരില്ലെന്നു് അവൾക്കു നല്ലൂറപ്പുണ്ടു്. കാമുകനും കാമുകിയും ലൈംഗികവേഴ്ചയോളം ചെന്നെത്തുന്നുണ്ടു്. എന്നിട്ടും മുത്തശ്ശിക്കു് അതു മനസ്സിലാവുന്നില്ല, അല്ലെങ്കിൽ മനസ്സിലാവുന്നില്ലെന്നു നടിക്കുന്നു. കാമുകൻ ലൈറ്റണച്ചു് കാമുകിയെ കടന്നുപിടിക്കുന്നതിന്റെയും കസേരകൾ മറിഞ്ഞുവീഴുന്നതിന്റെയും ശബ്ദം കേട്ടപ്പോഴാണു് മുത്തശ്ശിക്കു് കാര്യത്തിന്റെ ഗൗരവം ഏതാണ്ടു ബോധപ്പെട്ടതു്. അവർ കണ്ണടച്ചു കിടക്കുന്നു. മുത്തശ്ശിക്കു കാര്യം മനസ്സിലായിയെന്നു കണ്ടു് അവൾ പൊട്ടിക്കരയുമ്പോൾ അവർ "സാരമില്ല— മോളേ— സാരമില്ല" എന്നു പറഞ്ഞു് ആശ്വസിപ്പിക്കുന്നു. വൃദ്ധയുടെ സംശയത്തെ ആവിഷ്കരിക്കുന്നതിൽ പ്രകടമാകുന്ന കൃത്രിമത്വം ഇതോടെ മൂർദ്ധന്യാവസ്ഥയിൽ എത്തുകയാണു്. അങ്ങനെ അസത്യപൂർണ്ണമായ കഥ വായിച്ച പ്രതീതി വായനക്കാരനു് ഉളവാകുന്നു. ഏതു കലാസൃഷ്ടിയും കേവലസത്യത്തിൽ (absolute reality) അനുവാചകനെ കൊണ്ടു് ചെല്ലേണ്ടതാണെന്നു് മാത്യു ആർനോൾഡു് പറഞ്ഞതാണു് ഇപ്പോൾ ഓർമ്മ വരുന്നതു്. അതിനു അദ്ദേഹം ഉദാഹരണവും നല്കിയിട്ടുണ്ടെന്നു തോന്നുന്നു. "അന്നാകരേനി"നയിലെ കഥാപാത്രമായ ലവിൻ വിവാഹത്തെക്കുറിച്ചു് സങ്കല്പിച്ചു വികാരപരവശനാകുമ്പോൾ തനിക്കു ആ സന്ദർഭത്തിൽ ധരിക്കാനൊരു ഷർട്ടില്ലല്ലോ എന്നു മനസ്സിലാക്കി ആകുലാവസ്ഥയിൽ വീഴുന്നു. തങ്ങളുടെ കഥാപാത്രങ്ങൾ ഇന്ന സന്ദർഭത്തിൽ ഇന്ന രീതിയിൽ ചിന്തിക്കും എന്നു് പ്രതിഭാശാലികൾക്കു് അറിയാം. സഹജാവബോധത്താലാണു് അവർ ഇതു മനസ്സിലാക്കുക. ഇവിടെയാണു് കേവലസത്യം തെളിഞ്ഞുവരുന്നതു്. കരുതിക്കൂട്ടി എഴുതുകയല്ല ടോൾസ്റ്റോയി. മനസ്സിന്റെ കണ്ണുകൊണ്ടു് അദ്ദേഹം എല്ലാം കാണുകയാണു്. ശ്രീ. ജി. എൻ. പണിക്കരുടെ കഥയിൽ ആന്തരചക്ഷുസ്സുകൊണ്ടുള്ള ദർശനമില്ല; ഉപായചിന്തനം— Contrivance— മാത്രമേയുള്ളൂ.

* * *

പി. കേശവദേവിന്റെ സ്ഥിതിയെക്കുറിച്ചു് ഒരു വ്യക്തി പ്രസംഗിച്ചതിന്റെ സത്യത എത്രത്തോളമുണ്ടെന്നറിയാൻവേണ്ടി ഈ ലേഖകൻ അദ്ദേഹത്തോടു സംസാരിച്ചതും മറ്റും മുൻപൊരു ലക്കം

രണ്ടു്

വയറില്യമെങ്ങടെ കരളില്യ മെരി തീ–
ക്കനല്യകൾ കൈനീട്ടെ
നിറവയർ തുള്ളിയ മറയവർ നിന്നെ
ഉത്സവമാടിച്ചു.
ഞങ്ങടെ മാംസമറുത്തവർ വച്ചു
നിനക്കു നൈവേദ്യം
ഞങ്ങടെ ചോരക്കഴല്യകളാലവർ
തളച്ചു നിർദാഹം.
ചിരിച്ചുലഞ്ഞു— മദിച്ചുലഞ്ഞു
മറൂതപ്പുലിയായു് നീ.
മലന്നു മലയടിവാരത്തിൽ നീ
നിറഞ്ഞു നിന്നയക്ഷി!

മുളച്ചു ഞങ്ങടെയ്കവും പുറവും
പുവന്ന പ്രതികാരം.
തിളച്ചുയന്ന സിരകളിൽ മിഴികളിൽ
കടുത്ത പാരുഷ്യം.
അലകടലലറിമറിഞ്ഞു മനസ്സിൽ
അചലങ്ങൾ തെറിച്ചു.
പ്രളയക്കാറ്റിൽ താളക്കുത്തുകൾ
കരളിൽപ്പറകൊട്ടി.
എവിടുന്നെങ്ങനെ വന്നു കരുത്തിൻ
എതിരില്ലാത്ത മുഖം!
എവിടുന്നെങ്ങനെ കിട്ടി മനസ്സിനു
ശിലയുടെ ദൃഢത്രുപം!
എവിടുന്നെങ്ങനെ കിട്ടി കരത്തിനു
ഗദയുടെ സംഹാരം!

എവിടുന്നെങ്ങനെ കിട്ടി പദങ്ങൾ–
ക്കുരുവം പൂണ്ട മദം!

മൂന്നു്

ഒത്തൊരുമിച്ചൊന്നലറി വിളിക്കെ
ദിക്കുകളെട്ടും പൊട്ടി.
കർക്കശനീയിളകൊള്ളുമിടത്തിൽ
കൽത്തളമെന്ന നടുങ്ങി
തിരുനടയിങ്കലുയർത്തിയ സ്വർണ്ണ–
ക്കൊടിമരമെന്ന കുലുങ്ങി.

അടിവാരങ്ങളിളക്കിമറിക്കും
പടയണികണ്ടു കാലം.
അറിവു വായ്ത്തല രാകി മിനുക്കിയ
അരിവാൾ ഞങ്ങൾക്കഭയം.
അടിമുതൽ മുടിവരെ ഞങ്ങൾ കടഞ്ഞാ–
രിടങ്ങൾ ചോരചുരത്തി.
പഴയമരങ്ങൾ പതിച്ചു. തുളസി–
ത്തറകൾ മണ്ണിലടിഞ്ഞു.
നീയുളുട്ടിയ—നിന്നെയുട്ടിയ
മറയോരെവിടെ മറഞ്ഞോ?

നീലമ്പേരൂർ

രുധിരച്ചുവയാൽ നാവു തരിക്കും
ചരലക്കഥപറയും.
അക്കഥ കേൾക്കുവതെങ്ങനെ ചുടല–
യ്ക്കകത്തൊളുങ്ങിയ നീ?
അക്കഥ കേൾക്കുവതെങ്ങനെയരിവാൾ–
ത്തലപ്പിൽ നില്പൂം നീ?

നാല്പു്

മലമേലേ, മറവർതൻ തലമേലേ
കുടികൊണ്ട മറയോരെ–
പ്പോററിയോളെ,
കുരുമന കാട്ടിയോർ ശേഷവേല–
യ്ക്കരയും തലയും മുറുക്കിനില്ല്ല
വിളറുന്നതെന്തിനു്? ദുരവിതച്ച
വിരുതിനു ഞങ്ങൾക്കു കുരുതിവേണം!
കുരുതി കഴിഞ്ഞു കൊടിയിറക്കി
പുതിയ വിളയ്ക്കിനി വിത്തിടേണം!

(അവസാനിച്ചു)

മലയാളനാട്ടിൽ എഴുതിയിരുന്നു. അതിനെക്കുറിച്ച് എനിക്കു ധാരാളം കത്തുകൾ കിട്ടുന്നുണ്ട്. എല്ലാക്കത്തുകളിലും ശകാരമാണുള്ളതു്. നാസിക്കിൽനിന്നു് ശ്രീ. മുരളി ജി. തോപ്പിൽ എഴുതുന്നു:—"സ്വതന്ത്രമായി എഴുതുവാൻ മലയാളനാടു് പത്രാധിപർ അങ്ങേയ്ക്കുതന്ന കോളം ദുരുപയോഗപ്പെടുത്തി പതിനായിരക്കണക്കിനു വരുന്ന മലയാളനാടു് വായനക്കാരെ സാർവിഡ്ഢികളാക്കാൻ ശ്രമിച്ചു." ബൊക്കാസോസിറിറിയിൽനിന്നു ശ്രീ. പി. ജി. പണിക്കർ എഴുതുന്നു:—"ഏതായാലും കേശവദേവിനുവേണ്ടി ഇരക്കുന്നതിൽ എനിക്കുങ്ങയോടു യോജിപ്പില്ല." ഈ രണ്ടുപേരോടും ഇവരെപ്പോലെ കത്തുകളയച്ച മറ്റുള്ളവരോടും വിനയപൂർവ്വം പറയട്ടെ. കേശവദേവിനു പണമയച്ചുകൊടുക്കാൻ ഞാൻ അഭ്യർത്ഥിച്ചിട്ടില്ല അദ്ദേഹത്തിന്റെ സ്ഥിതിയെക്കുറിച്ചു് അദ്ദേഹവും അദ്ദേഹത്തിന്റെ സഹധർമ്മിണിയും പറഞ്ഞ കാര്യങ്ങൾ അതേമട്ടിൽ ഞാൻ മലയാളനാട്ടിൽ എഴുതിയെന്നേയുള്ളൂ. ഒരാൾ "എനിക്കു കഷ്ടപ്പാടാണു്" എന്നു പറഞ്ഞാൽ നമ്മൾ അതിന്റെ സത്യാത്മകതയെക്കുറിച്ചു് അന്വേഷിക്കാൻ പോകരുതു്. പറയുന്നതു് സത്യമാണെന്നു വിചാരിച്ചു് സൗകര്യമുണ്ടെങ്കിൽ ചെയ്യാവുന്ന സഹായം ചെയ്യേക്കണം. അതാണു് മാന്യമായ രീതി. എനിക്കു കിട്ടിയ എല്ലാ എഴുത്തുകളിലും ശ്രീ. കെ. വി എസ്. ഇളയതു് "കേരളശബ്ദ"ത്തിൽ എഴുതിയതു് വായിച്ചുനോക്കാനുള്ള നിർദ്ദേശമുണ്ടു്. ഞാനതു വായിച്ചു. ദേവിനു സർക്കാർ പണം നൽകിയതിനെക്കുറിച്ചേ കെ. വി. എസ്. ഇളയതു് എഴുതിയിട്ടുള്ളൂ. ബഹുജനം സ്വന്തം ഇഷ്ടമനുസരിച്ചു് നൽകുന്ന പണത്തെക്കുറിച്ചു് അദ്ദേഹം ഒന്നും എഴുതിയിട്ടില്ല. കത്തുകളയച്ചവർ അക്കാര്യം ശ്രദ്ധിച്ചില്ലെന്നു തോന്നുന്നു. ജനങ്ങൾക്കിഷ്ടമുണ്ടെങ്കിൽ എത്ര പണംവേണമെങ്കിലും ദേവിനു കൊടുക്കട്ടെ; സർക്കാർ അതു നൽകിയതു് ശരിയായില്ല എന്നാണു് കെ. വി എസ്. സമർത്ഥിക്കുന്നതു്. ആ വീക്ഷണഗതി മനസ്സിലാക്കാതെയാണു് കത്തുകളയച്ചവർ എന്റെനേക്കു് ഉപാലംഭം ചൊരിയുന്നതു്.

എന്റെ വീട്ടിൽ ഇന്നു കഞ്ഞിവെച്ചില്ല, ഞാൻ ഇന്നു പുസ്തകം വായിച്ചു, എനിക്കു് ഇന്നു രോഗമാണു് എന്നൊക്കെ ആരെങ്കിലും പറഞ്ഞാൽ നമ്മൾ അതു വിശ്വസിക്കണം. അല്ലാതെ ങ്ഹാ ഞാൻ നിന്റെ അടുക്കള പരിശോധിക്കട്ടെ, നീ പുസ്തകം വായിച്ചില്ല, അവസാനത്തെ ഒരു പുറമേ വായിച്ചിരിക്കുകയുള്ളൂ, നിനക്കു് ഒരു രോഗവുമില്ല എന്നു മറുപടി നൽകുന്നതു് ശരിയല്ല. മനുഷ്യന്റെ 'ഇൻറ്റലക്ച്വൽ ഓണസ്റ്റി'യിൽ വിശ്വസിക്കാതെ നമ്മൾക്കു ഈ ലോകത്തു് കഴിഞ്ഞുകൂടാൻ പറ്റുകയില്ല. അന്യൻ പറയുന്നതു വിശ്വസിക്കാൻ വയ്യെങ്കിൽ പണം കൊടുക്കേണ്ടതില്ല. അതിനെ വാദപ്രതിവാദമാക്കി മാറ്റാതിരുന്നാൽമതി. ഇതിൻറെകൂടെ ഒരുകാര്യം അറിയിക്കട്ടെ. കേശവദേവു് എന്റെ അഭിവന്ദ്യസുഹൃത്താണു്. ഞാൻ അദ്ദേഹത്തിനു പണം അയച്ചുകൊടുത്തിട്ടില്ല.

* * *

ശ്രീ. എൻ. ഗോപാലപിള്ള അവർകളുടെ ആധ്യക്ഷ്യത്തിൽകൂടിയ ഒരു സമ്മേളനത്തിൽ പ്രസംഗിക്കാൻ ഞാനുണ്ടായിരുന്നു; ഒരു യുവതിയും. ഗോപാലപിള്ളസ്സാറിന്റെ പ്രസംഗം കഴിഞ്ഞപ്പോൾ യുവതി മൈക്കിന്റെമുൻപിൽ വന്നുനിന്നു. അവരുടെ നേരേ പിറകിലാണു് ഞാനിരുന്നതു്. അതു് അസഹനീയമായി അവർക്കു തോന്നിയിരിക്കണം. യുവതി കൈകൊണ്ടു് ആംഗ്യംകാണിച്ചു ഞാനൊന്നു മാറിയിരിക്കാൻ. ഞാൻ ഒന്നുമാലോചിക്കാതെ ദൂരെ ഒരു കസേരയിൽചെന്നിരുന്നു. ഗോപാലപിള്ളസ്സാർ മനോഹരമായി ഒന്നു ചിരിച്ചു. എന്നിട്ടു് എന്നോടു ചോദിച്ചു:—"കൃഷ്ണൻനായർ പെണ്ണുങ്ങൾ പറഞ്ഞാൽ അതുപോലെയങ്ങു അനുസരിക്കുമോ?" ഞാൻ ഇംഗ്ലീഷിൽ മറുപടി പറഞ്ഞു:—"Sir man is the weaker sex." സൗഭഗത്തിന്റെ ഉടലെടുത്തശ്രീപമായ സാർ വീണ്ടും ചിരിച്ചുകൊണ്ടു പറയുകയുണ്ടായി:— "You are right. There are no cleopatras or Lucrezia Borgias among men."

—o—

(കഴിഞ്ഞലക്കത്തിൽനിന്നും തുടർച്ച)

'അതേ: ഇന്നത്തെ താപാലിൽ ഗൗരവമേറിയ യാതൊന്നും കാണുന്നില്ല."ഞാൻ കത്തുകൾ ഒരുഭാഗത്തേയ്ക്കു് മാറ്റിവച്ചതിനുശേഷം ഉഷയുടെ നേരെ തിരിഞ്ഞു. "ബൽബീർ ഇപ്പോൾ സന്തുഷ്ടനാണു്. അച്ഛൻ അവനെ വിവാഹം ചെയ്യിക്കാൻ നാട്ടിലേയ്ക്കു വിളിയ്ക്കുന്നു. എത്രകാലം ഒറ്റയ്ക്കു ജീവിയ്ക്കും. സത്യമാണോ ഉഷ സിഗറ്റിന്റെ പുക നീട്ടി ഊതി അവസാനം എത്രകാലം ഒറ്റയ്ക്കു് ജീവിയ്ക്കും പാവം"

"നീ എങ്ങനെ ഒറ്റയ്ക്കു് ജീവിയ്ക്കുന്നു?" ഞാനിന്നു് എങ്ങനേയോ ഈ ചോദ്യം ഉഷയോടു് ചോദിച്ചുപോയി.

"ഞാനോ?" ഉഷ എഴുന്നേറ്റതിനുശേഷം വീണ്ടും ഇരുന്നു. പിന്നീടു് എന്റെ നേരെ നോക്കിപറഞ്ഞു.

"നിങ്ങൾ ഉണ്ടല്ലോ! നിങ്ങൾ എല്ലാവരും? അച്ഛനും അമ്മയും ഡെൽഹിയിലുണ്ടു്. ജ്യേഷ്ഠൻ ചിക്കാഗോവിലുണ്ടു്. സിംലയിൽ ഫിറോസു്!"

"ഫിറോസു് ആരാണു്?" ഞാൻ സൂക്ഷിച്ചുനോക്കിയപ്പോൾ ഉഷ സിഗററിന്റെ ചാരം ആഷ്ട്രേയിൽ വീഴ്ത്തിയ രീതി കണ്ടു് ഫിറോസു് ആരെന്നു് എനിയ്ക്കു മനസ്സിലായി.

"അവന്റെ ഭാര്യ സിംലയിൽ ഏതോ റിസേർച്ചു്സെൻററിൽ ജോലിചെയ്യുന്നു" ഉഷ സിഗററുകുറ്റി ആഷ്ട്രേയിലിട്ടതിനുശേഷം കൈയ്തിരുമ്മി

"കൊള്ളാം!" ഫിറോസിനെ ഞാൻ പരിചയപ്പെട്ടകഴിഞ്ഞു.

"പക്ഷേ വളരെ സങ്കുചിതചിത്തയായ സ്ത്രീയാണു് അവൾ! ഫിറോസിനെ വല്ലാതെ കഷ്ടപ്പെടുത്തുന്നു."

എന്റെ ജീവിതം അസ്വസ്ഥമായി തീർന്നിരുന്നു. ഞാൻ എന്റെ ഭാര്യയെ, പെരുമാറ്റത്തിലും സൗന്ദര്യത്തിലും വാക്കിനുവാക്കിനു് പ്രശംസിച്ചുകൊണ്ടിരുന്നു. എന്നിട്ടും അവളുടെ ഹൃദയത്തിൽ എന്നെപ്പറ്റി സംശയം ജനിച്ചുകൊണ്ടിരുന്നു. ഏതു ഏഷണിക്കാരനാണു് അവളുടെ ചെവിതിന്നതെന്നറിഞ്ഞുകൂടാ, എന്റെ ഓരോ ചലനത്തിലും ഗീത ദുഷ്പിപതിയ്ക്കാൻ തുടങ്ങി. അവൾ ഒരുദിവസം തുറന്നുപറയുകയും ചെയ്തു.

"നിങ്ങൾ ഉഷയുടെ വീട്ടിൽ പോകുന്നതു് ഞാനിഷ്ടപ്പെടുന്നില്ല."

"ഇഷ്ടപ്പെടേണ്ട. എന്റെ എല്ലാകാര്യങ്ങളിലും നീ തലയിടുന്നതു് എനിയ്ക്കിഷ്ടമല്ല."

പുറത്തുപോന്നപ്പോൾ ഇനി രണ്ടുമൂന്നു് ദിവസത്തേയ്ക്കു് വീട്ടിൽ പോകേണ്ടെന്നു് ഞാൻ തീരുമാനിച്ചു. എന്റെ കോപം ഗീത മനസ്സിലാക്കട്ടെ.

മ്ലാനവദനനായി ഞാൻ ഉഷയുടെ വീട്ടിലെത്തിയപ്പോൾ വിഷാദമഗ്നനായി ബൽബീർ അവിടെ ഫാജരുണ്ടായിരുന്നു. ഉഷയും അസ്വസ്ഥചിത്തയായി കാണപ്പെട്ടു. അസ്വസ്ഥതകാരണം അവൾ മെറൺ ഡ്രെസ്സു് മാറി സാരിധരിച്ചിട്ടില്ല. അണുമിണ്ടും തുറന്നുപോകുന്ന ശരീരഭാഗം മറച്ചുകൊണ്ടു് ഉഷ ബൽബീറിന്റെ സിഗററിൽനിന്നു് സിഗററ് കൊളുത്തി വലിച്ചുകൊണ്ടിരുന്നു.

പ്രശ്നമിതായിരുന്നു. അച്ഛനമ്മമാർ ബൽബീറിനെ നിർബ്ബന്ധിച്ചു് വിവാഹിതനാക്കാൻ പോകുന്നു. അനഭ്യസ്ഥവിദ്യയായ ഒരു യുവതിയുമായി ബൽബീർ എങ്ങനെ ദാമ്പത്യജീവിതം നയിയ്ക്കും. ഉഷ പല പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചു. ഗ്രാമത്തിൽ വിട്ടേയ്ക്കു! ഉപേക്ഷിയ്ക്കുമെന്നു് ഭീഷണിപ്പെടുത്തുക.

ഈ പരിതഃസ്ഥിതിയിൽഞാൻഎന്റെ പ്രശ്നം എങ്ങനെ അവതരിപ്പിയ്ക്കും? നിശ്ശബ്ദനായി കർച്ചറൽ അക്കാഡമിയുടെ ഭാവിയെപ്പറ്റി ചിന്തിയ്ക്കാൻ തുടങ്ങി.

വൈകുന്നേരം വീട്ടിലെത്തിയപ്പോൾ ഗീത സ്വന്തം വീട്ടിൽപോകാൻ തയ്യാറെ

ടുക്കുകയായിരുന്നു. വളരെനേരം അനുനയം ചെയ്താണു് അവളെ തടഞ്ഞതു്. എന്റെ ഹൃദയത്തിലെ സകല കെട്ടുപാടുകളും അഴിഞ്ഞുകഴിഞ്ഞിരുന്നു. എന്നിട്ടും എന്തുകൊണ്ടോ ഞങ്ങളുടെ ബന്ധം നിലനിന്നു. ഒരുപക്ഷേ കുട്ടികളുടെ ഭാവിയെപ്പറ്റിയുള്ള ഭയംകൊണ്ടാകാം. മകൻ എന്നോടൊന്നിച്ചു് യൂണിവേഴ്സിറ്റിയിൽ പോകാൻ തുടങ്ങിയിരുന്നു. തിരിച്ചുപോരുമ്പോൾ അവൻ ബഷീറാബാദ് കവലയിൽവച്ചു പറയും "അച്ഛാ, എന്നെ ഇവിടെ ഇറക്കിവിട്ടേക്കു, ഞാൻ വീട്ടിൽ പോയിക്കൊള്ളാം. അച്ഛൻ സിക്കന്ദരാബാദിലേയ്ക്കല്ലെ?"

"അതേ: അല്ല." ഞാൻ പരിഭ്രമിച്ചു. സിക്കന്ദരാബാദിലാണു് ഉഷ താമസ്സിക്കുന്നതു്. "ഇല്ല. ഇന്നു് കൾച്ചറൽ അക്കാഡമിയിൽ ജോലിയൊന്നുമില്ല. ഞാനും വീട്ടിലേയ്ക്കാണു്." ഞാൻ ലജ്ജയോടെ കാർ സ്റ്റാർട്ടചെയ്തു.

അങ്ങനെയിരിയ്ക്കേ ബൽബീർ കൾച്ചറൽ അക്കാഡമിയിൽനിന്നു് തിരോധാനം ചെയ്തു. ഉഷ എപ്പോഴും അവനെ അനുസരിച്ചിരുന്നു. എന്നും ബൽബീറിനെ കാത്തിരിയ്ക്കും. പക്ഷേ അവൻ വന്നില്ല. ബൽബീർ തന്റെ സുന്ദരിയായ ഭാര്യയോടൊന്നിച്ചു് ഡാൽഡയുടെ ടിന്നുംതാങ്ങി കാറിൽ കയറുന്നതു് ഞങ്ങൾ കാണാറുണ്ടു്. ഞങ്ങളെ കാണുമ്പോൾ അവൻ അകലെനിന്നു് ഹലോപറഞ്ഞു് കൈയ് വീശും.

ബൽബീറിന്റെ സ്വഭാവപരിവർത്തനം അറിഞ്ഞു് ഉഷ കോപിച്ചു." വല്ല മന്ത്രംകൊണ്ടു്മായിരിയ്ക്കാം അഭൃസ്ഥവിദ്യനായ ഒരു് പുരുഷൻ കാടത്തിയായ ഒരു പെണ്ണിന്റെ താളത്തിനൊത്തു് തുള്ളുന്നതു്, നിങ്ങൾ പുരുഷന്മാർ കാഴ്ചയിൽ മാത്രം സ്വതന്ത്രന്മാരാണു്. പക്ഷേ യഥാർത്ഥത്തിൽ സേവകന്മാരാണു്."

ഞാൻ അകത്തും പുരോഗമനവാദിയാണെന്നു് ഉഷയുടെ മുമ്പിൽ തെളിയിക്കാൻ ശ്രമിച്ചു.

ഒരുദിവസം വൈകുന്നേരം ഞാൻ ഉഷയുടെ അടുത്തിരുന്നു് ചായകുടിച്ചുകൊണ്ടിരിയ്ക്കുമ്പോൾ എങ്ങനെയെന്നറിഞ്ഞുകൂടാ ലോകം മുഴുവനുമുള്ള വിഷാദം എന്നെ വലയംചെയ്തു. ഞാൻ പെട്ടെന്നു് ഉഷയുടെ പാദത്തിൽ പിടിച്ചു് ഗദ്ഗദസ്വരത്തിൽ പറഞ്ഞു. "എന്നെ രക്ഷിയ്ക്കു ഉഷേ! ഞാൻ നിന്റെ പാദങ്ങളിൽ നമസ്കരിയ്ക്കുന്നു. ഞാൻ മരിച്ചുപോകും! ഗീത എന്നെ വിഷം കുടിപ്പിച്ചുകൊന്നു് കൊണ്ടിരിയ്ക്കുന്നു."

ഉഷ ഞെട്ടി. എന്റെ ഗാർഹികജീവിതം കൈയ്പ് നിറഞ്ഞതാണെന്നു് അവൾ ആദ്യമായി അറിയുകയാണെന്നു തോന്നുന്നു. അതിനാൽ ഉഷ എന്റെ നമ്രശിരസ്സിൽ കൈവച്ചു് പറഞ്ഞു



"നേരെ ഇരിയ്ക്കു ഗോപാൽ!" ഉഷ കാൽരണ്ടും പിന്നോട്ടു് വലിച്ചു്, എന്നെ സോഫയിൽ പിടിച്ചിരുത്തി, ഗ്ലാസ്സിൽ നിന്നു് ഒരിറക്കു് ചായകുടിച്ചതിനുശേഷം പറഞ്ഞു. "നിങ്ങൾ മിഡിൽക്ലാസ്സു് പുരുഷന്മാർക്കു് കരയാനറിയാം. ആത്മഹത്യചെയ്യാൻ സാധിയ്ക്കും. എന്നാൽ തങ്ങൾക്കിഷ്ടമില്ലാത്ത സ്ത്രീകളോടൊന്നിച്ചു് ദാമ്പത്യജീവിതം നയിയ്ക്കാൻ സാദ്ധ്യമല്ലെന്നു് പറയാനുള്ള ധൈര്യം നിങ്ങൾക്കില്ല. എതിർക്കാൻ ശക്തിയില്ല "

ഞാൻ ആലോചിച്ചുനോക്കി. എനിക്കു് ചെയ്യാൻ കഴിയാത്ത ലളിതമായ കാര്യമാണിതു്, ഞങ്ങൾ എന്തുകൊണ്ടു് അനഭ്യസ്ഥവിദ്യകളും സംസ്കാരശൂന്യകളുമായ ഭാര്യമാരോടൊത്തു് കൂട്ടംബജീവിതം നയിക്കുന്നു?

അന്നു രാത്രി രണ്ടുമണിക്കു് ഉഷ എന്നെ വിളിച്ചുണർത്തി. ഞാൻ കരഞ്ഞുകരഞ്ഞു് എപ്പോഴാണു് സോഫയിൽകിടന്നുറങ്ങിയതെന്നു് എനിക്കുതന്നെ നിശ്ചയമില്ല, അവൾ അപ്പോഴും കുടിച്ചുകൊണ്ടിരുന്നു. വിരലുകൾക്കിടയിൽ സിഗററ് പുകഞ്ഞുകൊണ്ടിരുന്നു. ഉഷ എന്റെ കോട്ടും കാറിന്റെ ചാവിയും എന്നെ പിടിപ്പിച്ചു്, പറഞ്ഞു.

"ഇനി വീട്ടിൽപോകു ഗോപാൽ! ഗീതയ്ക്കു് ഉപ്പും മുളകും വാങ്ങിക്കൊടുക്കു: അല്ലെങ്കിൽ നിന്റെ കലം പൊട്ടിപ്പോകും."

പതിനഞ്ചു് ദിവസങ്ങൾക്കുശേഷം ഞാൻ കൾച്ചറൽ അക്കാഡമിയിലെത്തിയപ്പോൾ ഉഷ വളരെയധികം ക്ഷുഭിതയായിരുന്നു.

"നിങ്ങൾ എല്ലാവരും അളവിൽക്കവിഞ്ഞു് അശ്രദ്ധരാണു്. അവനവന്റെ സംസ്കാരത്തിന്റെ ഉന്നതിക്കുവേണ്ടി ഒന്നും ചെയ്യുന്നില്ല. ചെയ്യാൻ സാധിക്കുകയുമില്ല. കേൾക്കുന്നുണ്ടോ? ഇന്ത്യയിൽ ഫാഷിസ്റ്റ്ശക്തികൾ കലയേയും, ശാസ്ത്രത്തേയും, സംസ്കാരത്തേയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു. നമുക്കും ആ വിഷയത്തെപ്പറ്റി സെമിനാർ നടത്തണം."

വരാൻപോകുന്ന വിനാശത്തിന്റെ പ്രതിഫലനം ഉഷയുടെ മുഖത്തു് സ്പഷ്ടമായി കാണാമായിരുന്നു. സാരിയുടെ മങ്ങിയ നിറം, മേക്അപ്രഹിതമായ മുഖം, ഉയർന്നുനില്ക്കുന്ന യുവത്വം തുടങ്ങി എല്ലാം വിഷണ്ണമായി കാണപ്പെട്ടു.

"ഇപ്പോൾ ഇവിടെ ആരും വരുന്നില്ല. എല്ലാവരും ഏതു ജോലിയിൽ മുഴുകിയിരിക്കുകയാണെന്നു് ആരറിഞ്ഞു. നിങ്ങൾ ആരുമില്ലാതെ ഞാനൊറയ്ക്കു് എന്തു ചെയ്യും? അടുത്ത മിററി ഗ് ഫാഷിസത്തിനെതിരായ സെമിനാറായിരിക്കും, അവസാനം നമ്മുടെ കൾച്ചർ."

ഉഷ അതിർകവിഞ്ഞു് ഉദാസീനയായിരുന്നു.

ഒരു രാഷ്ട്രം, ഒരു ജനത



ശാസ്ത്രപരീക്ഷണശാലയിൽ...

ഗവേഷകരോട്ടം വിദ്യാർത്ഥികളോടുമൊപ്പം എപ്പോഴും തിരക്കിലാണ് പ്രൊഫ. കപൂർ. അദ്ദേഹം ലക്ചറർ ആയി പൂനയിലെത്തിയ ഉടൻ തന്നെ ജനപ്രീതി യാർജ്ജിച്ചു. അദ്ദേഹം ആ പ്രദേശത്തെ സ്നേഹിക്കുന്നു. അദ്ദേഹത്തിന്റെ കുട്ടികളെ തടസ്സമില്ലാതെ മറാത്തി ഭാഷയിൽ സംസാരിക്കുന്നു.

അദ്ദേഹത്തിന്റെ സഹപ്രവർത്തകരും വിദ്യാർത്ഥികളും വ്യത്യസ്ത ഭാഷകളാണ് വീട്ടിൽ സംസാരിക്കുന്നത്. വ്യത്യസ്തമായ രീതിയിലാണ് വസ്ത്രധാരണം ചെയ്യുന്നത്. വ്യത്യസ്ത തരത്തിലുള്ള ക്ഷേണമാണ് കഴിക്കുന്നത്. പക്ഷെ, പരീക്ഷണശാലയിൽ അവർ ഒരു ഭാഷയാണ് സംസാരിക്കുന്നത്—ശാസ്ത്രത്തിന്റെ ഭാഷ.

വിജ്ഞാനത്തിനു പ്രതിബന്ധങ്ങളില്ല

...ിക്കുന്നത് അലസ മനസ്കരിലാണ്. അവയെ മാറ്റാൻ സമയായിക്കു

"കൽച്ചറിന്റെ പുരോഗതിയ്ക്കുവേണ്ടി ഞാൻ പ്രവർത്തിക്കും ഉഷേ!" ഞാൻ ആദ്യമായി അവളുടെ തോളിൽ തലവച്ചു. "ഗീത എന്നോട് എന്താണ് ചെയ്തതെന്നു നിനക്കറിയാമോ? അവൾ ആത്മഹത്യചെയ്യാനുറച്ചു."

"എന്തു?" ഉഷ ഞെട്ടി. പിന്നീട് എന്നെ പിടിച്ചുതള്ളി.

"അന്നു രാത്രി ഞാൻ ഇവിടെനിന്നു വീട്ടിൽ ചെന്നപ്പോൾ ഉഷ എന്റെ കിടക്കയിൽ കമിഴ്ന്നുകിടക്കുകയായിരുന്നു. അടുത്തു് എന്റെ ബീയറിന്റെ കുപ്പിയും ഉറക്കഗുളികകളുടെ ഡബ്ബിയും ഒഴിഞ്ഞുകിടന്നിരുന്നു."

"അയ്യോ എന്നിട്ട്?" ഉഷ ഉല്ലണ്ണാകുലയായിത്തീർന്നു.

"അല്പംകൂടി താമസിച്ചിരുന്നെങ്കിൽ ഗീതയുടെ കഥ കഴിയുമായിരുന്നു, സൗഭാഗ്യവശാൽ ഹോസ്റ്റലിലെ എമർജൻസി വാർഡിൽ എല്ലാം തയ്യാറുണ്ടായിരുന്നു." പിന്നീടൊന്നും പറയാൻ എനിക്കു സാധിച്ചില്ല,

"എന്തിനു?" ഉഷ സിഗററു കത്തിച്ചു,"

"നിങ്ങൾ എന്നെ അവഗണിയ്ക്കാൻ തുടങ്ങിയിരിക്കുന്നു. എനിയ്ക്കതു സഹിക്കാൻ സാധിക്കുകയില്ല."

ഉഷ മുഖം വികൃതമാക്കി. "ഈ സ്ത്രീകൾ ഭർത്താക്കന്മാർക്കൊരു ശാപമായിത്തീർന്നിരിക്കുന്നു. ഭർത്താക്കന്മാർ രാപകൽ അവരുടെയടുത്തുണ്ടായിരിക്കണം. ലോകത്തിനു തീപിടിച്ചാലുംശരി."

"അടുത്തിരുന്നാലുംപോര! അവരുമായി സല്ലപിച്ചുകൊണ്ടിരിയ്ക്കുകയുംവേണം. അല്ലെങ്കിൽ അവൾക്കു ജീവിതംവ്യർത്ഥമായിത്തോന്നും." ഞാൻ മന്ദഹസിച്ചു.

ഉഷ സിഗറററിന്റെ കുറ്റി ആഷ്ട്രേയിൽ നിക്ഷേപിച്ചു. പിന്നീടു മേലോട്ടു നോക്കി, പതിഞ്ഞ സ്വരത്തിൽ ചോദിച്ചു. "നിങ്ങളും ഗീതയെ പ്രേമിയ്ക്കുന്നുണ്ടോ?"

എന്റെ വിരലിന്നിടയിലിരുന്ന പുക ഞ്ഞുകൊണ്ടിരുന്ന സിഗററു വിറച്ചു. ഉഷയുടെ ചോദ്യത്തിനു് ഇല്ലെന്നു മറുപടിപറയാൻ ഞാൻ ശ്രമിച്ചു. പക്ഷേ ഗീതയുടെ ആത്മഹത്യയുടെ ഭയം എന്റെ ഹൃദയത്തെ ഉലച്ചുകൊണ്ടിരുന്നു. അവൾ മരിച്ചുപോയാൽ?

ആ ചോദ്യം സദാസമയവും എന്റെ മുമ്പിൽ ഉയർന്നുവന്നിരുന്നു.

തന്റെ ചോദ്യത്തിനു് മറുപടി ലഭിച്ചു എന്ന ഭാവത്തിൽ ഉഷ തലകുനിച്ചു. പിന്നീട്ടു് ആത്മഗതംചെയ്തു.

"ഗീത ഒരു 'ആത്മാർത്ഥതയുള്ളവളാണു്. നിന്റെ അവഗണന സഹിയ്ക്കാൻ അവൾക്കു കഴിഞ്ഞില്ല. നിങ്ങൾ അവളെ വളരെയധികം ദുഃഖിപ്പിച്ചിരിയ്ക്കും. മരിയ്ക്കുന്നതെപ്പോഴാണെന്നു് ആ പാവം എന്തറിഞ്ഞു?"

ഉഷ ഫിലോസഫി ചൊരിയാനാരംഭിച്ചു എന്നു് എനിയ്ക്കു മനസ്സിലായി.

പിറേറദിവസം ഉഷ എന്നെ ഫോണിൽ വിളിച്ചു. "വേഗം വരൂ! സുഭദ്രാ ജോഷി മീറിംഗിൽ പങ്കെടുക്കാമെന്നു് സമ്മതിച്ചിട്ടുണ്ടു്. അവരുടെ കത്തു് ലഭിച്ചു."

പക്ഷേ എനിയ്ക്കു് പോകാൻ സാധിച്ചില്ല.

മൂന്നാം ദിവസം ഉഷ വീണ്ടും ഫോൺ ചെയ്തു.

"അടുത്ത മീറിംഗിന്റെ തീയതി ഏതായിരിയ്ക്കും?"

വൈകുന്നേരം വരാമെന്നു് ഞാൻ ഉറപ്പുകൊടുത്തു. പക്ഷേ അന്നു് എന്റെ മകന്റെ ജന്മദിനമായിരുന്നു. നാലാംദിവസം ഉഷ എനിയ്ക്കയച്ച കത്തിൽ കൽച്ചറിന്റെ പേരിൽ എന്റെ ശ്രദ്ധ ക്ഷണിച്ചിരുന്നു, അതിനാൽ ഞാൻ മനോഹരമായ ശൈലികളുടെ അനേഷണത്തിൽ വ്യാപൃതനായി. ഫിലോസഫിയും കവിതയും തുളിമ്പിനില്ക്കുന്ന ആ കത്തിനു് മനോഹരമായ ശൈലിയിൽ മറുപടി നല്കണമല്ലോ!

അഞ്ചാംദിവസവും ഉഷ എനിയ്ക്കു് ഫോൺചെയ്തു. "ഇന്നു് എനിയ്ക്കു് ശക്തിയായ ജലദോഷമാണു് ഗോപാൽ! ഞാനിന്നു് യൂണിവേഴ്സിറിയിലും പോയില്ല. ശരീരം വല്ലാതെ വേദനിയ്ക്കുന്നു. രാവിലുതൽ ഇതേവരെ ഒന്നും കഴിച്ചിട്ടില്ല.

ഞങ്ങൾ ഷോപ്പിംഗിനു് പോകുകയായിരുന്നു. ഗീത എന്റെ പാർശ്വത്തിൽ

(ശേഷം-47ൽ)

കെ. ജി. സേതുനാഥ്

നഷ്ടയാമം

ടാക്സിയിൽനിന്നിറങ്ങുമ്പോൾ ഒരു വിചാരമേയുണ്ടായിരുന്നുള്ളൂ. റൂമിൽ എത്തിയാലുടൻ ഭംഗിയായി ഒന്നു കുളിക്കുക. ജാം പുരട്ടിയ നാലുപീസ് ബ്രഡ്ഡും ഒരുഗ്ലാസ്സു പാലും കഴിച്ചിട്ടു ഒന്നു വ്ശ്രമിക്കണം. അതുകഴിഞ്ഞിട്ടേ പത്രംപോലും വായിക്കുന്നുള്ളൂ.

ലിഫ്റ്റിൽ കയറിയപ്പോൾ ഓപ്പറേറർ ചോദിച്ചു.

"സാറിന്റെ റൂം നമ്പർ?"

"എൺപത്തിഒന്നു്"

ലിഫ്റ്റ് ഉയർന്നുകൊണ്ടിരുന്നപ്പോൾ മുകത തോന്നിയിട്ടാകണം ഓപ്പറേറർ വീണ്ടും ചോദിച്ചു

"സാറിന്റെ സ്വദേശം?"

"തിരുവനന്തപുരം"

"ഇവിടെ?"

"നാളെ സന്തോഷ്ട്രോഫി ആരംഭിക്കയല്ലേ. എന്റെ പത്രത്തിലേക്കു റിപ്പോർട്ടു് തയ്യാറാക്കി അയക്കാൻവന്ന പത്രപ്രതിനിധിയാണു് ഞാൻ. പേരു രാജാരാമൻ ഏറ്റവും വലിയ ഹോട്ടലിൽ താമസിക്കണമെന്നാ മനേജ്മെൻറിന്റെ നിർദ്ദേശം. അതുകൊണ്ടിവിടെ വന്നു."

ലിഫ്റ്റ് ഓപ്പറേറർ ചിരിച്ചു. നാലാമത്തെ നിലയിൽ ലിഫ്റ്റുനിന്നു. സൂട്ട്കേസും, റെയിൽവേസ്റ്റേഷനിൽനിന്നു വാങ്ങിയ പത്രമാസികകളുമായി ഞാൻ ലിഫ്റ്ററിൽനിന്നിറങ്ങി എൺപത്തി ഒന്നാംനമ്പർ മുറിനോക്കിനടന്നു

ജാംപുരട്ടിയ റൊട്ടിക്കും, പാലിനും ഫോൺചെയ്തശേഷം ബാത്ത്റൂമിൽ കയറി വിസ്തരിച്ചു ഒരു കുളി പാസ്സാക്കി എന്നിട്ട തലചീകി, പൗഡർപൂശി, പുതിയൊരുടുപ്പുമിട്ടു, എന്റെ ഒരു ദൗർബല്യമായി മാറിക്കഴിഞ്ഞ "അത്തർ" കഴുത്തു രണ്ടു കക്ഷങ്ങളിലും തേയ്ച്ചുകഴിഞ്ഞപ്പോൾ ജീവിതത്തിൽ ഒരു ശുദ്ധികലശം നടന്ന പ്രതീതിതോന്നി.

പാലും റൊട്ടിയും കൊണ്ടുവന്ന സെർവൻറുബോയ് വാതിലിൽ തട്ടിയപ്പോൾ വിളിച്ചു പറഞ്ഞു. "കമിൻ."

തട്ടം മേശപ്പുറത്തുവച്ചിട്ടു് ബോയ് പറഞ്ഞു.

"നല്ല സുഗന്ധം— ഈ മുറിയിൽ"

"മ്. എന്താ, സുഗന്ധം ഇഷ്ടമില്ലേ?"

"ഇഷ്ടമാണുസാർ. രണ്ടുമുറിയിലെ ഈ സുഗന്ധമുള്ളൂ. ഒന്നു അറുപതിൽ കേണലിന്റെ ഭാര്യ താമസിക്കുന്ന മുറിയിൽ പിന്നെ ഈ മുറിയിൽ."

അവൻ പറഞ്ഞപ്പോൾ ഹൃദയത്തിലെ വിടാക്കെയോ ഉടക്കുവീണു. കേണലിന്റെ ഭാര്യ? അവരുടെ മുറിയിലും ഇതേ സുഗന്ധം? കേണലിന്റെ ഭാര്യ എന്തിനു ഹോട്ടലിൽ താമസിക്കുന്നു?

എങ്കിലും അവനോടു ചോദിച്ചില്ല. അറുപതാംനമ്പർ മുറി എവിടെയാണെന്നു് മനസ്സുകൊണ്ടു് ഒന്നു സങ്കല്പിച്ചുനോക്കി. പിടികിട്ടിയില്ല.

പാലും റൊട്ടിയും കഴിച്ചിട്ടു് വിശ്രമിക്കാൻ കിടന്നപ്പോഴും മനസ്സിൽ അറുപതാംനമ്പർ മുറിയും, സുഗന്ധവാഹിയായ കേണലിന്റെ ഭാര്യയും മായാതെനിന്നു.

മയക്കം കൺപീലികളിൽ ഇഴഞ്ഞുനടക്കാൻ തുടങ്ങിയപ്പോഴാണു് വാതിലിൽ മൃദുവായി ഒരു തട്ടുകേട്ടു. ഒന്നു തലയുയർത്തി അനക്കമില്ല. വീണ്ടും കിടന്നപ്പോൾ വീണ്ടും തട്ടി.

"ആരാ അതു്?" ചോദിച്ചു. ശബ്ദമില്ല. തോന്നലായിരിക്കുമെന്നു കരുതി കണ്ണടച്ചു. ഇല്ല. തോന്നലല്ല. വീണ്ടും തട്ടുന്നു

എണീറ്റ് വാതിൽ തുറന്നു. ങേ ഹേ: ആരുമില്ല. പിന്നേയും വന്നുകിടന്നപ്പോൾ ആ മൃദുവായ തട്ടൽ. ദേഷ്യം ചിറകടിച്ചെങ്കിലും ശബ്ദം കേൾക്കാതെ മെല്ലെ സാക്ഷനീക്കി വാതിൽപടിയിൽ പിടിച്ചുനിന്നു. ഏതാനുംനിമിഷം കഴിഞ്ഞപ്പോഴുണ്ടു് അതേ മൃദുവായതട്ടു്. പെട്ടന്നു് വാതിൽ വലിച്ചുതുറന്നപ്പോഴുണ്ടു് അഞ്ചുവയസ്സിനുംകുറഞ്ഞ പ്രായമുള്ള അതിമനോഹരിയായ ഒരു പെൺകുട്ടി ചിരിച്ചുകൊണ്ടു കൈകൊട്ടുന്നു.

"അങ്കിൾ നമസ്തേ" അവൾ പറഞ്ഞു.

കാലിൽ കിലുങ്ങുന്ന സ്വർണ്ണക്കൊലുസും, കയ്യിൽ സ്വർണ്ണവളകളും, കഴുത്തിൽ വെളുത്ത പവിഴമാലയുമുള്ള പെൺകുട്ടി. ചുവന്ന റിബൺകൊണ്ടു് തോളുവരെ വെട്ടിവിട്ട തലമുടി കെട്ടിവച്ചിട്ടുണ്ടു്. കണ്ണുകളിൽ കുസൃതിയോ, കവിതയോ എന്നു് സംശയം. എങ്കിലും കറുത്ത മഷികൊണ്ടു വാലിട്ടെഴുതീട്ടുണ്ടു്.

"നമസ്തേ."

അറിയാതെ ഞാനും പറഞ്ഞുപോയി. "മോളാണോ വാതിലിൽ മുട്ടിയതു്".

"അതേ"

"എന്തിനുമുട്ടി?"

"മുട്ടിയാൽ തുറക്കുമോന്നറിയാൻ"

അതിലോലമായ ചെഞ്ചുണ്ടുകൾ വിടർത്തി കൊഞ്ചികൊണ്ടവൾ പറഞ്ഞു. എന്നിട്ട മണികിലുക്കംപോലെ പൊട്ടിച്ചിരിച്ചു,

"അകത്തുവരൂ" ഞാൻ ക്ഷണിച്ചു.

"ഞാൻ മമ്മിയോടു ചോദിച്ചിട്ടുവരാം. അങ്കിളിന്റെ പേരെന്താ?"

"രാജാരാമൻ"

"ദശരഥന്റെ പുത്രനോ?"

വാരിപ്പുൽകി കടിച്ചുമുറിക്കണമെന്നു തോന്നി. ആ കുസൃതിക്കുടുക്കയേ. അഞ്ചുവയസ്സു തികഞ്ഞിട്ടില്ല. അവൾ പറഞ്ഞ

തു കേട്ടില്ലേ. രാജാരാമൻ എന്നുപറഞ്ഞപ്പോൾ— ദശരഥന്റെ പുത്രനോയെന്നു്.

അവൾ തങ്കക്കൊലുസ്സുകിലുക്കി പടപടാ ഓടിപ്പോയി. അതേസ്പീഡിൽ തിരിച്ചുവന്നു പറഞ്ഞു.

"ഒരുവേള മമ്മി അനുവദിച്ചില്ലെങ്കിൽ ഞാൻ വരില്ലട്ടോ. അങ്കിൾ പരിഭവിക്കരുതു്. എന്നോടു മറ്റൊന്നും തോന്നരുതു്. ഇനി ഒരിക്കൽ കാണാം."

നിർവികാരതയോ, വികാരനിർഭരതയോ എന്നെ ആവരണം ചെയ്തിരുന്നതെന്നു് എനിക്കറിഞ്ഞുകൂടാ. ഏതായാലും വീണ്ടും ഞാൻ റൂമിന്റെ വാതിൽ സാക്ഷയിട്ടില്ല. ഇനിയും വാതലിൽ തട്ടി ആ പിഞ്ചുവിരൽ നോവരുതല്ലോ.

"ദൈവമേ, അവളുടെ മമ്മി അനുവദിക്കണേ" അറിയാതേ പ്രാർത്ഥിച്ചുപോയി

പ്രാർത്ഥന ഫലിച്ചുവെന്ന മനസ്സിലായി. അവൾ കൊലുസ്സു് കിലുക്കി, ചെരിപ്പുകൾ പടപടാ ശബ്ദിക്കുമാറു വീണ്ടും വന്നു. ഇത്തവണ അവൾ നേരേ അകത്തേക്കുവന്നിട്ടു പറഞ്ഞു.

"അങ്കിളിനു് മാനേഴ്സ് അറിയില്ല" ഞാൻ ഞട്ടങ്ങി. എട്ടുംപൊട്ടുംതിരിയാത്ത ഞാറുങ്ങിണിപ്പെണ്ണു്. അഞ്ചുവയസ്സു് ആയിട്ടില്ല. മുപ്പത്തിനാലുവയസ്സുള്ള ഇന്ത്യയിലെ ഏററവും വലിയൊരു പത്രത്തിന്റെ റിപ്പോർട്ടറായ എന്നോടുപറയുന്നു എനിക്കു് മാനേഴ്സ് അറിയില്ലെന്നു. ഞടുക്കം പുറത്തുകാണിക്കാതെ ഞാൻ ചോദിച്ചു.

"എന്താ മോൾ അങ്ങിനെ പറഞ്ഞതു്?"

"അങ്കിളിന്റെ പേർ ഞാൻ ചോദിച്ചു. അങ്കിൾ എന്തുകൊണ്ടു എന്റെ പേർ ചോദിച്ചില്ല?"

ഞാൻ ക്ഷമാപണത്തോടെ അവളുടെ താടിക്കു കിഴക്കിയിട്ടു ചോദിച്ചു.

"എന്താ മോടെ പേരു്?"

'സിന്ധു സിന്ധു എന്നു പറഞ്ഞാൽ അർത്ഥമറിയാമോ! കടൽ. സിന്ധു എന്നൊരു നദിയുമുണ്ടു്. എന്റെ ഡാഡിയുടെ പേർ കേണൽ അമർനാഥ്. മമ്മിയുടെ പേർ ലീലാവതി ഡാഡി യുദ്ധക്കപ്പലിലാണു്. ഡാഡിയുടെ ഷിപ്പു് പോർട്ടിൽ ഉടനെ വരും. അപ്പോൾ ഞങ്ങൾ ഷിപ്പിൽ പോകും. രണ്ടുദിവസം ഷിപ്പിൽ താമസിക്കും. പിന്നെ തിരിച്ചു വരും,"

അങ്ങോട്ടു ഒന്നും ചോദിക്കാതെതന്നെ അവൾ ഒരു വിവരണം തന്നു.

'ഓ, ഹോട്ടൽബോയി പറഞ്ഞ കേണലിന്റെ ഭാര്യയുടെ മകളാണു് ഈ കുട്ടി. മുറിയിൽ സുഗന്ധമുള്ള രണ്ടു റോസുകളിൽ ഒന്നു് ഈ പിഞ്ചോമനയുടേതാണു്. ഞാൻ മനസ്സിൽ കരുതി.

കുട്ടിയുടെ നാവു വെറുതേ കിടന്നില്ല. അവൾ ഒരു ഇംഗ്ലീഷ് പാട്ടുപാടിയിട്ടു പറഞ്ഞു.

"ഇതു പോൾ റോബ്സൺ പാടിയിട്ടുള്ളതാണു്.അങ്കിളിനറിയാമോ!അവൾ ചില തമാശകൾ പൊട്ടിച്ചു. എനിക്കതോന്നി അവൾക്കു് അഞ്ചും, പത്തും വയസ്സല്ല. അതിലും കൂടുതൽ കാണണം.

മൊറാർജി മൂത്രം കുടിക്കുമെന്നു പറഞ്ഞതു ശരിയാണോ" എന്നവൾ എന്നോടു ചോദിച്ചു. ആന്ധ്രയിലെ കൊടുങ്കാററിന്റെ ഭീകരത ഒരു ടുക്സാക്ഷിയെപ്പോലെ അവൾ വർണ്ണിക്കുകയും. നിരുക്തകണ്ഠയായി നിറുത്തുകയുംചെയ്തു. തലമുറകളുടെ ബുദ്ധിപരമായ വളർച്ചയെ ഞാൻ മനസ്സാ വാഴ്ത്തി.

"അങ്കിൾ മമ്മി ചിലപ്പോഴൊക്കെ കിടന്നു കരയും. ഡാഡി വരാമെന്നു പറഞ്ഞിട്ടു ഇതേവരെ വന്നില്ല — വരു അങ്കിൾ എന്റെ മമ്മിയെ പരിചയപ്പെടണ്ടേ?,വരു."

"ഇല്ല മോളേ. നാളെ പരിചയപ്പെടാം."

"നാളെ അങ്കിളു് ബിസ്സിയായിരിക്കും. ട്രോഫി തുടങ്ങുന്ന ദിവസമല്ലെ ഇപ്പോൾ വരു ഈ പത്രങ്ങൾ എടുത്തുകൊള്ളൂ. മമ്മിക്കു വായിക്കാൻ കൊടുക്കാമല്ലോ. വരു "

'എന്നാൽ മമ്മിയോടു ചോദിച്ചിട്ടുവരു. അങ്കിൾ കാണാൻ വരട്ടോയെന്നു്. ചോദിച്ചില്ലെങ്കിൽ മോളു പറഞ്ഞപോലെ മമ്മിയും പറയും അങ്കിളിനു് മാനേഴ്സ് ഇല്ലെന്നു്.'

അവൾ പൊട്ടിച്ചിരിച്ചുകൊണ്ടു ഓടിപ്പോയി ഏതാനും മിനിററു കഴിഞ്ഞപ്പോൾ എന്റെ ഫോൺ ശബ്ദിച്ചു

"ഹലോ, റൂംനമ്പർ എയിററിവൺ?" മധുരമുള്ള ഒരു സ്ത്രീസ്വരം.

"അതേ. ആരാണു സംസാരിക്കുന്നതു്?"

(ശേഷം 48–ൽ)

ഉരുൾപൊട്ടുംപോലെ മലയോരത്തുനിന്നു് സമതലത്തിലേയ്ക്കു പരാശരൻ പടയിറങ്ങി. പരാശരന്റെ പിറകെ വിപ്ലവത്തിന്റെ സൈന്യം പെരുകി. മുന്നിലുള്ളതെല്ലയും തട്ടിത്തകർത്തുനീങ്ങിയ സൈന്യത്തിന്റെ മുൻനിരയിൽ മന്ദാകിനിയും ശ്രീലതയും ഘൃണിയും പാടുകയും ആടുകയും ചെയ്തു. സൈന്യത്തിന്റെ അണികളിൽ സുന്ദരന്മാരും സുന്ദരികളും ഇണചേർന്നു സ്നേഹിച്ചു.

സിദ്ധാർത്ഥ, എന്റെ രാജാവേ, പരാശരൻ പറഞ്ഞു, എനിക്കു മാപ്പുതരിക എനിമ്മിക്കിതു തടയാൻ വയ്യ.. ഗ്രാമങ്ങൾ, പട്ടണങ്ങൾ, പിന്നെ പ്രാജ്യരക്ഷാമന്ത്രി ഹയവദനൻ കരഞ്ഞുകൊണ്ടു് തന്റെ ഭാര്യയുടെ കാലിൻചോട്ടിൽ കിടന്നു. നിയമസഭയിൽ കമ്മ്യൂണിസ്റ്റുകാർ ഭരണകക്ഷിയംഗങ്ങളുടെ കാലിൻചോട്ടിൽ കിടക്കുന്നതു് അവർക്കോർമ്മവന്നു. അവൾ പരവതാനിയിൽ കാർക്കിച്ചുതുപ്പി.

"പ്രിയംവദേ, ഒന്നു"—" ഹയവദനൻ പറഞ്ഞുതുടങ്ങി.

"ഛെ!" പ്രിയംവദ പറഞ്ഞു.

ഹയവദനൻ പേടിച്ചുപോയി. അയാൾ പതുക്കെ തന്റെ ഉടയാടകളഴിച്ചു് ചുണ്ടുവിടർത്തി പെണ്ണിന്റെ കാൽക്കലിരുന്നു.

"എന്തുവേണമെടാ, തുപ്പുകാരാ?" അവൾ ചോദിച്ചു.

ഹയവദനൻ വിതുമ്പി.

"ഒന്നു"—"

"ഛെ!"

ഹയവദനൻ മൂത്രമൊഴിച്ചു.

"നീ എന്റെ പരവതാനി നാററിച്ചു, ശ്മശ്രുവേ," അവൾ പറഞ്ഞു. "ഇതെനിക്കു പഴയ രാജ്യരക്ഷാമന്ത്രി രാമണ്ണാൻ, തുപ്പുകാരനായ നിന്റെ മുൻഗാമി. തന്നതായിരുന്നു. കഷ്ടം, അതു നനഞ്ഞു നാശമായി."

അവൾ ഇത്തിരിനേരം ചിന്തയിലാണ്ടു, എന്നിട്ടു് തന്നോടുതന്നെ പറയുംപോലെ പറഞ്ഞു.

"ഇതുപോലെ ഒരു പരവതാനിയുണ്ടു് ഇരുപത്തിരണ്ടു് വേശ്യയും പടനായകനും

ഒ. വി. വിജയൻ

വിശ്യകൾ, അങ്ങിനെ ധർമ്മപുരിയും പരാശരനു വഴങ്ങുമെന്നു തോന്നി. ഏതാനും നിമിഷത്തേയ്ക്കു ധർമ്മവാണി പിടിച്ചുപററിയ പരാശരൻ ധർമ്മപുരിക്കാരോടു സംസാരിച്ചു. "പ്രിയമുള്ളവരേ, എന്താണു നിങ്ങൾക്കുവേണ്ടതു്? നിങ്ങളുടെ ഉടലുകൾക്കും, മനസ്സുകൾക്കും?" പ്രക്ഷേപിണിയിലൂടെ രാഷ്ട്രപതിയുടെ വളിയും ഊറലും മാത്രം കേട്ടശീലിച്ച ജനങ്ങൾ പരാശരന്റെ വാക്കുകൾ കേട്ടു.,.

ചന്ദ്രപുരാണം

ഞ്ഞു, "അധമകീടങ്ങൾ! "ഛെ" എന്നു പറഞ്ഞാൽ ഒന്നുകിൽ ഇരും അല്ലെങ്കിൽ മൃത്യുമൊഴിഞ്ഞും. ഇങ്ങിനെ വിരണ്ടോടുന്നവക്കും മൃത്യുമൊഴിഞ്ഞുന്നവർക്കും മാത്രമേ മറ്റുമനുഷ്യനെ മർദ്ദിയ്ക്കാൻ കഴിയുകയുള്ളായിരിയ്ക്കാം. അവക്കുമാത്രമേ സാധാരണമനുഷ്യരെ, ബുദ്ധിമാന്ദ്യമില്ലാത്തവരെ, അടക്കിഭരിയ്ക്കാൻ വെയ്ക്കൂ എന്നതാവണം പ്രകൃതിനിയമം. ഥൂ!"

തന്റെ കൈയ്യിലിരുന്ന മദ്യം ചഷകം അവളാ മൃത്യുത്തിന്റെ പാടിൽ എറിഞ്ഞുടച്ചു.

"അല്ലെങ്കിലെന്തിനു് ഈ അടുക്കളക്കാരനെപഴിയ്ക്കുന്നു," അവൾ ഉടനു. "രാമണപാൻ എന്ന അതികായകൻ ആവന്റെ ഒരുദിവസത്തെ വൈകൃതത്തിനുവേണ്ടി എനിയ്ക്കു സമ്മാനിച്ച പരവതാനിയാണിതു്. അതിങ്ങിനെത്തന്നെ നശിയ്ക്കട്ടെ. അന്നൊരുദിവസം എന്നെ ഭോഗിച്ചുശേഷം ആ തെണ്ടിയ്ക്കു് എന്റെ മുലകളിലും അടിവയറിലും മൃത്യുമൊഴിയ്ക്കണമെന്നായി. രാജ്യരക്ഷയാണെന്നു കരുതി ഞാൻ സമ്മതിച്ചു. ഏതെങ്കിലും ജീവചരിത്രകാരൻ ഇതൊക്കെ പകർത്തുമോ? ഏതായാലും ആ മൃത്യുമൊഴിച്ചവകയ്ക്കുകിട്ടിയ പരവതാനി ഇങ്ങിനെത്തന്നെ അഴുക്കാവുന്നതിൽ ഒരു നീതിയുമില്ലാതില്ല."

പ്രിയംവദ വീണ്ടുമൊരു മദ്യചഷകം അതിന്മേലെറിഞ്ഞുടച്ചു. പിന്നെ മഷിക്കുപ്പികൾ, നെയ്യിൻകുടങ്ങൾ, കണ്ണിമാങ്ങഭരണികൾ എന്നിവയും അതിന്മേൽ എറിഞ്ഞുടച്ചു. എന്നിട്ട ഉടയാടകൾ വലിച്ചു ചീന്തിയെറിഞ്ഞു് തലമുടി പിച്ചിച്ചീന്തിവിടർത്തി, അവൾ ആ മൃത്യുത്തിനും ചവറിനും മുകളിൽ കുത്താടി. അവളുടെ നഗ്നതകണ്ടു കണ്ണഞ്ചിയ ഹയവദനൻ ഉണർന്നവനായി അവളുടെ ചുറ്റും നടന്നു.

"എടാ അടുക്കളക്കാരാ," പ്രിയംവദ പറഞ്ഞു, എന്നെ തൊട്ടുപോകരുതു്"

"ഒന്നു്—"

അവൾ നൃത്തം നിർത്തി. അവൾ രാജ്യരക്ഷാമന്ത്രിയുടെനേക്കു് ഒരുകാൽ നീട്ടിപ്പിടിച്ചു.

"ഇന്നാ—"

ഹയവദനൻ മുട്ടുകുത്തിയിരുന്നു് ആ കാലിലെ പെരുവിരലു് ഉറിഞ്ചിക്കുടിച്ചുതുടങ്ങി. പെരുവിരലിന്റെ മിനുത്ത തൊലിപ്പുറമെ തടിച്ച ചുണ്ടുകളുടെ മിനുത്ത സ്പർശം അവൾക്കിഷ്ടപ്പെട്ടു. കൂനിക്കൂടിയിരുന്ന ഹയവദനന്റെ തടിച്ച പെൺചന്തിയുടെ കാഴ്ച അവളെ അറപ്പിച്ചു. മന്ത്രിസഭയുടെ ചന്തികളതുപോലെ അവളോർത്തു. അവയിൽ ഏതുയെണ്ണം സ്വവർഗ്ഗസംഭോഗികളാണതു്? സ്വവർഗ്ഗസംഭോഗത്തിനു്വിധേയരായി നേതൃത്വത്തിലേയ്ക്കുയർന്നവരെത്രപേർ? സ്റ്റാലിന്റെ സ്വവർഗ്ഗപ്രേമഭാജനമായിരുന്നപോൾ തടിച്ചുരുണ്ടു് പെൺമുഖമുള്ള മലങ്കോവു്? ഈ അധമതയെല്ലാം ഒരുമിച്ചുചേർത്താൽ ലോകരാഷ്ട്രീയമായി. അതിൽ ഹൃദയങ്ങളും മനസ്സുകളുമുണ്ടായിരുന്നില്ല. കേവലം ചന്തികൾ മാത്രം. പരമമായ അധമതയേറുവാങ്ങുന്ന ചന്തികൾ. ചന്തികൾക്കിടയിലെ പൂങ്കവിളുകളിൽ ഇത്തിരി ഇഴുകിപ്പറ്റിയ തീട്ടം പ്രിയംവദ ആ പരവതാനിയിൽ ഛർദ്ദിച്ചു.

ദൂരഭാഷിണിയുടെ മണിയടിച്ചു അവൾ യന്ത്രം പൊക്കി ചെവിയിൽ വെച്ചു.

"ആരതു"?" അവൾ ചോദിച്ചു.

"രാഷ്ട്രപതിക്കുരയിൽനിന്നു്," മറുപടി.

"എറാൻ," അവൾ പറഞ്ഞു.

"രാജ്യരക്ഷാമന്ത്രിയെ രാഷ്ട്രപതി വിളിയ്ക്കുന്നു, അതിർത്തി സംഘർഷത്തിന്റെ കാര്യങ്ങൾ—"

"എറാൻ. ഉടൻ വരുന്നതായിരിയ്ക്കും."

അവൾ ദൂരഭാഷിണി വീണ്ടും അതിന്റെ സ്ഥാനത്തുവെച്ചു.

"എടാ, ഹയവദനാ," അവൾ പറഞ്ഞു, "നിന്നെ നിന്റെ ശ്രേഷ്ഠമുത്തപ്പൻ വിളിയ്ക്കുന്നു. കൂടിയാലോചനയ്ക്കു്, എന്നുവെച്ചാൽ എന്തെന്നു നിനക്കറിയാമല്ലോ?"

രാജ്യരക്ഷാമന്ത്രി എന്തോ ഓർത്തുകൊണ്ടു് തന്റെ തടിച്ച ചുണ്ടുകൾ വിടർത്തി.

"നിനക്കു ബുദ്ധിയുണ്ടു്," അവൾ പറഞ്ഞു.

അവൾ പിന്നെയും പളുങ്കുപാത്രങ്ങളും കലാവസ്തുക്കളും സ്ഫടികശില്പങ്ങളും ആ പരവതാനിപ്പുറത്തു് എറിഞ്ഞുടച്ചു. പിന്നെ മേശപ്പുറത്തു് അലങ്കരിച്ചുവെച്ച പുസ്തകക്കൂട്ടിലിരുന്ന ഭരണഘടനാഗ്രഥ്നമെടുത്തു് പിച്ചിച്ചീന്തി വലിച്ചെറിഞ്ഞു. പിന്നെ ദേശീയ പതാക നാരുനാരായിച്ചീന്തി.

"നീ പോകുന്നില്ലേടാ, ഭ്രണമേറും ഭർത്താവേ, ആൺവേശ്യേ?" അവൾ ചോദിച്ചു.

മങ്ങിയ കണ്ണുകൾ അവളിൽത്തന്നെ പതിപ്പിച്ചു് ഹയവദനൻ അവളുടെ പിന്നാലെ നടന്നുതിരിഞ്ഞു.

"ഒന്നു"—"

ഛെ!"

"അയ്യോ!"

"വേഗം ചെല്ലു്," അവൾ പറഞ്ഞു. "ചെന്നു് ദേശസേവനമനുഷ്ഠിയ്ക്കു്. അതിത്തിയിൽചെന്നു്, ആരെയെങ്കിലും പ്രാഥമിക പാഠശാലയിലെ തിരഞ്ഞെടുപ്പിൽ ജയിപ്പിയ്ക്കാൻ മാത്രമായിട്ടു്, വെടികൊണ്ടു ചത്തു് വീരശൃംഘല നേടുന്നതിനെക്കാൾ സത്യസന്ധമാണല്ലോ നിന്റെറയീ സേവനം."

തന്റെ എഴുന്നലിംഗം കൈയ്യിൽ പിടിച്ചുകൊണ്ടു് ഹയവദനൻ വാതിലിനുനേരെ തിരിഞ്ഞു. അപ്പോഴാണു് വാതിൽ തുറന്നതു്. തുറന്ന വാതിലിലൂടെ ഒരു ഭടൻ പ്രവേശിച്ചു.

"നീയാണോടാ ഹയവദനൻ?" ഭടൻ ചോദിച്ചു.

ലിംഗം കൈയ്യിൽപിടിച്ചു് നഗ്നനായ രാജ്യരക്ഷാമന്ത്രി ഭടനെ നേരിട്ടു, "ഛെ! ധിക്കാരമോ?"

"സംസാരം നിർത്തു്!" ഭടൻ പറഞ്ഞു.

പ്രിയംവദ കൈയുടിച്ചു, "ആരവിടെ?"

"നിൽക്കു," ഭടൻ അവളോടു പറഞ്ഞു.

"നീയാരു"?" അവൾ ചോദിച്ചു.

"പരാശരന്റെ സൈനികൻ," ഭടൻ പറഞ്ഞു.

ഹയവദനനും പ്രിയംവദയും നിശ്ശബ്ദരായി. പാറാവുകാർ അമ്പരന്നുമാറിനിന്നു.

"നിശ്ശബ്ദം!" കൈയ്യയത്തി ഭടൻ പറഞ്ഞു. "സൈന്യാധിപൻ വരുന്നു!"

ഉഗ്രമായ കാൽവെപ്പോടെ പരാശരൻ കടന്നുവന്നു. പുറകെ പിന്നെയും ഭടന്മാർ.

"നീയാണോടാ ഹയവദനൻ?" പരാശരൻ ചോദിച്ചു.

ലിംഗം കൈയ്യിൽ പിടിച്ചുകൊണ്ടുതന്നെ ഹയവദനൻ മറുപടിപറഞ്ഞു, "രാജ്യരക്ഷാമന്ത്രി."

"ഛെ!" പരാശരൻ പറഞ്ഞു.

അതുകേട്ടു് ഹയവദനൻ നിന്നനില്പിൽ ഇരുന്നു. ലിംഗം താഴ്ന്നു. ഹയവദനൻ പിടിവിട്ടു.

ചന്ദ്രപുരാണം

"സുന്ദരീ, ക്ഷമിയ്ക്കണം," പരാശരൻ പ്രിയംവദയോടു പറഞ്ഞു. "ഞാൻ നിങ്ങളുടെ ഭർത്താവിനെ ഉറിയ്ക്കാൻ ഉദ്ദേശിച്ചിരുന്നില്ല."

അവൾ ഒന്നും പറയാതെ നിന്നു.

"പറയെടാ പട്ടീ," പരാശരൻ പറഞ്ഞു. "നീയല്ലേ ഹയവദനൻ?"

"എറാൻ," ഹയവദനൻ പറഞ്ഞു. "തടിച്ച ചുണ്ടുകളുള്ള ഹയവദനൻ, അല്ലേ?"

"രാജ്യരക്ഷാമന്ത്രി ഹയവദനൻ."

"ഛെ!"

തീട്ടം.

"ചോദിച്ചതു പറയെടാ."

"അതെ തടിച്ച ചുണ്ടുകളുള്ള ഹയവദനൻ."

"പെണ്ണിന്റെ ചന്തിയുള്ള ഹയവദനൻ, അല്ലേ?"

"അതെ, പെണ്ണിന്റെ ചന്തിയുള്ള ഹയവദനൻ."

അതു പറഞ്ഞുതീർന്ന രാജ്യരക്ഷാമന്ത്രി ആൺവേശ്യയുടെ നാണംകൊണ്ടു വിവശനായി.

"അടുക്കളക്കാരൻ, നിരക്ഷരൻ," പരാശരൻ തുടർന്നു ചോദിച്ചു "അല്ലേ?"

"അതെ. അടുക്കളക്കാരൻ, നിരക്ഷരൻ."

"പറയെടാ," പരാശരൻ പറഞ്ഞു, "സാമ്യവാദത്തിന്റെ പേരിൽ എത്ര അടുക്കളക്കാരെയും തടിച്ച ചുണ്ടുകളുള്ളവരെയും ഭാര്യമാരെ വിൽക്കുന്നവരെയും അദ്ധ്യാത്മകക്ഷി അതിന്റെ നേതൃത്വത്തിലേയ്ക്കുയർത്തിയിട്ടുണ്ട്?"

ഹയവദനന്റെ ഭാര്യ മുമ്പോട്ടു വന്നു.

"പരാശരാ," അവൾ പറഞ്ഞു, "അങ്ങ് ഈ മനുഷ്യനെ അവഗണിയ്ക്കുക.

ഞാൻ പറഞ്ഞുതരാം. നേതൃത്വത്തിലുള്ളവരെല്ലാംതന്നെ ഈ ഇനങ്ങളിൽപെടുന്നവരാണ്. മാത്രമല്ല, നേതൃത്വത്തിലേയ്ക്കുയരുന്നതുതന്നെ അങ്ങിനത്തെ ഇനങ്ങളായി. ശിക്ഷയുടെയോ അപഖ്യാതിയുടെയോ ഭീതിയില്ലാതെ, തുടരാൻവേണ്ടി മാത്രവുമാണ്. പരമാധികാരം പിടിച്ചുപററുന്നതും യുദ്ധംചെയ്യിയ്ക്കുന്നതുമൊക്കെ ഇപ്രകാരം മനുഷ്യരെ ഉപയോഗിയ്ക്കാനുള്ള സാഹചര്യം സൃഷ്ടിയ്ക്കുന്നതിനുവേണ്ടിയാണ്."

പരാശരൻ ചിരിച്ചു.

"പരാശരാ," അവൾ പറഞ്ഞു, "അങ്ങേയ്ക്കു മംഗളംഭവിയ്ക്കട്ടെ. അങ്ങയുടെ വിപ്ലവം ജയിയ്ക്കട്ടെ."

"സുന്ദരീ," പരാശരൻ പറഞ്ഞു, "നിനക്കെന്റെ സ്നേഹം."

അവൾ പരാശരനെ കെട്ടിപ്പിടിച്ചു. പരാശരൻ അവളുടെ നനഞ്ഞുവിടർന്ന വായിൽ മുത്തി.

"തീട്ടത്തിന്റെ സേച്ഛാധിപത്യത്തിനിടയ്ക്ക്," അവൾ പറഞ്ഞു, "ഇത്തിരി സുഗന്ധം."

മറുപടിയായി പരാശരൻ അവളുടെ മുലകളിലും നാഭിയിലും മുത്തി.

"ഇത്തിരി പൌരുഷം," അവൾ പറഞ്ഞു.

അയാൾ പതുക്കെ അവളുടെ കൈകൾ ചുററഴിച്ചു.

"എനിയ്ക്കു പോകണം," പരാശരൻ പറഞ്ഞു.

"പോവുക," അവൾ പറഞ്ഞു.

"ഞാൻ നിങ്ങളുടെ ഭർത്താവിനെ പിടിച്ചുകൊണ്ടുപോകും."

"കൊണ്ടുപോവുക, ഇത്തിരി നേരം മുമ്പ് രാഷ്ട്രപതിക്കുരയിലേയ്ക്കു പോകാനൊരുങ്ങുകയായിരുന്ന ഈ ആൺവേശ്യ."

പരാശരന്റെ സൈനികർ ഹയവദനനെ പിടിച്ചു.

"രാഷ്ട്രപതി —" ഹയവദനൻ പറഞ്ഞുനോക്കി.

"രാഷ്ട്രപതിയോ?" പട്ടാളക്കാർ ഉറക്കെച്ചിരിച്ചു. "ഏതു രാഷ്ട്രപതി?"

"അയ്യോ, പ്രിയംവദേ, എന്നെ രക്ഷിയ്ക്കൂ," ഹയവദനൻ, ധർമ്മപുരി യെന്ന മഹാരാജ്യത്തിന്റെ അപാരമായ യുദ്ധസന്നാഹങ്ങളുടെ മന്ത്രി, നിലവിളിച്ചു. "ഞാൻ നിന്നെ ഒന്നിനും ശല്യപ്പെടുത്തുകയില്ല. ഞാൻ നിന്റെ കാലിലെ പെരുവിരലുമാത്രം കടിച്ചുകൊള്ളാം."

"വിളിച്ചവഴിയ്ക്കു പോ, ആൺവേശ്യേ", പ്രിയംവദ ഉപദേശിച്ചു

പരാശരൻ ഒരുനിമിഷം ശങ്കിച്ചുനിന്നു. എന്നിട്ട് അയാൾ പറഞ്ഞു, "സുന്ദരീ എന്നോടു ക്ഷമിയ്ക്കുക."

"ക്ഷമിയ്ക്കാനൊന്നുമില്ലല്ലോ, പരാശരാ", അവൾ പറഞ്ഞു.

"നിങ്ങൾ ഒററപ്പെട്ടപോവുകയല്ലേ?" പരാശരൻ ചോദിച്ചു.

"ഇല്ല, പരാശരാ", അവൾ പറഞ്ഞു. "ഞാൻ വേശ്യത്തെരുവിലേയ്ക്കു മടങ്ങിപ്പോകുന്നു. എനിയ്ക്കു രാഷ്ട്രീയം മടുത്തു."

"വേശ്യത്തെരുവോ?" പരാശരൻ ചോദിച്ചു.

"അതെ. സ്നേഹമില്ലാത്ത സംഭോഗങ്ങളുടെ തെരുവ്."

"സുന്ദരീ", പരാശരൻ പറഞ്ഞു, "ഞങ്ങൾ വേശ്യകളെയത്രയും സ്വതന്ത്രകളാക്കിയല്ലോ."

പ്രിയംവദ വീണ്ടും പരാശരനോടടുത്തു. അയാളുടെ ആലിംഗനത്തിൽ ഒതുങ്ങിനിന്നു.

"എന്തുചെയ്യാം, പരാശരാ", അവൾ പറഞ്ഞു. "നമ്മുടെ മാർഗ്ഗങ്ങൾ വേറെയാണ്. നിങ്ങൾ വിജയിച്ചുകാണണമെന്ന ആശയോടെയാണിതു പറയുന്നതു. പക്ഷേ—"

പ്രിയംവദയുടെ മുഖം വാടി.

"പറയൂ", പരാശരൻ പറഞ്ഞു.

"പക്ഷേ, എന്റെ പിതൃക്കൾക്കായി ഞാൻ ദുഃഖിയ്ക്കുന്നു. ചരിത്രത്തിന്റെ കഴിഞ്ഞകാലങ്ങളിലത്രയും അനീതിയനുഭവിച്ചവരെ പെട്ടിച്ചുകൊണ്ട് ഞാൻ ഒരു നീതിയും സൌഖ്യവും കൊതിയ്ക്കുന്നില്ല,"

"നാം സ്വാർത്ഥതകൊണ്ടല്ലല്ലോ ഇതൊന്നും ചെയ്യുന്നതു", പരാശരൻ പറഞ്ഞു. "നീതിയ്ക്കുവേണ്ടിയുള്ള സമരം ധർമ്മത്തിന്റെ സമരമല്ലേ?"

"പടനായകാ, അങ്ങേയ്ക്കിതു മനസ്സിലാവില്ല", അവൾ പറഞ്ഞു. "അനീതിയുടെ ബന്ധനത്തിൽ മരിച്ചുജീർണ്ണിച്ച എന്റെ പിതൃക്കളെ നീതിയുടെ വിജയം ദുഃഖിപ്പിയ്ക്കുകയേയുള്ള. അവർക്കിനിയൊരു ജീവിതമുണ്ടോ?ഇല്ല. ഞാൻ നീതി കൈപ്പററുമ്പോൾ അവരുടെ മുറിവുകളെ പിന്നെയും വേദനിപ്പിയ്ക്കുകയാവില്ലേ?

"പ്രിയംവദേ", പരാശരൻ നിരാശനായി ചോദിച്ചു, "നിങ്ങൾക്കു പുനർജന്മത്തിൽ വിശ്വാസമില്ലേ?"

"പുനർജന്മമുണ്ടെങ്കിൽ പിന്നെ നാമെന്തിനു പാടുപെടണം? രാഷ്ട്രപതിയും ഹയവദനനും എല്ലാം കീടവും പുനർജന്മപരമ്പരയിൽ കൂളിച്ചു വെടിപ്പുവന്ന പരിവർത്തനം പ്രാപിയ്ക്കുമല്ലോ. വിപ്ലവത്തിന്റെ ചുമതലകൾ പുനർജന്മം ഏറെടുക്കുമല്ലോ."

"എനിയ്ക്കു മനസ്സിലാകുന്നില്ല, ഒന്നും മനസ്സിലാകുന്നില്ല", പരാശരൻ പറ

ധർമ്മപുരാണം

ഞ്ഞു. "ഞാനെന്തുചെയ്യണം പ്രിയംവദേ?"

"എനിയ്ക്കും ഒന്നും മനസ്സിലാകുന്നില്ല, പരാശരാ. പക്ഷെ, അങ്ങു കർമ്മവിമുഖനാവാതിരിക്കുക. അങ്ങെന്തുചെയ്യാനുദ്ദേശിച്ചുവോ, അതു ചെയ്യുക."

"ഞാൻ പടവെട്ടാനുദ്ദേശിച്ചു," പരാശരൻ പറഞ്ഞു.

"അങ്ങു് അതു ചെയ്യുക", പ്രിയംവദ പറഞ്ഞു."ഞാൻ ഇത്തിരികൂടി ദുഃഖിക്കട്ടെ."

"പ്രിയംവദേ," പരാശരൻ പറഞ്ഞു "ഇങ്ങനെയായിരുന്ന ഗോസായിയമ്മാവൻ തടവറവിട്ടു പുറത്തിറങ്ങാൻ വിസമ്മതിച്ചതു്", യുക്തിയും ബുദ്ധിയും വെടിഞ്ഞു് ഭ്രാന്തനായി മരിച്ചതു്."

"ഗോസായിയമ്മാവൻ ധന്യനല്ലേ?" അവൾ ചോദിച്ചു.

"ഗോസായിയമ്മാവൻ വിജയിച്ചു," അയാൾ പറഞ്ഞു.

"സിദ്ധാർത്ഥനും വിജയിച്ചുന്നു," അവൾ പറഞ്ഞു.

അമ്പരപ്പോടെ പരാശരൻ അവളുടെ മുഖത്തേയ്ക്കു നോക്കി. വളരെനേരം അങ്ങിനെ നോക്കി. അവളുടെ സുഗന്ധിയായ വായിൽ ആഴത്തിൽ മുത്തിക്കൊണ്ടു വളരെനേരം നിന്നു. പിന്നെ ചുണ്ടുകൾ അടർത്തിയെടുത്തുകൊണ്ടു് പറഞ്ഞു, "വരൂ, സുന്ദരീ, നമുക്കു സ്നേഹിയ്ക്കാം."

"സമയം വൈകിപ്പോയി, പരാശരാ," അവൾ പറഞ്ഞു. "അങ്ങു് എന്തേ ഇന്നലെ വരാഞ്ഞതു്? ഇന്നലെ ഞാൻ കാമിനിയായിരുന്നു. ഇന്നുമുതൽ വേശ്യയാണു്. അങ്ങു് വേശ്യകളെ പ്രാപിച്ചിട്ടുണ്ടോ?"

"ഇല്ല."

"എന്നാൽ അങ്ങിനെത്തന്നെ ഉടരൂ."

"ഞാൻ നിന്നെ സ്വതന്ത്രയാക്കാം,"

"അങ്ങു ദുർബ്ബലനാകരുതു്," പ്രിയംവദ പറഞ്ഞു. "നമ്മുടെ മാർഗ്ഗങ്ങൾ രണ്ടാണു്. ഒരു പക്ഷെ, ആരറിഞ്ഞു, അവ വീണ്ടും കൂട്ടിമുട്ടിയെന്നു വരും."

പരാശരൻ ദുഃഖിച്ചു. പക്ഷെ, ക്രോധവും മദവും മാത്സര്യവും തീണ്ടിയ ആ ദുഃഖം പൂർണ്ണമല്ലെന്നു് അയാളറിഞ്ഞു. വേശ്യയുടെ ദുഃഖമാകട്ടെ, നിലാവിന്റെ ഗാന്ധർവ്വത്തെപ്പോലെ, പൂർണ്ണവും ശാന്തവുമായിരുന്നു.

"സ്വസ്തി," അവൾ പറഞ്ഞു.

"സ്വസ്തി," അയാൾ പറഞ്ഞു.

പരാശരൻ തിരിഞ്ഞുനടന്നു തെരുവിൽ മറഞ്ഞു.

അവളുടെതായിരുന്ന ആ വീട്ടിൽ പ്രിയംവദ ഒരുപാടുനേരം അങ്ങിനെ നിന്നു. ഗർവ്വഭംഗമായ അതിന്റെ തളങ്ങളിൽ ഒന്നുംതന്നെ ചലിച്ചില്ല.

പിന്നെ അവളും പുറത്തേയ്ക്കു നടന്നു. ഒരു പാറാവുകാരന്റെ കുന്തം പിടിച്ചുപററി നഗ്നയായി അവൾ രാത്രിയിലേയ്ക്കിറങ്ങി. രാഷ്ട്രീയനേതാക്കന്മാരുടെ അരമനകൾ ഇരുവശവും നിന്ന അവരുടെ തെരുവു് അവൾ പിന്നിട്ടു. വേശ്യകളുടെ കൂടുകൾ കിടന്ന പുറം തെരുവുകളുടെ നേർക്കു് അവൾ നടന്നു.

എസ്. കെ. കമ്പയിൻസിന്റെ പ്രഥമചിത്രത്തിന്റെ ഷൂട്ടിംങ്ങു് ആരംഭിക്കുന്ന ദിവസം. സ്വതവെ "ലെയിറ്റ് കമറായ" ഹീറോ സുരേഷ് മുതൽ ലൈറ്റ് ബോയ്വരെ സെറ്റിൽ കൃത്യസമയത്തു് ഹാജരായിട്ടുണ്ടു്.

ഇപ്പോൾ അഭിനയം, നാളെ മതി പ്രതിഫലം എന്നു് പറഞ്ഞിട്ടാണു് സുരേഷ് ഈ പടത്തിൽ അഭിനയിക്കുന്നതു്. അതിനേക്കാൾ ഉത്സാഹമായിരുന്ന മറ്റുള്ളവർക്കു്. ഇന്ദ്രാഗ്രൽ ഷോട്ടിനു് ക്ഷണിക്കപ്പെട്ട പല അതിഥികളും ആഗതരായിട്ടുണ്ടു്. കാമിനിയുടെ നിർബന്ധപ്രകാരം ക്ഷണക്കത്തു് നായർക്കു് പോലും അയച്ചിരുന്നു. ഒളിവിൽ പോയ നായർ വരുമെന്ന ആശ കൊണ്ടല്ല, തങ്ങളുടെ നേട്ടം പബ്ലിസിറ്റിയും അറിയട്ടെയെന്ന മനോഭാവമായിരുന്നു അവർക്കു്, പ്രത്യേകിച്ചും കാമിനിക്കു്.



ഏകലവ്യന്റെ നോവൽ: അദ്ധ്യായം ഇരുപത്തിയൊന്നു്

തങ്ങളും വളരുന്നു, വളർന്നുകൊണ്ടിരിക്കുന്നുവെന്ന സൂചന.

പത്രറിപ്പോർട്ടർമാർ പലരും എത്തിയിട്ടുണ്ടു്. എല്ലാവർക്കും ഒരേ രീതിയിലുള്ള ലൈറ്റർ റിഫ്രഷ്മെന്റ് നൽകി.

ഡയറക്ടർ സേതുവിന്റെ ചെറിയ ബ്രീഫിംങ്ങു് ക്യാമറയെ അഭിമുഖീകരിക്കുന്ന സുരേഷും കാമിനിയും ഡയലോഗിലൊന്നു നോക്കി ഉരുവിട്ടു, ഒന്നുരണ്ടു് റിഹേഴ്സലുകൾ. ഓക്കെ. സേതുവിനു് തൃപ്തിയായി, ക്യാമറാമാൻ ക്യാമറയുടെ ആങ്കിൾ ശരിയാക്കി ലൈറ്റ് റെഡി. ഡയറക്ടർ മെഗഫോണെടുത്തു. സെറ്റിൽ നിശ്ശബ്ദത. പൊട്ടുന്നനെ ക്യാമറ പ്രവർത്തനമാരംഭിച്ചു.

കാമിനിയെന്ന രാധ സുരേഷെന്ന നന്ദകുമാറിന്റെ തോളിൽ തലചേർത്തു വിങ്ങിപ്പൊട്ടി. കവിളിലൂടെ അശ്രുധാര നന്ദകുമാർ രാധയെ സാന്ത്വനപ്പെടുത്തുന്നു. രാധ കെഞ്ചുകയാണു്, എന്റെ നന്ദ എന്നെ ഉപേക്ഷിച്ചു് മറ്റൊരുടം പോകല്ലേ, എന്റെ നന്ദ എന്റെ പ്രിയപ്പെട്ട നന്ദ... "കട്ട്."

ക്യാമറയുടെ ചലനം നിലച്ചു.

"എങ്ങിനെയിരുന്നു സേതു?" സുരേഷ് തിരക്കി. "വണ്ടർ ഫുൾ..." സേതു അഭിനന്ദിച്ചു. അഭിനന്ദിച്ചതു സേതു മാത്രമല്ലായിരുന്നു, ആ രംഗം വീക്ഷിച്ചിരുന്ന അതിഥികളെല്ലാം തന്നെ പടത്തിനും സേതു ദമ്പതികൾക്കും വിജയാശംസകൾ നേർന്നു.

അന്നു് ഉച്ചതിരിഞ്ഞു് രേവതി സ്റ്റുഡിയോവിൽ മറ്റൊരു പടത്തിന്റെ ഷൂട്ടിംങ്ങു്.

മേക്കപ്പിട്ട നായികാനായകന്മാർ—സുരേഷും കാമിനിയും—തങ്ങളുടെ ഊഴം കാത്തുകൊണ്ടു് ഒരു സോഫ്റ്റ് ഡ്രിങ്ക്സ് മൊത്തിക്കുടിക്കുകയായിരുന്നു.

നായകന്റെ വില്ലനായ അമ്മാമനും അതിലും വലിയ വില്ലനായ ഫാക്ടറി മാനേജരും കൂടി നായകന്റെ അച്ഛനെതിരായി രഹസ്യകൂടിയാലോചനകൾ നടത്തുന്ന ഒരുരംഗം സെറ്റിൽ ചിത്രീകരിക്കുന്നുണ്ടു്.

സാധാരണയായി സുരേഷുമായി ഊറുന്ന സംസാരിക്കാറുള്ള കാമിനി അന്നു്

നിശ്ശബ്ദയായിരുന്നു. അഭിനയിക്കുമ്പോൾ പൊട്ടിച്ചിരിക്കുകയും പുഞ്ചിരിതൂകുകയും മുഖത്തും കണ്ണുകളിലും ലജ്ജ പടർന്നു കയറുകയും, നാണംകൊണ്ട് മുഖം പൊത്തി കാമുകന്റെ വിരിമാറിൽ തല ചേർത്തുനില്ക്കുകയും ചെയ്യുന്ന കാമിനി, ക്യാമറയുടെ ചലനം നിലച്ചാൽ, പൊട്ടിപ്പൊളിഞ്ഞ വിമൂകയാകുകയും വിമ്മിഷ്ടപ്പെട്ടുകയും ചെയ്യുന്നു. ഈ മാറ്റം പല ദിവസങ്ങളിലായി നിരീക്ഷിച്ചുകൊണ്ടിരുന്ന സുരേഷിനെ അത്ഭുതപ്പെടുത്തി. ഏതോ രഹസ്യം കാമിനിയെ ചൂഴ്ന്നുനില്പുണ്ടു. എന്തുപറ്റി കാമിനിക്കു? സേതുവിനെ വിവാഹം കഴിച്ച കാമിനി ഒരിക്കൽ അയാളോട് പറഞ്ഞതു്, ഇനി ജീവിതത്തിൽ ഇനി തനിക്കൊരാശയും ഇല്ലെന്നാണു്. ഇനിയൊരു സ്വപ്നവും തനിക്കില്ല, ഇതിനെക്കാളുപരിയായ ഒരു സന്തോഷവുമില്ല ജീവിതത്തിൽ താൻ സ്നേഹിക്കുന്ന പുരുഷനെ സ്വന്തമാക്കാൻ കഴിയുക! അതിലുപരി ഒരു സ്ത്രീക്കു് എന്തുവേണം? അപ്പോൾ സുരേഷു് പാതിതമാശയായിട്ടും പാതി ഗൗരവത്തിലും ചോദിച്ചു.

"അപ്പോൾ കാമിനി എന്നെ പണ്ടു് സ്നേഹിച്ചിരുന്നില്ലെ?" ഒരു നിമിഷം അയാളുടെ മുഖത്തേക്കു് ഉറുനോക്കിയ അവൾ പറഞ്ഞു

"നമുക്കതു് മറക്കാൻ ശ്രമിക്കുക സുരേഷു്"

അയാൾ ചിരിച്ചുകൊണ്ടു് പറഞ്ഞു.

"മറക്കാനും പൊറുക്കാനും ഒരു മനുഷ്യജീവിക്കു് പെട്ടെന്നു് സാദ്ധ്യമായെന്നു് വരില്ല കാമിനി, ശരി, ഇതുപും പറയാം. എനിക്കങ്ങോട്ടു് ഉണ്ടായിരുന്ന സ്നേഹം കാമിനിക്കു് ഒരുവേള, എന്നോട കാണുകയില്ലായിരിക്കും. അതെന്തെങ്കിലുമാകട്ടെ. ഞാനും വിവാഹിതനായി, കാമിനിയുമായി...പക്ഷെ, തൊഴിൽരംഗത്തു നമുക്കു നല്ല സുഹൃത്തുക്കളായി കഴിയാം. എന്തു പറയുന്നു കാമി?"

"എക്കാലത്തും സുരേഷു് എന്റെ നല്ല സുഹൃത്തായിരിക്കണമെന്നാണു് എന്റെ ആഗ്രഹം."

അതിനാലാകും, കാമിനി തന്റെ ഹൃദയം തുറന്നു് കാണിച്ചു തന്നിട്ടുണ്ടു്. പണത്തിനു് വേണ്ടി മാത്രം മകളെ സ്നേഹിച്ച ഒരു പിതാവിന്റെ നന്ദികേടു് കാമിനി



കണ്ണീരൊഴുക്കി എണ്ണിയെണ്ണി പറഞ്ഞിട്ടുണ്ടു്. അതുപോലെ സേതുവോടൊത്തുള്ള സന്തോഷദിനങ്ങളെക്കുറിച്ചും... ഭർത്താവിന്റെ ഭാവിയെക്കുറിച്ചു് കാമിനി എന്നും ഉത്കണ്ഠാകുലയായിരുന്നു.

"സുരേഷു് ഏതെങ്കിലും നിർമ്മാതാക്കളെ ഒന്നു 'പ്രസ്സു്' ചെയ്യുമോ... സേതുവിനു് ഒരു നല്ല പേരായിക്കഴിഞ്ഞാൽ ഞാനെല്ലാം നേടി,"

അതുത്തോളം പറയാറുണ്ടായിരുന്ന കാമിനി ഭർത്താവിന്റെ പടം ഷൂട്ടിംഗു് ചെയ്യുന്ന വേളയിലും, ഇതാ ഇപ്പോഴും എന്തോ നഷ്ടപ്പെട്ടവളെപ്പോലെ ഉദാസീനയായി, ദുഃഖിതയായിരിക്കുന്നു. ചിലപ്പോൾ തുടങ്ങിവെച്ച പടം എങ്ങിനെ തീർക്കുമെന്ന ചിന്തമൂലമാകുമോ? അങ്ങിനെയും ആവാം. ചുമക്കാനാവാത്ത ചുമടെടുത്തതിന്റെ ഭാരമാകാം.

"എന്താ ഒന്നും മിണ്ടാത്തതു് കാമി?"

ഒരു സിഗരറ്റിനു് തീ കൊളുത്തിക്കൊണ്ടു് സുരേഷു് നിശ്ശബ്ദത ഭഞ്ജിച്ചു.

"ഓ, ഒന്നുമില്ല"

"എന്നോട പിണക്കമൊന്നുമില്ലല്ലൊ?"

കാമിനി അയാളുടെ നേരെ നോക്കി, എന്താണിങ്ങനെയൊക്കെ പറയുന്നതെന്ന മട്ടിൽ. സുരേഷു് ചിരിച്ചുകൊണ്ടു് പറഞ്ഞു.

"ഞാൻ വെറുതെ പറഞ്ഞതല്ലെ...അതു പോകട്ടെ, പണത്തിന്റെ കുറവൊന്നുമില്ലല്ലൊ മടിക്കാതെ ചോദിച്ചോളൂ..."

"ഓ, അതൊന്നുമല്ല..." ആദ്യം കാമിനി കരുതി ബുള്ളറ്റു് വേലുവും സുഹൃത്തും വന്ന കഥ പറയണമെന്നായെന്നു്. ഇരുപതിനായിരം ഉറുപ്പിക വാങ്ങിക്കൊണ്ടു് പോയ കഥ. പറഞ്ഞാൽ നാടാകെ പരക്കും. പത്രങ്ങളിൽ വരും ഒടുവിൽ ചിലർ പറയും തങ്ങൾ വിഡ്ഢികളാണെന്നു്... അല്ലെങ്കിലും അങ്ങിനെ പോയ ഇരുപതിനായിരത്തെക്കുറിച്ചു് തനിക്കശേഷം ഖേദമില്ല... മനസ്സിൽ ഒരു നേരിയ പോറൽ പോലും സൃഷ്ടിച്ചിട്ടില്ല... എന്നാൽ സേതു തന്നോടു പറഞ്ഞ വാക്കുകൾ... തന്നെ നിർബ്ബന്ധമായി ഒരു ക്രൂരപ്രവർത്തിക്കു്, അടിപ്പെട്ടതിയ കഥ. ഇതൊക്കെ താനെങ്ങിനെ മറക്കും. ഒരു സ്ത്രീക്കും മറക്കാനാകുകയില്ല. അവളുടെ ഇഷ്ടത്തിനെതിരായി അടിപ്പെടേണ്ടിവരിക. അവൾ ഏതൊന്നിനു് വേണ്ടി ആശിച്ചിരുന്നുവൊ, ആ ആശയുടെ കഴുത്തു് പിടിച്ചു് ഞെക്കിക്കൊല്ലുക..

നിശ്ശബ്ദമായി. പ്രതിഷേധത്തിന്റെ നേരിയ മർമ്മരംപോലും പുറപ്പെടുവിക്കാതെ, തന്റെ ഭർത്താവിന്റെ അഭീഷ്ടത്തിനുടിപ്പെട്ടു് അരുതാത്തതിനു് വിധേയയായി. സേതുവിനുവേണ്ടി, തന്റെ ഭർത്താവിനുവേണ്ടി, തങ്ങളുടെ ദാമ്പത്യജീവിതത്തിനുവേണ്ടി, അതിന്റെ നിലനില്പിനു വേണ്ടി—താൻ രണ്ടുകൊല്ലത്തേക്കു് ഗർഭം ധരിക്കുകയില്ല. താൻ ഒരമ്മയാവുകയില്ല. ആ സത്യവാചകവും താൻ നെഞ്ചിൽ അഗ്നിപർവ്വതങ്ങൾ വഹിച്ചു്, ഏറ്റുപറഞ്ഞു.

സെറ്റു് റെഡിയായെന്നു് അസിസ്റ്റന്റു് സംവിധായകൻവന്നറിയിച്ചപ്പോൾ അവർ സെറ്റിലേക്കു് ചെന്നു.

ഒരു കുഞ്ഞുമോനെ...ആദ്യത്തെ കൺമണിയെ, മാറിലമർത്തി, അകലെയുള്ള ഭർത്താവിനെയോർത്തു്, വിരഹവേദനയോടെ, ഒരു ഉറക്കുപ്പാട്ടു പാടുന്ന രംഗമാണു് ചിത്രീകരിക്കേണ്ടിയിരുന്നതു്. എവിടെനിന്നോ കൊണ്ടുവന്ന ആരുടെയോ കുഞ്ഞായിട്ടുപോലും അതിനെ തെരുതെരെ

ഉമ്മവെച്ചപ്പോൾ തന്നിൽനിന്നും ബലമായി അടർത്തിയെടുത്ത മാതൃത്വത്തിന്റെ മധുരിമ അനുഭവപ്പെട്ടു. പക്ഷേ, തനിക്കു മാത്രം മാതൃത്വം വിധിച്ചിട്ടില്ല.

ഗ്ലിസറിൻ ഉപയോഗിക്കാതെതന്നെ കണ്ണീരൊഴുക്കിയ കാമിനിയെ സെറാറില്ലുണ്ടായിരുന്ന ഏവരും പുകഴ്ത്തി.

കാമിനി തന്റെ ആത്മാവിനോടു ചോദിച്ചു.

ജീവിതവും അഭിനയവും ഒന്നാണോ?

സർക്കസ്കൂടാരങ്ങളിൽ വികൃതവേഷംകെട്ടി, സദസ്യരെ ചിരിപ്പിക്കുന്ന കോമാളികളുടെ അടച്ചിട്ട മനസ്സിന്റെ ജാലകങ്ങളെ ആരെങ്കിലും തുറന്നുനോക്കിയിട്ടുണ്ടോ? ആ മനസ്സുകൾ ദുഃഖത്തിന്റെ കണ്ണീർക്കയങ്ങളാകും... തന്റെ കഥയും അതുതന്നെ.

വീണ്ടും സെറാറിനു വെളിയിൽ വന്നപ്പോൾ സുരേഷിന്റെ അരികെ പെൻസിൽപോലുള്ള ഒരു കഥാപാത്രം നില്പുണ്ട്.

ദൂരെനിന്നുതന്നെ സുരേഷ് പറഞ്ഞു:

"ഇതാ നാരായണൻ വന്നിരിക്കുന്നു. സേതുവായിട്ട് കാമിനിക്കുവല്ല ഐഡിയോളജിക്കൽ ക്ലേഷമുണ്ടെങ്കിൽ ഇതാ നാരായണനോടു പറയാം. നാരായണൻ നാടാകെ പരത്തിക്കോളും."

ലൈറ്റ്ബോയ് ഒരുഗ്ലാസ്സു നാരങ്ങാനീർ കൊണ്ടുവന്നു.

"നാരായണനും വേണോ?" സുരേഷ് ചോദിച്ചു.

"വേണ്ടെയ്!" ഉച്ചയ്ക്കു് ആഹാരംകഴിക്കാതെ, പൊരിഞ്ഞ വെയിലിൽ, മടുപ്പു് തോന്നിച്ച ചെരുപ്പിട്ടവന്നു തനിക്കു് ആനയെ തിന്നാനുള്ള വിശപ്പുണ്ടെന്നും, സുഖം വാറിക്കാനുള്ള ദാഹമുണ്ടെന്നും, പറയണമെന്നുണ്ടായിരുന്നു, എന്നാൽ ഇത്തിക്കണ്ണികളെന്നു് വിശേഷിപ്പിക്കപ്പെട്ട ഈ ഗതികെട്ടവർഗ്ഗത്തിനോടു് ആക്രോശം സഹതാപമില്ല. ഉണ്ടെങ്കിൽ കടുത്ത പകയും വൈരാഗ്യവുമേയുള്ളു.

"എന്താ മേഡം ഒന്നും മിണ്ടാതെയിരിക്കുണ്?" നാരായണൻ തലചൊറിഞ്ഞു് അടുത്തുകൂടി. കാമിനി നീരസത്തോടെ മറുപടികൊടുത്തു,

"തന്നോടു് സംസാരിച്ചാൽ, എനിക്കു് ഒരു ഭർത്താവൊരുമിച്ചു് ജീവിക്കണ്ടെ?

താനെഴുതിയ നുണക്കഥകൾ വായിച്ചു് ഇവിടെ എത്രപേർ രസിക്കുന്നുണ്ടു്, എത്രപേർ കരയുന്നുണ്ടു്. തനിക്കതറിയാമോ?"

"ഇയ്യാൾക്കതെന്തിനറിയണം?" സുരേഷ് തുടർന്നു, എടോ തനിക്കിപ്പോൾ മിസ്റ്റർ നായരൊന്നും തരാറില്ലെ. താൻ നായരുടെ പേഴ്സണൽ റിപ്പോർട്ടറാണെന്നു് കേൾക്കാനുണ്ടു്."

"അയ്യോ, അങ്ങിനെയൊന്നുമില്ലെ."

"നാരാണാ, വേണമെങ്കിൽ ഞാനൊരു സ്കൂപ്പ്തരാം. എഴുതി അച്ചടിച്ചൊ? ഞാനും പുതിയ താരം രത്നമല്ലിയുമായി പ്രണയമാണെന്നു് നീ കാച്ചിക്കൊ, പോരെങ്കിൽ ഞാൻ വിവാഹമോചനം നടത്താൻപോകയാണെന്നും—"

തുടർന്നു് സുരേഷ് പൊട്ടിച്ചിരിച്ചു. കാമിനി തലതാഴ്ത്തി പുഞ്ചിരിതൂകി.

"സാറെ, ഞാൻ വന്നതു് അതിനൊന്നുമല്ല." കാമിനിയെ ചൂണ്ടിക്കാട്ടി. മേഡത്തിനോടു് ഒരിമ്പോർട്ടന്റു് വാർത്ത അറിയിക്കാനും. മേഡത്തിന്റെ അമ്മയ്ക്കു് തീരെ സുഖമില്ല."

കാമിനി അതു കേട്ടപാടെ മുഖമുയർത്തി നാരായണന്റെനേരെ നോക്കി.

നാരായണൻ സ്വരംതാഴ്ത്തി തുടർന്നു:

"എന്തുപറയാനാ സാറെ. നമ്മുടെ നായർസാറു് തന്നെത്താൻ പറയും തന്നോളംപോന്ന ബുദ്ധിമാൻ ഈ ഉലകത്തിലില്ലെന്നു്, നായർസാർ ഒളിവിലാണു്. ആ ഹോട്ടലും തുണിക്കടകളൊക്കെ നടത്തുന്നതു് മധുസൂദനനാണു്. കാട്ടുകള്ളൻ! പണംമുഴുവൻ ചോർത്തിയെന്നും കേൾവി."

"എനിക്കതിനെക്കുറിച്ചറിയാൻ താല്പര്യമില്ല എന്റെ അമ്മയുടെ വിവരം അറിയുമെങ്കിൽ പറയു."

"അവക്കു് തീരെവയ്യ. ഇനി ഒരുപ്രാവശ്യംകൂടി ഹാർട്ടു് അറാക്കുണ്ടായാൽ—"

ഒരു വിതുമ്മൽ.

കാമിനി തലതാഴ്ത്തിയിരുന്ന കരയുകയായിരുന്നു.

* * *

ഷൂട്ടിംഗു് നേരത്തെതന്നെ കഴിഞ്ഞു.

"ഞാൻകൂടെ പോരണൊ കാമി?"

കാമിനി തന്റെ കാറിൽക്കയറി ഡ്രൈവർസീറ്റിലിരുന്നപ്പോൾ സുരേഷ് അടുത്തുചെന്നു തിരക്കി.

കാമിനി ഗോഗിൽസു് ധരിച്ചു്, തലയിൽ സ്കാർഫ്കെട്ടിക്കൊണ്ടു പറഞ്ഞു.

"വേണ്ട സുരേഷു്. ഞാൻ തനിയെപൊയ്ക്കോണ്ടു്."

"ഓക്കെ."

കാമിനിയുടെ കാർ നീങ്ങിയപ്പോൾ അയാൾ കൈവീശി.

സ്റ്റുഡിയോവിന്റെ ഗെയിറ്റു കടന്നു് തിരക്കു നിറഞ്ഞ തെരുവിലേക്കു് പ്രവേശിച്ചു് വാഹനങ്ങളുടെ നീണ്ട നിരയിൽ അലിഞ്ഞുചേർന്നു

മമ്മിയെക്കുറിച്ചോർത്തപ്പോൾ അവളുടെ മനസ്സു് വിങ്ങി. തനിക്കുവേണ്ടി എത്ര കഷ്ടപ്പെട്ടിരിക്കുന്നു! എല്ലാം വ്യക്തമായ കാർമ്മയുണ്ടു്. തനിക്കു് സിനിമയിലൊന്നും മുഖം കാണിക്കാൻ അമ്മ എത്ര പാടുപെട്ടു. എന്തെല്ലാം സഹിച്ചു. തന്റെ നല്ലകാലത്തു് കൈനോടിച്ചാൽ വാലാട്ടിയിരുന്ന നിർമ്മാതാക്കൾ തന്നെ മകൾക്കുവേണ്ടി ചാൻസു് ചോദിച്ചപ്പോൾ ആട്ടിയിറക്കിയിട്ടുണ്ടു്. എത്രയെത്ര സംവിധായകരുടെ ബംഗ്ലാവുകളിൽ, നിർമ്മാതാക്കളുടെ മന്ദിരങ്ങളിൽ, പ്രൊഡക്ഷൻ ഓഫീസുകളിൽ തന്നെയുംകൂട്ടി മമ്മി കയറിയിറങ്ങിയിട്ടുണ്ടു്.

"എന്റെ മകളാണു്, ഒരവസരം തരണം"

വ്യർത്ഥമായ യാചനകൾ, കെഞ്ചലുകൾ...

ജീവിതത്തിൽ തനിക്കു കടപ്പാടു് മമ്മിയോടു് മാത്രമെയുള്ളു. ഇന്നും തന്നെ സ്നേഹിക്കുന്ന മമ്മി എത്ര അസുഖമുണ്ടായിട്ടും തന്നെ കാണാൻ, സേതുവിനെ കാണാൻ, പാഞ്ഞെത്തിയ മമ്മി—

സേതുവിനോടു് താൻ മമ്മിയെ കാണാൻ പോകുന്ന വിവരം പറയേണ്ടിയിരുന്നുവൊ? അല്ലെങ്കിൽ എന്തിനു് പറയണം? സേതുവും എന്റെ മനസ്സിനെ മുറിപ്പെടുത്തിയിരിക്കുന്നു. ഒരിക്കലും പറയാൻ പാടില്ലാത്തതു് പറഞ്ഞില്ലെ? ചെയ്യിപ്പിച്ചില്ലെ?

രണ്ടുകൊല്ലത്തേക്കു് ഗർഭം ധരിക്കരുതെന്നു്. തന്റെ ഭാഗ്യത്തിനിന്നു താൻ പൂർണ്ണമായ കരുതൽ നടപടികൾ എടുക്കാമെന്നു്!

ഈ ആണുങ്ങളെല്ലാം കരുപോലെയാണൊ? പെണ്ണിനെ മനസ്സിലാക്കാൻ കഴിവില്ലാത്തവരാണൊ?

സിംഹത്തലയുള്ള ഗെയിറ്റ്. പതിവുപോലെ പാറാവു് നില്പുണ്ട ഗ്ലർഖാ അവളുടെ നെഞ്ചിടിച്ചു. അസ്വസ്ഥത.

ഗ്ലർഖാ കണ്ടപ്പോൾ വലിച്ചുനീട്ടി സലാംചെയ്തു അയാൾ മറന്നിട്ടില്ല. നന്ദിയുള്ള മനുഷ്യൻ.

പോർച്ചിലും ലോണിലും ആളും അനക്കവുമില്ല

അവൾ പോർച്ചിൽ കാർനിർത്തി, ഗോഗിൽസു് എടുത്തു് ധൈര്യസമേതം അകത്തേക്കു് കയറി 'കടക്കു്പുറത്തു്" എന്നു് പറയുന്നവന്റെ മുഖത്തുനോക്കി. "ഇതെന്റെ വീടാണു്, നീ കടക്കു് പുറത്തു്" എന്നു പറയാനുള്ള ധൈര്യം സംഭരിച്ചിരുന്നു.

ശൂന്യമായ ഡ്രായിംങ്ഹാൾ, വിശാലമായ ഹാൾ, തൂങ്ങികിടക്കുന്ന ചാൻഡലിയേഴ്സു, ... ഏതൊ ഗുഹാമുഖംപോലെ, ... മാസങ്ങൾക്കുമുമ്പു് വെറും കൈകളുമായി ഇറങ്ങിതിരിച്ച ഈ ഭവനം ഇന്നു് മുകം... തന്റെ കാലൊച്ച കേട്ടു് വന്ന വേലാമ്പാൾ കണ്ടപ്പോൾ പൊട്ടിക്കരഞ്ഞു. അതു കണ്ടപ്പോൾ താൻ തടഞ്ഞുനിർത്തിയ ദുഃഖത്തിന്റെ മണൽച്ചിറ പൊട്ടിയൊഴുകി...

"എവിടെപ്പോയി സുജാത?"

കണ്ണീരൊപ്പിക്കൊണ്ടു് വേലാമ്പാൾ വിങ്ങിപ്പൊട്ടി.

"നാലു ദിവസങ്ങളായി പോയിട്ടു് ... തിരിച്ചു വന്നിട്ടില്ല"

"എന്റെ മമ്മി എവിടെയാണു് വേലാമ്പാൾ?"

എയർകണ്ടീഷൻ ചെയ്തിട്ടുള്ള മുറിയിൽ മേരിക്കുട്ടി കിടക്കുന്നതു് കണ്ടപ്പോൾ പൊട്ടിത്തകരുകയില്ലെന്നു് നിനച്ച കാമിനി പൊട്ടിക്കരഞ്ഞു... മമ്മിയെ കെട്ടിപ്പിടിച്ചവൾ പൊട്ടിക്കരഞ്ഞു.

(തുടരും)



ഈനാഞ്ഞളുടെ ലോകം 26

കാക്കനാടൻ

പകൽ വളന്നപ്പോൾ കോപിച്ച കടൽപോലെ നഗരം പ്രക്ഷുബ്ധമായി. തിരക്കിന്റെ തിരകൾ ഉയർന്നരുണ്ടുമറിഞ്ഞു. മനുഷ്യരിലൂടെ, വാഹനങ്ങളിലൂടെ, യന്ത്രങ്ങളിലൂടെ തിരകളുടെ ഗർജ്ജനം ഉയന്നു. അലറുന്ന തിരക്കിൽ തിരകളിൽനിന്നു ചിതറിത്തെറിച്ച വെള്ളിനുരകളെപ്പോലെ നഗരപ്പരപ്പിന്മേൽ വെയിൽകിടന്നു തുള്ളിക്കളിച്ചു. വെയിൽ തെല്ലും കളയാതെ നഗരവീഥിയുടെ നടപ്പാതയിലൂടെ, നിരത്തിൽ ഇരമ്പിപ്പായുന്ന വാഹനങ്ങൾ പുറപ്പെടുവിച്ച ഗർജ്ജനത്തിന്റെ തീരത്തുടെ നടക്കവേ ആശങ്കയും ഒപ്പം അഭിമാനവുംകലർന്ന ഒരു സമ്മിശ്രവികാരമായിരുന്നു വാസുവിന്റെ ഉള്ളിൽ.

നടപ്പാതയിൽ നഗരവാസികളുടെ പ്രവാഹമുണ്ടായിരുന്നു. നഗരവാസികളെല്ലാം സമ്പന്നരല്ലെന്നു് അവൻ കണ്ടെത്തി.



കാൽനടക്കാരുടെകൂട്ടത്തിൽ വളരെ മോശമായരീതിയിൽ തന്നെക്കാൾ മോശമായ രീതിയിൽ വസ്ത്രധാരണംചെയ്തവരുമുണ്ടായിരുന്നു. ചുമടുചുമക്കുന്നവരെ അവൻ കണ്ടു. കൈവണ്ടി വലിക്കുന്നവരെ കണ്ടു. മാറത്തടിച്ചു നിലവിളിക്കുന്ന പിച്ചക്കാരെ കണ്ടു. ഹോട്ടലുകളുടെ എച്ചിൽ ക്ലനകളിൽ തെരുവുനായ്ക്കളുമായി മല്ലിടുന്ന തെണ്ടിപ്പിള്ളേരെ കണ്ടു. എല്ലാത്ത രക്കാരുമുണ്ടിവിടെ എന്നവൻ മനസ്സിലാക്കി. ജീവിക്കാൻവേണ്ടി പാടുപെടുന്ന പല തരക്കാരുടെ, പല നിലക്കാരുടെ വകയാണു് ഈ നഗരം. ഒരുനിമിഷം അവൻ വിചാരിച്ചു; എന്റെയും.

നഗരമെന്ന അത്ഭുതം കണ്ടുനടക്കവേ ഒന്നുമാത്രം അവന്നു് അറിയില്ലായിരുന്നു പണിതേടേണ്ടതെവിടെ? ചില വഴിപോക്കരോടു് അവൻ ഇംഗ്ലീഷിൽ ചോദിച്ചു: "എനിക്കു് ഒരു പണി എവിടെ കിട്ടും?" അവരിൽ ചിലർ മിണ്ടാതെ കടന്നുപോയി. ചിലർ ആകാശത്തിലേയ്ക്കു് ചൂണ്ടിക്കാണിച്ചു. ചുരുക്കം ചിലർ നാവു വളച്ചു് അറിയില്ലെന്നു പറഞ്ഞു. അവന്റെ ചോദ്യത്തിനു മറുപടി അറിയാവുന്ന ആരെയും വാസു കണ്ടുമുട്ടിയില്ല പാതവക്കത്തു് വാട്ടർപൈപ്പുകളുണ്ടായിരുന്നതുകൊണ്ടു് ദാഹം പ്രശ്നമായില്ല. രാവിലെ തിന്ന ദോശയ്ക്കു മുകളിലേക്കു് കുടിക്കുടെ വെള്ളംകോരിയൊഴിച്ചു് അവൻ ദാഹവും വിശപ്പും അടക്കി. നടന്നു തളർന്പ്പോൾ മരത്തണലുകളിൽ ഇരുന്നു. തളർച്ച ഒട്ടൊന്നാശ്വാസിയപ്പോൾ വീണ്ടും നടന്നു.

നഗരത്തിൽ സന്ധ്യവന്നപ്പോൾ വാസുതെല്ലൊന്നമ്പരന്നു. എവിടെ ഉറങ്ങും? ഹോട്ടലിൽ മുറിയെടുത്തു താമസിക്കാൻ പറ്റില്ല, രണ്ടു ദിവസം താമസിച്ചിട്ടു് പിന്നെ പട്ടിണിയുമായി നിരത്തിലിറങ്ങേണ്ടിവരും. നഗരത്തിലെ സന്ധ്യാപക്ഷേ, ഭീതിജനകമായിരുന്നില്ല. തെരുവുവിളക്കുകൾ രാത്രിയെ പകലാക്കി മാറ്റിയിരുന്നു. അവൻ പിന്നെയും നടന്നു. രാത്രി വളരുന്തോറും നഗരവീഥികളിലെ തിരക്കു കുറഞ്ഞു. കടകമ്പോളങ്ങൾ അടയ്ക്കപ്പെട്ടു. ക്രമേണ നഗരവീഥികൾ പ്രായേണ ശൂന്യമായി. അവൻ നിരത്തുവക്കത്തു് ട്രങ്കു് താഴ്ത്തിവച്ചു് അതിന്നടുത്തു് കുത്തിയിരുന്നു. അടഞ്ഞ പീടികത്തിണ്ണകളിൽ മുണ്ടുരിഞ്ഞുവിരിക്കുന്ന പൗരന്മാരെ കണ്ടപ്പോൾ അവന്നു സന്തോഷമായി. അവൻ എണീറ്റു, ആളൊഴിഞ്ഞ ഒരു കടത്തിണ്ണതേടി നടന്നു. ആ കടത്തിണ്ണയിൽ കയറി ട്രങ്കു് വച്ചു. അതിന്മേൽ തലവച്ചു്, നഗരത്തിന്റെ നിശാപ്രകാശങ്ങളിലേയ്ക്കു നോക്കി, കിടന്നു. കേളനരുവിയുടെവക്കത്തെ കൈതപ്പൂമണം നുകർന്നു്, സരസമ്മയുടെ മണം നുകർന്നു്, കാവിലെ മന്ദ്രമണിസ്വനവീചികൾ നുകർന്നു്, ഓർമ്മയുടെ സംഗീതം നുകർന്നു്, അവൻ കിടന്നു. രാത്രിയുടെ ഏതോ ഒരു യാമത്തിൽ അവന്റെ ഓർമ്മകൾ ഉറക്കത്തിനു വഴിമാറിക്കൊടുത്തു.

രാവിലെ കണ്ണുതുറന്നുനോക്കിയ വാസു കണ്ടതു് തന്റെ സമീപം കിടന്നു് സുഖമായി ഉറങ്ങുന്ന ഒരു തെരുവുനായയെയാണു് വാസു നിമിഷങ്ങളോളം ആ നായയെനോക്കിയിരുന്നു. അവന്റെ ചുണ്ടുകളിൽ ഒരു പുഞ്ചിരി വിടർന്നു. ചങ്ങാതിയുടെ ഉറക്കത്തിനു ഭംഗംവരുത്താതിരിക്കാൻ ശ്രദ്ധിച്ചു്, ശബ്ദമുണ്ടാക്കാതെ അവൻ എണീറ്റു. ട്രങ്കു് തുക്കി, അടുത്ത വാട്ടർപൈപ്പു് ലക്ഷ്യമാക്കി നടന്നു.

നഗരസാഗരതീരത്തു് വാസുവിന്റെ ഉദയാസ്തമനങ്ങൾ നീണ്ടു. ദിനരാത്രങ്ങളിലൂടെ അവൻ നഗരമെന്ന ബഹുമുഖപ്രതിഭാസത്തെ പരിചയപ്പെടുകയായിരുന്നു. നഗരത്തെ മെരുക്കിയെടുക്കാൻ ശ്രമിക്കുകയായിരുന്നു. പെട്ടെന്നൊന്നും അവന്നു വഴങ്ങാൻ കൂട്ടാക്കാതെ ഒരു വൻ മത്സ്യത്തെപ്പോലെ നഗരം വഴുതിമാറിനിന്നു.

ദിവസങ്ങളിലൂടെ പണമേറെ ചോന്നുപോകാതിരിക്കാൻ വാസു ശ്രദ്ധിച്ചു. പണച്ചിലവിന്റെകാര്യത്തിൽ അവൻ അസ്സലൊരു പിശുക്കനായി. ദിവസം ഒരു നേരത്തെ ഭക്ഷണംകൊണ്ടു് തൃപ്തിപ്പെട്ടു. അതുച്ചയ്ക്കാക്കി. ഉച്ചയ്ക്കു് ഏറ്റവും ചെലവുകുറഞ്ഞ പീടികയിൽകയറി അവൻ വയറുനിറയെ ചോറുണ്ടു. രാവിലെ ഒരു ചായകുടിച്ചു. ബാക്കിനേരങ്ങളിലൊക്കെ പച്ചവെള്ളംകുടിച്ചു് വയറു നിറച്ചു വല്ലാതെ വയറുന്തുന്ന ചില രാത്രികളിൽ ഒന്നോ രണ്ടോ പഴം വാങ്ങിത്തിന്നു. പണമുണ്ടാക്കാൻ കിട്ടിയ അപൂർവ്വം അവസരങ്ങൾ അവൻ ഉപയോഗിച്ചു. പച്ചക്കറിക്കമ്പോളത്തിൽ കച്ചവടത്തിന്നു കാറുകളിലെത്തിയ സമ്പന്നകളായ വീട്ടമ്മമാരുടെ മലക്കറിക്കൂടകൾ എടുത്തു് കാറിൽവച്ചുകൊടുത്താൽ കിട്ടുന്ന നാലണ അവന്നു വലുതായിരുന്നു. കമ്പോളത്തിലെ പല പീടികകളിൽ ഇമ്മാതിരി ചില്ലറച്ചുമടുകൾ കിട്ടി. നാലണയോ എട്ടണയോ കൂലികിട്ടി. കൂലിക്കു ചുമടെടുക്കാൻ ആദ്യമാദ്യം മടിതോന്നിയിരുന്നു. പിന്നീടതു മാറി. ഇതു നാടല്ലല്ലോ, ഇവിടെ ആരും പരിചയക്കാരില്ലല്ലോ എന്ന ബോധം ഉണർന്നു. കിട്ടിയ പണം അവൻ ഒരിക്കലും പെട്ടിയിൽ വച്ചില്ല. മുണ്ടിന്നടിയിൽ ധരിച്ചിരുന്ന നിക്കറിന്റെ കീശയിൽ ഭദ്രമായി നിക്ഷേപിച്ചു. പെട്ടപോയാലും പണം പോകരുതല്ലോ.

ഒരു രാത്രി പെട്ടി ഏതാണ്ടു് നഷ്ടപ്പെട്ടതാണു്. തുറമുഖത്തിന്നടുത്തൊരു തെരുവിൽ അടഞ്ഞ ഒരു ഗോഡൗണിന്റെ പുറം തിണ്ണയിൽക്കിടന്നുറങ്ങുകയായിരുന്നു വാസു. കിടക്കുമ്പോൾ എപ്പോഴും ഒരുകൈകൊണ്ടു് പെട്ടിയുടെ കൈപിടിയിൽ മുറുകെപ്പിടിക്കുക അവന്റെ പതിവായിരുന്നു. നല്ല ഉറക്കത്തിലാണു് അവൻ ഞെട്ടിയുണർന്നതു്. ഉണർന്നപ്പോഴേയ്ക്കും പെട്ടി അവന്റെ തലക്കീഴിൽനിന്നു് നീങ്ങിക്കഴിഞ്ഞിരുന്നു. പക്ഷേ, പിടിയിൽ കൈ ഉണ്ടായിരുന്നതുകൊണ്ടു് പെട്ടി മോഷ്ടാവിന്റെ കയ്യിൽപ്പെട്ടിരുന്നില്ല. വാസു ചാടിഎണീറ്റിട്ടും മറവൻ പിടിവിട്ടില്ല. വാസു കൈ വെട്ടിച്ചു വലിച്ചു് പെട്ടി കൈയ്ക്കലാക്കിയതും മറവൻ വലതുകാലെടുത്തു തൊഴിച്ചതും ഒരുമിച്ചായിരുന്നു. വന്നവൻ മലന്നടിച്ചു തെരുവിലേയ്ക്കുവീണു. പിടഞ്ഞെണീറ്റുനിന്നുനോക്കാതെ ഓടി. ശബ്ദംകേട്ടണഞ്ഞ തിണ്ണയുറക്കക്കാർ വാസുവിന്റെ ചുറ്റിലും കൂടി.

"എന്ന, എന്ന നടന്തതു്?"

അതുവരെ പഠിച്ച മുറിത്തമിഴിൽ മലയാളംകൂടി കലർത്തി വാസു പറഞ്ഞു: "തിരുടൻ! കക്കാൻ വന്തിരിക്കുന്നു!"

ആൾക്കൂട്ടത്തിലാരോ പറഞ്ഞു: "വിടക്കൂടാതു് തിരുട്ടപ്പയലെ!"

മറ്റൊരുത്തൻ പറഞ്ഞു: "അക്കാളെ ഓളി."

വാസു അവരെ സമാധാനിപ്പിച്ചു: "പോകട്ടെ. പറവായില്ല. പെട്ടി ഇതാ."

അവൻ പെട്ടികാട്ടി.

ജനരോഷം അടങ്ങി.

ആ രാത്രി വാസു പിന്നീടു് ഉറങ്ങിയില്ല തുറമുഖത്തു നങ്കൂരമടിച്ചിരിക്കുന്ന കപ്പലുകൾക്കു ചുറ്റുംകിടന്നലറുന്ന കടലിന്റെ

ആരവം കേൾക്കാൻതുടങ്ങി, വിളക്കുമരത്തിൽനിന്നും ഘീശിയടിക്കുന്ന ചുറ്റുവെളിച്ചം കൺകൊണ്ടു്, വാസു ആലോചനയിൽ മുങ്ങിക്കിടന്നു. നഗരത്തിന്റെ ഒരു മുഖമാണിതു്. ഇവിടെ ദുർബ്ബലനു രക്ഷയില്ല. മോഷ്ടാവു് പെട്ടി കൈക്കലാക്കിയിരുന്നെങ്കിൽ അതു് അവന്റേതായി തീരുമായിരുന്നു. തന്നെ സഹായിക്കാനോ തനിക്കുവേണ്ടി സാക്ഷിപറയാനോ ആരും ഉണ്ടാവുമായിരുന്നില്ല. അല്ലെങ്കിൽ എവിടെ സാക്ഷിപറയാൻ? തന്നെ സംരക്ഷിക്കാൻ കോടതിയോ നിയമങ്ങളോ ഉണ്ടോ? പെട്ടിയുംകൊണ്ടു് അവൻ കടന്നുകഴിഞ്ഞാൽ പിന്നെ മഷിയിട്ടുനോക്കിയാൽ അവനെ കണ്ടുകിട്ടില്ല. ഈ മഹാനഗരത്തിൽ അപ്രത്യക്ഷനാകാൻ അവനു് എത്ര എളുപ്പമായിരിക്കും? ഇനി എന്നെങ്കിലും എവിടെവെച്ചെങ്കിലും അവനെ കണ്ടുമുട്ടിയാൽതന്നെ തിരിച്ചറിയണമെന്നില്ല. തിരിച്ചറിഞ്ഞാൽതന്നെ അവൻസമ്മതിക്കുമോ? ആരുണ്ടു് സാക്ഷി? അവൻ തന്റെ നേരെ മൈക്കിട്ടു കേറുകയേ ഉള്ളു. തനിക്കെതിരെ ഉയരുന്ന കൈകളെ എതിർക്കാനും തമർത്താനും കഴിവും കരുത്തും ഉള്ളവനേ ഇവിടെ കഴിഞ്ഞുകൂടാനൊക്കൂ എന്ന പാഠം വാസു പഠിച്ചു. ഏതു നിമിഷത്തിലും എവിടെവെച്ചും ഏതുപകടവും സംഭവിക്കാമെന്നും അതിനെ നേരിടാൻ എപ്പോഴും തയ്യാറായിരിക്കണമെന്നും അവൻ തീരുമാനിച്ചു.

ഞാൻ തോല്ക്കുവാൻവന്നവനല്ല, അവൻ തനോടു തന്നെ പറഞ്ഞു, തോല്ക്കുവാൻ വരുന്നവനു് ഇവിടെ ജീവിക്കാൻ അർഹതയില്ല

തോല്ക്കാതിരിക്കാൻ വേണ്ടിയുള്ള നടപ്പിൽ അവൻ നഗരത്തിന്റെ വ്യത്യസ്ത മുഖങ്ങൾ കണ്ടു. പലപ്പോഴും വികൃതമായ ചീഞ്ഞുനാറുന്ന മുഖങ്ങൾ.

ഭാഷ പഠിച്ചു തുടങ്ങിയപ്പോൾ വാസുവിനു ചങ്ങാതിമാരെ കിട്ടി. അവനെപ്പോലെ അലഞ്ഞുതിരിയുന്നവരായിരുന്ന അവരിലധികം പേരും. അവനെപ്പോലും വിദ്യാഭ്യാസമില്ലാത്തവർ. ഗ്രാമങ്ങളിലെ പഞ്ഞിയിൽനിന്നു രക്ഷപ്പെടാൻ വേണ്ടി പഞ്ഞിയില്ലാത്ത ഒരു ജീവിതംകൊതിച്ചു് നഗരത്തിലേക്കു് ഓടിപ്പോന്ന അഭയാർത്ഥികൾ. ഭാഗ്യം അവക്കു് അഭയം കൊടുത്തു. നഗരത്തിന്റെ നിരത്തുകളും ഓടവക്കത്തെ ചീഞ്ഞുനാറുന്ന നടപ്പാതകളും കടത്തിണ്ണകളും എച്ചിൽ കൂഴികളും അവക്കു് അഭയം കൊടുത്തു. പക്ഷേ, പഞ്ഞിയിൽനിന്നു് പഞ്ഞിയിലേക്കു തന്നെയായിരുന്നു അവരുടെ യാത്ര. ജീവിക്കാൻവേണ്ടി അവർ എന്തുംചെയ്തു. വാസുവിനു് അറപ്പുതോന്നുന്നവയായിരുന്നു അവരുടെ പല പ്രവൃത്തികളും. അവരിൽ ഒരാളാകാൻ തനിക്കു് കഴിയില്ലെന്നു് അവൻ തീരുമാനിച്ചിരുന്നു.

എന്നിട്ടും അവരിൽ ചിലരോടു് അവൻ സംസാരിച്ചു. അവരിൽനിന്നു് നഗരത്തെക്കുറിച്ചു പലതും അറിഞ്ഞു.

നാട്ടിലെ കടലോരനഗരത്തിലെ കടൽതീരത്തെ അപേക്ഷിച്ചു് വളരെയേറെ വലുതും ഔപാലംകൃതവുമായ മഹാനഗരത്തിലെ കടൽത്തീരത്തും വേശ്യകളുണ്ടായിരുന്നു. അവിടെവച്ചു് അവൻ സവർഗ്ഗഭോഗികളായ ചെറുപ്പക്കാരെ കണ്ടു. വേശ്യകളും സവർഗ്ഗഭോഗികളും മഹാനഗരത്തിന്റെ കടൽതീരത്തു മാത്രമല്ല ഉണ്ടായിരുന്നതു്. ആഴ്ചപത്രി മതിലിനു മുൻപിലുള്ള ബസ്സ്റ്റാൻഡിലും നഗരത്തിന്റെ രക്തധമനി പോലേ ഒഴുകിയ എലക്ട്രിക് റയിൽവേലൈനിന്റെ ചെറിയ ചെറിയ സ്റ്റേഷനുകളുടെ പരിസരങ്ങളിലും തുറമുഖത്തിന്റെ ചുറ്റുവട്ടത്തിലും, എന്നുവേണ്ട നഗരത്തിന്റെ ഓരോ തെരുവിലും രാത്രിയുടെ മറപറ്റി അവർ ഇരതേടി അലഞ്ഞുനടന്നു. അവർ വെട്ടക്കിളികളെപ്പോലെ ആയിരുന്നു. പറ്റം ചേർന്നു് അവർ പറന്നുവന്നു. പക്ഷേ, ഇരകിട്ടിയപ്പോൾ അവർ ചിതറിപ്പോയി. കൊട്ടാരം പോലുള്ള കാറുകൾ പറക്കുന്ന വർണ്ണാഭമായ സായാഹ്നവസ്ത്രങ്ങളണിഞ്ഞു് വമ്പന്മാരും വമ്പത്തികളും പ്രതാപത്തിൽ ചുറ്റിസഞ്ചരിക്കുന്ന, അംബരചുംബികളായ സൗധങ്ങളുടെയും വിസ്മൃതമായ രാജപാതകളുടെയും സമ്പത്തിന്റെയും സമൃദ്ധിയുടെയും ഈ മഹാനഗരത്തിന്റെ മറുവശം എലി ചത്ത മാതിരി അഴുകിനാറിയപ്പോൾ മൂക്കുപൊത്തിപ്പിടിച്ചുകൊണ്ടെങ്കിലും നില്ക്കാനും എന്നാൽ എല്ലാം കാണാനും വാസു പഠിച്ചു.

അങ്ങനെ ഒരു നാൾ അവൻ പതിവിലേറെ സന്തുഷ്ടനായിരുന്നു. അവനു് അന്നു് രണ്ടു

റുപ്പികയുടെ പണി കിട്ടി. ആ ഉറപ്പുകൊണ്ടു് അവൻ വൈകിട്ടു് ലേശം ഭക്ഷണം കഴിച്ചു. ഒരു കടത്തിണ്ണയിൽ പതിവുപോലെ കൂടി. രാവേറെച്ചെന്നപ്പോൾ തന്റെ കാലുകളിൽ എന്തോ ഇഴയുന്നതുപോലെ തോന്നി. ഉണർന്നപ്പോഴേക്കും കാലുകളിൽ ഇഴഞ്ഞതു് അവന്റെ നിക്കറിനുള്ളിലേക്കു് ഇഴഞ്ഞുകയറുകയായിരുന്നു. വാസു ഞെട്ടി എണീറ്റു. അവൻ ഇഴഞ്ഞിരുന്ന സാധനം തപ്പിപ്പിടിച്ചു. അതൊരു കൈ ആയിരുന്നു. ഒരു ഇളംകൈ. അവൻ തുറിച്ചുനോക്കി. പഞ്ചപതിനാലു വയസ്സു് പ്രായംവരുന്ന ഒരു ചെക്കൻ. വാസു ജ്വലിച്ചു. മറവൻ വിറകൊള്ളുകയായിരുന്നു.

"എന്നാടാ വേണം?" വാസു ദേഷ്യത്തിൽ ചോദിച്ചു.

അവനെങ്ങനെ അറിഞ്ഞു താൻ നിക്കറിന്റെ കീശയിലാണു് പണം സൂക്ഷിക്കുന്നതെന്നു്?

മറവൻ മറുപടി പറഞ്ഞില്ല. അവൻ പേടിച്ചു വിറച്ചു്, നിശ്ശബ്ദനായിരുന്നു.

"എന്നാടാ വേണം?"

അവനു വേണ്ടതു പണമായിരുന്നില്ല.



അവൻ ദയനീയമായി വാസുവിനെ നോക്കി.

"ഉം, പോ," വാസു പറഞ്ഞു.

"ഇന്നേക്ക് ഒണ്ണുമേ ശാപ്പിടലേ അണ്ണാ" പയ്യൻ ദയനീയമായി നോക്കി.

വാസുവിനു് അനുകമ്പ തോന്നിയില്ല,

"പോടാ, പോ," വാസു അലറി." കൊൻറുവിട്ടവേൻ. ആമാ."

പയ്യൻ ഭയന്നു് എണീറ്റുപോയി.

വാസുവിനു ദേഷ്യത്തെക്കാളേറെ അറപ്പുതോന്നി. നാണംകെട്ട പരിഷ! നേരെ വന്നു ചോദിച്ചിരുന്നെങ്കിൽ ചായ കുടിക്കാൻ ചില്ലറ കൊട്ടക്കാമായിരുന്നു.

പയ്യൻ അപ്രത്യക്ഷനായി കഴിഞ്ഞു് വാസു വളരെനേരം ഉണർന്നുകിടന്നു. അവൻ വല്ലാത്ത ചിന്താക്കുഴപ്പത്തിലായിരുന്നു. "പാവം," അവൻ പിറുപിറുത്തു. "പാവം ചെറുക്കൻ!"

ഇടയ്ക്കു് മന്ദരണ്ടു തവണ വാസു സരസമ്മയ്ക്കു കത്തയച്ചു. മറുപടിവന്നില്ല. മറുപടി വരില്ലെന്നു് അവനറിയാമായിരുന്നു. അവന്റെ മേൽവിലാസം തെരുപീഠിയാണല്ലോ. കത്തുകളിൽ അവൻ തന്റെ ജീവിതരീതിയെക്കുറിച്ചു് എഴുതിയില്ല. നഗരത്തിന്റെ സവിശേഷതകളെക്കുറിച്ചെഴുതി. എന്നെങ്കിലും സരസമ്മയെയും അമ്മയെയും ഈ സ്വർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടുവരാം എന്നെഴുതി ഇവിടത്തെ ഭംഗികൾ വർണ്ണിച്ചെഴുതി. നാട്ടിലെ സുഹൃത്തുക്കൾക്കു് അന്വേഷണം എഴുതി. കാവിലമ്മയോടു് തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നെഴുതി.

ഇതിനിടെ വാസു മൊയ്തീൻകുട്ടി എന്നൊരു ചായക്കടക്കാരനെ പരിചയപ്പെട്ടിരുന്നു. യാദൃച്ഛികമായിട്ടാണു് മലബാർ കഫേ എന്ന മലയാളം പരസ്യപ്പലക കണ്ടതു്. വാസു ഊണുകഴിക്കാൻ അവിടെ കയറിച്ചെന്നു. മീൻകറിയും വറുത്തമീനും വാഴയ്ക്കാ മെഴുക്കുപുരട്ടിയും പപ്പടവും ചമ്മന്തിയും പുളിശ്ശേരിയും മോരും ഒക്കെക്കൂട്ടിയുള്ള ഊണു വാസുവിനു നന്നേ പിടിച്ചു. നിരക്കു് വളരെ മിതമായിരുന്നു. ഊണിനെക്കാൾ അവന്നിഷ്ടപ്പെട്ടതു് കടയുടമയുടെ സംസാരമാണു്. മലബാർ മുസ്ലിം മലയാളത്തിൽ അയാൾ തട്ടിവിട്ട ഫലിതങ്ങൾ അവിടുത്തെ പതിവുണ്ണികാരെയൊക്കെ രസിപ്പിച്ചു ഊണിന്നിടയിൽ പലതവണ വാസു പൊട്ടിപ്പൊട്ടിച്ചിരിച്ചുപോയി. വാസു ഊണമതിയാക്കാൻ തുടങ്ങിയപ്പോൾ മൊയ്തീൻകുട്ടി ചോറുപാത്രവുമായി അവന്റെ അടുത്തെത്തി.

"ഏയ് ബേശാകൂടി," അയാൾ പറഞ്ഞു.

"മതി," വാസു ചിരിച്ചു.

"ഏയ് അളുപറ്റിലു്." മൊയ്തീൻകുട്ടി ലേശം ചോറു നീക്കിനിട്ടുകഴിഞ്ഞിരുന്നു. "ശരിക്കു ബല്ലോം കയിക്കേണ്ട പ്രായാണു പഹയാ."

വാസു ചിരിച്ചുപോയി.

മൊയ്തീൻകുട്ടിതന്നെ പുളിശ്ശേരി മുകളിലൊഴിച്ചുകൊടുത്തു. വാസു ആ ചോറുകൂടി ഉണ്ടു.

അവൻ പരിചയപ്പെടുകയും അവിടെപ്പോയി, ചിലപ്പോൾ പതിവുണ്ണികാരുടെ ബഹളം തീരുവോളം അവിടെയിരുന്നു മൊയ്തീൻകുട്ടിയുമായി സംസാരിച്ചിരിക്കുക രസമായിരുന്നു. മൊയ്തീൻകുട്ടി പതിനാലാം വയസ്സിൽ വീട്ടിൽനിന്നു് ഒളിച്ചോടിയതുമുതൽ മലബാർ കഫേയുടെ ഉടമ ആയതുവരെയുള്ള കഥകളൊക്കെ പറഞ്ഞു. വാസുവും തന്റെ ചരിത്രം കുറെയൊക്കെ പറഞ്ഞു.

ഒരുനാൾ മൊയ്തീൻകുട്ടി ചോദിച്ചു.

"ഇജ്ജന്തിനാമോനേ എപ്പയും ഈ പെട്ടീം താങ്ങിപ്പിടിച്ചു നടക്കണെ. അയ്ന്റുള്ളിലെന്താ പൊന്നാ?"

വാസു ചിരിച്ചു. "പൊന്നൊന്നുമല്ല. അതുവയ്ക്കാൻ ഒരിടംവേണ്ടേ?"

മൊയ്തീൻകുട്ടി വാസുവിനെ അടിമുടി നോക്കി. നിമിഷങ്ങളോളം ആലോചനയിൽ മുഴുകിയിരുന്നിട്ടു് അയാൾ പറഞ്ഞു.

"നോക്ക്. അനക്കിടല്ലെങ്കി ഖദീബ്ട ബച്ചോ. ബ്ടന്നാരും എടുത്തോണ്ടു പോവുല്ല."

വാസുവിനു് എങ്ങനെ നന്ദിപ്രകടിപ്പിക്കണമെന്നു് അറിയില്ലായിരുന്നു. അവന്റെ കണ്ണുകൾ നനഞ്ഞു. പീടികയിൽ മറ്റാരുമുണ്ടായിരുന്നില്ല.

"എന്താമോനേ കരേണു്?" മൊയ്തീൻകുട്ടിയുടെ ശബ്ദം ആർദ്രമായിരുന്നു: "അനക്കിഷ്ടല്ലാച്ചാ ബേണ്ട, ട്ടോ. പെട്ടി അന്റെ കയ്യീത്തന്നെ ബച്ചോ."

അയാളുടെ നിഷ്കളങ്കത വാസുവിൽ തറഞ്ഞു. അവൻ പറഞ്ഞു. "ഇഷ്ടമില്ലാഞ്ഞിട്ടല്ല ചേട്ടാ. നിങ്ങളുടെ നല്ലമനസ്സി

നു് എങ്ങനെ നന്ദിപറയണമെന്നറിയാഞ്ഞിട്ടാ. ഞാൻ കരഞ്ഞതല്ല. സന്തോഷിച്ചതാ."

"അതെയോ?" മൊയ്തീൻകുട്ടി ചിരിച്ചു. "ഞമ്മള് ബല്ലാണ്ട ബേജാറായിപ്പോയി പഹയാ."

അയാൾ റാസുവിന്റെ തോളത്തുതട്ടി, അന്നു് പെട്ടി അവിടെവച്ചു് ഇറങ്ങും മുൻപ് വാസു ചോദിച്ചു: "ഒരു സഹായംകൂടിചെയ്യാമോ ചേട്ടാ?"

"ഞമ്മളെ ചേട്ടാന്നു ബിളിക്കണ്ട. അനക്കിശ്ടണ്ടങ്കി ലിയ്ക്കാന്നുബിളി. ഇല്ലാച്ചാ മൊയ്തൂന്നു്." ചിരിച്ചുകൊണ്ടു് മൊയ്തീൻകുട്ടി തുടർന്നു: "ഏതായാലും കാര്യം പറീൻ."

"ഞാനിപ്പിടുത്തെ അഡ്രസ്സ് കൊടുത്തോട്ടെ നാട്ടിലു്? ഇതുവരെ നാട്ടീന്നിങ്ങോട്ട കത്തുവന്നിട്ടില്ല."

"കൊടുത്തോ, കൊടുത്തോ." മൊയ്തീൻകുട്ടി സമ്മതിച്ചു. "ബല്ല പെണ്ണുങ്ങടെ എയ്ത്താണാ?"

വാസു നാണിച്ചു. "വല്ല പെണ്ണുങ്ങടെയുമല്ല."

"പഹയാ!" മൊയ്തീൻകുട്ടി ചിരിച്ചു. "അപ്പാപ്പിന്നർറ പെണ്ണിന്റെ. കൊടുത്തോ. നൂറുവട്ടം കൊടുത്തോ."

വാസു ആഹ്ലാദത്തിന്റെ ഉച്ചകോടിയിലായിരുന്നു. അവിടെത്തന്നെയിരുന്നു് അവൻ സരസമ്മയ്ക്കെഴുതി തന്റെ കഥ മുഴുവൻ, സരസമ്മയുമായുള്ള ബന്ധമുൾപ്പെടെ, അവൻ അന്നു മൊയ്തീൻകുട്ടിയോടു പറഞ്ഞു.

അടുത്തദിവസം ഉച്ചയ്ക്കു് ഉണ്ണാൻ ചെന്നപ്പോൾ വാസു തമാശയായി മൊയ്തീൻകുട്ടിയോടു ചോദിച്ചു. "മൊയ്തീൻകുട്ടിയ്ക്കാ, എനിക്കു കത്തുവന്നോ?"

"അടടാ ഹമുക്കേ!" മൊയ്തീൻകുട്ടി ചിരിച്ചു. എന്നിട്ടു് ഊണുകഴിച്ചുകൊണ്ടിരുന്ന എല്ലാവരോടുമായി പറഞ്ഞു: "കേക്കണ്ണ്ടോ ബിശായം. ഓനിന്നലെ എയ്തിയ കത്തിനു മറുപടിവന്നാന്നു്. എന്താ ഒരു പഹയൻ!"

കൂടിയിരുന്നവരൊക്കെ ചിരിച്ചു. വാസുവും.

രണ്ടുനാൾ കഴിഞ്ഞു്, അവരിരുവരും മാത്രമുള്ള ഒരു അപരാഹ്നത്തിൽ, മൊയ്തീൻകുട്ടിയുടെ പെട്ടെന്നുള്ള ഒരു ചോദ്യം വാസുവിനെ അമ്പരപ്പിച്ചുകളഞ്ഞു.

"നീ കേക്കോ?"

"ങേ!" വാസു നടുങ്ങി. അവന്റെ മുഖം വിവർണ്ണമായി.

മൊയ്തീൻകുട്ടി അവന്റെ തോളത്തുതട്ടി ആശ്വസിപ്പിച്ചു." ബെശമിക്കണ്ട മോനേ ഇല്ലങ്കി അനക്കിബ്ടക്കുടാം എന്തിനാ ബെറ്തെ ബയീല്കെടക്കണെ?"

"എന്റെ മൊയ്തീൻകുട്ടിക്കാ!" വാസുവിന്റെ കണ്ണുകൾ സന്തോഷംകൊണ്ടു നിറഞ്ഞു: "തിരുവള്ളിക്കാവിലമ്മ നിങ്ങളെ കാക്കും."

"കാത്തോട്ടെ, കാത്തോട്ടെ," മൊയ്തീൻകുട്ടി ചിരിച്ചു: "ഇന്നി ആയമ്മേട കൊറവ് ബേണ്ട."

<>

മുമ്പിലിരിക്കുന്ന വെള്ളക്കടലാസ്സിൽ വെറുതെ കോറി വരച്ചുകൊണ്ടു്, അർത്ഥമില്ലാത്ത, രൂപമില്ലാത്ത വാക്കുകൾ പകർത്തിവെക്കാനുള്ള കഴിവുകേടിനെ ശപിച്ചുകൊണ്ടു്; മുറിക്കകത്തെ മരക്കസേരയിൽ ഇരിപ്പുതുടങ്ങിയിട്ടു് മണിക്കൂറുകളായി. പ്രഭാതം വന്നു. വെയിൽ മൂത്തു. മദ്ധ്യാഹ്നത്തിൽ സൂര്യൻ പുരപ്പുറുകളിൽ കത്തിയെരിഞ്ഞു. പിന്നെ അതു്, തിരമാലകളെ ക്ഷണം സ്വീകരിച്ചു മുന്നോട്ടനീങ്ങുകയും, തളർന്നുമയങ്ങി, കടലിന്റെ മടിയിൽ വീണുമരിക്കുകയും ചെയ്തു. അപ്പോഴും അയാൾ എഴുതുകയായിരുന്നു. ഒരേപേജിൽ. ഒരേവരിയിൽ.

കണ്ണുകാണാൻ വയ്യെന്നായിത്തുടങ്ങിയപ്പോൾ, താനെഴുതിയതെല്ലാം വായിച്ചുനോക്കാൻ ഒരുമ്പെട്ടു. അതു വായിക്കാൻ അയാൾക്കു കഴിയുമായിരുന്നില്ല. താൻ ഒരിക്കലും പഠിച്ചിട്ടില്ലാത്ത ഒരു ഭാഷയുടെ, ഒരിക്കലും കണ്ടിട്ടില്ലാത്ത അക്ഷരങ്ങളുടെ വികൃതരൂപങ്ങൾക്കുമുമ്പിൽ, അയാൾ അന്തംവിട്ടു കുനിഞ്ഞിരുന്നു.

ഈ ലോകത്തിനു് എന്താണു പറ്റിയതു്? അയാൾക്കു് വിസ്മയം തോന്നി. ഇന്നലെയും മിനിയാന്നും അതു് സാധാരണമട്ടിലായിരുന്നവരല്ലോ. താൻ കാലത്തുണരുകയും, കുളിക്കുകയും, ഊണുകഴിച്ചു് പട്ടണത്തിൽപോകുകയും ചെയ്തു. ഒരുമണിക്കൂർ നേരം ബസ്സിലിരുന്നു്, ഓടുന്ന മരങ്ങളെ കണ്ടു. സന്ധ്യയ്ക്കു് വീട്ടിൽ തിരിച്ചെത്തി. ഉണ്ണുകയും, കിടക്ക സ്വയം തട്ടിക്കുടഞ്ഞുവിരിച്ചു് ഉറങ്ങുകയും ചെയ്തു. ഈ സമയത്തൊന്നും, ലോകത്തിനു് വിശേഷമായതെങ്കിലും സംഭവിച്ചതായി അറിഞ്ഞില്ല. ഒരുപക്ഷേ, ഇതെല്ലാം വെറും മിഥ്യാബോധങ്ങളാവാം. ലോകമെന്നു് താൻ തെറ്റിദ്ധരിച്ചതു് തന്നെക്കുറിച്ചുതന്നെയാവാം. സിരാതന്ത്രുക്കൾ എവിടെയൊക്കെയോ മുറിഞ്ഞു വേർപെട്ടിരിക്കുന്നു. ഇന്നലെ എന്ന സങ്കല്പം, കഴിഞ്ഞമാസത്തെക്കുറിച്ചുള്ളതാവാം. കഴിഞ്ഞജന്മത്തെക്കുറിച്ചുമാകാം.

ഇതൊന്നും ആലോചിക്കേണ്ട കാര്യങ്ങളല്ല. തന്റെ അസ്വസ്ഥതയുടെ കാരണത്തെക്കുറിച്ചുമാത്രം ചിന്തിക്കുവാനാണു് അയാൾ ഇഷ്ടപ്പെട്ടതു്. അതു് എന്താണെന്നു കണ്ടുപിടിക്കാനാവുന്നില്ലല്ലോ എന്ന വേവലാതിയിൽ സിരകളിൽ തീപ്പിടിച്ചു. കൊളുത്തിയപ്പോൾ. അയാൾ എഴുന്നേറ്റു് മുറിയിൽ ഉലാത്തുവാൻ തുടങ്ങി. തെക്കുനിന്നു വടക്കോട്ടു്, വടക്കുനിന്നു തെക്കോട്ടും, മൂലയിൽനിന്നു മൂലയിലേയ്ക്കും, കുറെനേരം നടന്നപ്പോൾ, താനെന്തൊരു വിഡ്ഢിത്തമാണു കാണിക്കുന്നതു് എന്നോർത്തു് അയാൾ സ്വയം ലജ്ജിച്ചു.

ഈ ദുഃഖത്തിനു പേരില്ലായിരിക്കാം. ഇതു് എന്റെ ശാപമായിരിക്കാനും മതി. എവിടെയും കണ്ടെത്താനാവാത്ത സുന്ദരപുഷ്പത്തിന്റെ ഇതളുകളുടെ സ്പർശനം കുളിർപകരുന്ന ഹൃദയത്തിന്റെ മൃദുലചർമ്മത്തിൽ, ജലം കിനിയുന്നുണ്ടോ? അനേകം രാവുകളിൽ. പകലുകളിൽ, നിന്നെ വേട്ടയാടിക്കൊണ്ടിരിക്കുന്ന ഭ്രതബാധ—



എ. വി. എം. നാരായണൻ

വ്യക്തമായ ഒരു മുഖദർശനമെങ്കിലും ലഭിച്ചെങ്കിൽ നന്നായിരുന്നു.

കാപ്പികുടിച്ചില്ല. ഊണുകഴിച്ചില്ല. ഓഫീസിൽ പോയില്ല. ഇതെല്ലാം നിർബന്ധിച്ചു ചെയ്യിക്കാൻ, തനിക്കു് ആരുമില്ല എന്നതും ഒരത്ഭുതമായിരിക്കുന്നു. അമ്മയുടെ വിളികേൾക്കാൻ കാതോർക്കുന്നു. അച്ഛന്റെ ശകാരം കേൾക്കാൻ ചെവി തരിക്കുന്നു. അമ്മയെവിടെ? അച്ഛനെവിടെ? നാലുപെങ്ങന്മാരുടെ ഒരേയൊരു സഹോദരനായ തനിക്കു് പെങ്ങന്മാരുമില്ലല്ലോ എന്ന ബോധം, തലയിൽ കടന്നൽക്കൂടിളക്കിവിടേണ്ടതില്ല. അവരുടെയെല്ലാം ഇംഗിതങ്ങളെ തള്ളിക്കളഞ്ഞപ്പോൾ, അതോർ



ലെ സയൻസ് ബ്ലോക്കിന്റെ പോർട്ടിക്കോവിൽനിന്ന് പെൺകുട്ടികളെനോക്കി തമാശ പറയാൻ പങ്കുകൂടിയവരാകാം. കണ്ടാൽ തിരിച്ചറിയാനാവാത്ത, മീശ മുളച്ച മുഖങ്ങളുടെ മുമ്പിൽ പകപ്പുകയും പരുങ്ങുകയും ചെയ്തപ്പോൾ, സ്വയം പരിചയപ്പെടുത്താനും ഓർമ്മ പുതുക്കാനും തിക്കിത്തിരക്കി മുന്നോട്ട കയറിവന്ന പട്ടികളെ പുച്ഛത്തോടെ നോക്കിനിന്ന. അമ്പതു പവന്റെ പണ്ടങ്ങളെയും. അമ്പതിനായിരം രൂപയേയും പററി പ്രസംഗിച്ചുനിന്ന അച്ഛന്റെ മുറുക്കിച്ചുമപ്പിച്ച മുഖത്തു, മനസ്സിന്റെ ശക്തമായ കൈപ്പത്തി കൊണ്ടു ആഞ്ഞടിച്ചു.

പട്ടണത്തിലെ ഹൈക്ലാസ്സ് ഹോട്ടലിൽ, മടിയിൽ കയറിയിരുന്ന് കഴത്തിൽ കൈചുററി സ്വകാര്യം പറയുന്ന കാബറേ നർത്തകിയുടെ തടിച്ച തുടകളെയും, ഒട്ടിയ വയറിനെയും, കർട്ടനുപിന്നിൽ കത്തഴിഞ്ഞുവീഴുന്ന മിനിസ്കർട്ടിന്റെ ഞൊറികളെയും വിസ്മരിക്കുക മാത്രമായിരുന്ന വിഷമംപിടിച്ച പണി. പല്ലുപൊന്തിയ, വലിയ കണ്ണുകളുള്ള കറുത്തുമെലിഞ്ഞ യുവതിയുടെ കനിഞ്ഞ തലമുടിയെ

ക്കേണ്ടതായിരുന്ന

മുറിയുടെ വാടകപരിരിക്കാൻ, ഉമസ്ഥൻ വന്നപ്പോൾ ചെക്കെഴുതി ഒപ്പിട്ടുകൊടുത്തു സ്വാമി വിസ്മരിച്ചു ചിരിച്ചിട്ട്, തീരാത്ത വിശേഷങ്ങൾ പറഞ്ഞുകൊണ്ട്, കസേരയിൽ പടിഞ്ഞിരുന്ന മുറുക്കിത്തുപ്പി സ്വാമിയെന്ന ശല്യം പോയിക്കിട്ടിയാൽ, കിടക്കയിൽ കമിഴ്ന്നുകിടന്ന് കുറെ കരയാമായിരുന്ന. കരയുന്നതെന്തിനാണ്? ഇന്നലെനിലവിളക്കിനുമുമ്പിൽനിന്ന് താലികെട്ടിയ പെൺകുട്ടിയെ ഓർത്താവണമെന്നില്ല. അവൾ ഭാര്യയായിരിക്കുന്ന. ഭർത്താവില്ലാത്ത ഭാര്യ. ആദ്യരാത്രിയിൽ കൂടെക്കിടക്കാൻ, കാച്ചിയ പാൽ നരയുന്നലോട്ടുളമ്പാതെ ശ്രദ്ധാപൂർവ്വം അടിവെച്ചടിവെച്ചു നടന്നുവരുന്ന കറുത്തുമെലിഞ്ഞ, വലിയ കണ്ണുകളുള്ള എല്ലുന്തിയ പെൺകുട്ടി—

അവൾ ഞെട്ടിയിട്ടുണ്ടാകും. ശൂന്യമായ മുറിയും, ഭംഗിയുള്ള വിരിപ്പിട്ട് മുല്ലപ്പൂക്കൾ വിതറിയ കിടക്കയും, അവളുടെ മുമ്പിൽ ആകാശംപോലെ മലന്ന കിടക്കുന്നതു കണ്ട്, നടുങ്ങിയിട്ടുണ്ടാകും.

—എവിടെ, എവിടെയാണെന്റെ പുരുഷൻ?

ഇരുപത്താറുവർഷങ്ങളിലെ കാത്തിരിപ്പിനു ശേഷം, പുരുഷന്റെ ശരീരഗന്ധവും ചൂടും അനുഭവിക്കാൻ കൊതിച്ചു കടന്നുവരുന്ന നവവധുവിന്റെ ഞെട്ടൽ!—

—നിന്നോടെനിക്ക് ഇഷ്ടമില്ല. ഞാൻ നിന്റെ മുഖം കാണാനാഗ്രഹിക്കുന്നില്ല. എന്നു പറഞ്ഞിരുന്നെങ്കിലോ? അവൾ കരയുമായിരുന്ന. കാലു പിടിച്ചു കിടന്നു തേങ്ങുമായിരുന്ന. സംഭവിച്ചതു് അതൊന്നുമായിരുന്നില്ലല്ലൊ. ഒന്നിനും അവസരം കൊടുക്കാതെ, ആരുമറിയാതെ, രാത്രിവണ്ടിയിൽ കള്ളനെപ്പോലെ കടന്നുകൂടിയ സഹദേവന്റെ മനോഭാവം എന്തായിരുന്നു എന്നു് ഈ ലോകത്തിൽ ആക്കും അറിവില്ലായിരുന്നവല്ലൊ.

പുസ്തകത്താളിലെ വക്രരേഖയിൽ അർത്ഥം കണ്ടെത്താൻ ചികഞ്ഞുപരതുന്ന പ്രകാശം മങ്ങിയ കണ്ണുകൾ നനയാൻപോലും ജലമില്ലെന്നായിപ്പോയോ? ആത്മവഞ്ചനയുടെ കഥയായിരിക്കാം ഇതു്. അതോടൊപ്പം പരവഞ്ചനയുടേതുമാകാം. അഥവാ, ആരും ആരെയും വഞ്ചിക്കുന്നില്ല. എല്ലാം സ്വാഭാവികമായി സംഭവിക്കുന്നു—

ഇങ്ങനെ വേണമെങ്കിൽ സമാധാനിക്കാം. വിവാഹം കഴിഞ്ഞു് മണിമുറുകൾ തീരുംമുമ്പു്, മണവറയിൽനിന്നു കള്ളനെപ്പോലെ കടന്നുകളഞ്ഞ ചെറുപ്പക്കാരന്റെ ഭ്രാന്തിനെപ്പററി ഗവേഷണം നടത്താൻ, ഡോ. സുലൈമാൻ രാപ്പകലുകളിൽ മുങ്ങിത്തപ്പട്ടെ നഗരത്തിലെ ഇടുങ്ങിയ മുറിയിൽ ഏകനായി, തുറന്നുവെച്ച നോട്ടപുസ്തകത്തിന്റെ മുമ്പിൽ, ആധുനിക കവിതപോലേ ആക്കും മനസ്സിലാകാത്ത അക്ഷരങ്ങൾ വരച്ചുകൂറിച്ചുകൊണ്ടിരിക്കുന്ന ഭീരുവിനെ, വിഡ്ഢിയെന്നോ ചണ്ഡാലനെന്നോ, പുരുഷത്വമില്ലാത്തവനെന്നോ വേണമെങ്കിൽ വിളിക്കാം.

ഈ ദുഃഖത്തിനു് ആദിയുണ്ടായിരുന്നില്ല അന്തവും ഉണ്ടാകാനിടയില്ല. അതു്, വെറുമൊരു വിവാഹത്തിന്റെ മുഹൂർത്തത്തെ ആശ്രയിച്ചു രൂപംകൊണ്ട സംഭവമാണെന്നും വരില്ല.

—നിനക്കു് നിന്നെക്കുറിച്ചൊന്നും അറിവുണ്ടായിരുന്നില്ല.

നിന്റെ പേരുപോലും നീ മറന്നുപോയി, സുകുമാരനെന്നും സഹദേവനെന്നും, തോമസ്കുരുവിളയെന്നും ആളുകൾ വിളിക്കുമ്പോൾ, വിളി കേൾക്കാൻ നീ ബാദ്ധ്യസ്ഥനാകുന്ന.

നിരവധി നാഴികദൂരം, തീവണ്ടിയിൽ ഇരുന്ന ചൂടുപിടിച്ച ചന്തി ഇളക്കിയും, ചരിച്ചും കൂടെക്കൂടെ മൂത്രപ്പുരയിൽ പോയി ദുർഗ്ഗന്ധ ശ്വസിച്ചും, സിഗററു വലിച്ചു പുകവിട്ടും, വീട്ടിലെത്തിയതു് സ്വന്തം വിവാഹത്തിൽ പങ്കുകൊള്ളുവാനായിരുന്ന എന്നു് വിശ്വസിക്കാതിരിക്കാൻ കാരണമൊന്നും ഉണ്ടായിരുന്നില്ലല്ലൊ. വരന്റെ പാർട്ടിക്കാർ സഞ്ചരിച്ച കാറുകളുടെ ഏററവും പിന്നിൽ, പിൻസീറ്റിൽ ചാരിക്കിടന്നു്, റസ്സലിന്റെ ബുദ്ധിയിൽ വിളഞ്ഞ കനമുള്ള മണികൾ കൊറിച്ചുകൊണ്ടിരിക്കെ, മറെറാന്നും ഓർക്കാതിരിക്കാൻപാട്ടപെട്ടതു്, അഹങ്കാരത്തിന്റെയും ഗൗരവത്തിന്റെയും ലക്ഷണമായി വ്യാഖ്യാനിച്ച പഴയ സ്നേഹിതന്മാരുടെ പിറുപിറുപ്പിനു് ചീവീടുകളുടെ കരച്ചിലിന്റെ വിലപോലും കല്പിക്കേണ്ടതില്ലായിരുന്ന. അവർ, പണ്ടു്, കൂടെപ്പഠിച്ചവരാകാം. തോളിൽ കൈവെച്ചു്, കോളേജി

രണ്ടു കൈയും ഉയർത്തി പൂമാലയിട്ടപോലെ, മരണം ഒരു കൂലംകയെപ്പോലെ കൺമുന്നിൽനിന്നു് ചൊമന്ന കാളിപ്പല്ലുകൾ കാട്ടിച്ചിരിച്ചുവോ? ഈ മാലയ്ക്കു്, വഴിയിൽക്കിടന്ന ചവിട്ടേറ്റു ചതഞ്ഞ മാങ്ങാറിപ്പൂവിന്റെ വിലപോലുമില്ല. ഈ താലിമാലയുടെ തിളക്കം, മുക്കുപണ്ടത്തിന്റെ തനിമയെക്കാൾ വികൃതമാണു്. ആയിരത്തഞ്ഞൂറുരൂപ കൊടുത്തു് മെഡോവിൽ വിലയ്ക്കുവാങ്ങിയ ഒരു രാത്രിയുടെയും, വെളുത്തു തുള്ളിത്തെറിക്കുന്ന യുവതത്തിന്റെയും, ഓർമ്മ ഒരു പണത്തുക്കത്തിന്റെ തലയിൽ അലിഞ്ഞലിഞ്ഞു തീരുമ്പോൾ, തെരുവുകൾ പിടഞ്ഞുപൊട്ടുകയും, തണുത്തു മരവിക്കുകയും ചെയ്തതു് ആരുടെ കുറ്റംകൊണ്ടായിരുന്നു?

തൊട്ടടുത്ത ഫ്ളാറ്റിലിരുന്നു് ഗിത്താർ വായിക്കുന്ന മിസ്. സൂസി ഫെർണാണ്ടിസിന്റെ ചുരുണ്ട ചെമ്പിച്ച അളകങ്ങളും, അവയ്ക്കു നടുവിൽ തക്കാളിപ്പഴംപോലെ തുടുത്ത കൊച്ചുമുഖവും, "... ഓ മൈഡിയർ ഡിയർ നാട്ടിബോയ്, വോൺഡ് യു കം വിത്തു് മി ഫോർ എ വാക് ദിസ് ഈവ്നിങ്?" എന്നു് ചുറുചുറുക്കുന്നതെ വാക്കുകൾ പെറുക്കിയെറിയുന്ന നേരിയ ചുണ്ടുകളും, ഒരു നിമിഷമുഴിയും, അതിന്റെ അഗാധതയിൽ മുങ്ങിമരിക്കാൻ കൊതിച്ചു ശ്വാസംപിടിച്ചു ചെറുപ്പക്കാരന്റെ നൂറു നൂറു രാത്രികളും, തന്നെ വേട്ടയാടിക്കൊണ്ടിരിക്കുമ്പോൾ, തലയണകൾക്കിടയിൽ മുഖം പൂഴ്ത്തി കമിഴ്ന്നുകിടന്നു് അയാൾ തേങ്ങിക്കരഞ്ഞു.

വാതിലിൽ തുടരെത്തുടരെ മുട്ടുന്ന ശബ്ദം കേൾക്കാതിരിക്കാൻ കാതുപൊത്തി. കാളിങ്ബെല്ലിന്റെ വയറുകൾ വലിച്ചുപൊട്ടിച്ചു. വരുന്നവർ നിരാശരായി മടങ്ങിപ്പോകട്ടെ. വിളിക്കുന്നവർ തൊണ്ടപൊട്ടി ചത്തുപോകട്ടെ. എനിക്കൊന്നുമില്ല. ഇവിടേക്കു് ആരും കടന്നുവരേണ്ട.

ഞാൻ ഒറ്റയ്ക്കു് എന്റെ ദുഃഖങ്ങൾക്കു കാവലിരിക്കട്ടെ. എന്റെ ശവം, എന്റെ തോളിലേറ്റി. ശ്മശാനത്തിന്റെ വലിയ കവാടം തുറക്കുന്ന മുഹൂർത്തം കാത്തു കാത്തു്, ഞാനിവിടെ നിന്നുകൊള്ളാം. സൂര്യൻ അസ്തമിച്ചാലും, പിന്നെയും ഉദിച്ചാലും, ഞാനതു് അറിയണമെന്നുണ്ടോ?

മലയാളനാടു് വാരിക

വരിസംഖ്യാ നിരക്കു്

ഒരുവർഷത്തേക്കു്	52–00രൂ.
ആറുമാസത്തേക്കു്	26–00രൂ.
ഒറ്റപ്രതി	1–00രൂ.

ഇന്ത്യക്കു പുറത്തുള്ള വരിസംഖ്യാ നിരക്കുകൾക്കു് ഓഫീസിലേക്കെഴുതുക.

മാനേജർ,
മലയാളനാടു് വാരിക,
കൊല്ലം—691013.

ഒരു പൂപോലെ മനോഹരിയായ സന്ധ്യ, സന്ധ്യയുടെ കവിളിലെ കനകകാന്തിയെപ്പറ്റി കവിതയെഴുതിയ കുട്ടി—കവിതയെ കഴുത്തഞ്ഞെരിച്ചു കൊന്നു് പണം വാരിക്കൂട്ടിയ ചെറുപ്പക്കാരൻ ഉറക്കെ പൊട്ടിച്ചിരിക്കുന്നു. ലാൽബാഗിലെ ശാഖോക്കുമരങ്ങളുടെ നിഴലിൽനിന്നു വിലപേശുന്ന ചെമന്ന ചുണ്ടുകൾക്കും, പ്രകാശംപൊലിഞ്ഞ കണ്ണുകൾക്കും, തോളിൽതുക്കിയ ട്രാൻസിസ്റ്ററിൽനിന്നൊഴുകിയ പോപ്മ്യൂസിക്കിന്റെ താളത്തിനൊത്തു നൃത്തംചെയ്യുന്നീങ്ങുന്ന വെളുത്ത കൊച്ചു കാലടികൾക്കും, ഇരുട്ടിൽ കാറിന്റെ പിൻസീറ്റിൽ ചാഞ്ഞുകിടന്നു്, തങ്ങൾക്കുള്ള ഊഴം വിളിച്ചറിയിക്കുന്ന ഫ്ളഷ്ഡോറിലെ ബൾബിന്റെ പച്ചവെളിച്ചത്തെ ഉറ്റുനോക്കുന്ന, അസ്വസ്ഥമായ കൂടവയറുകളുടെ ഉടമകൾക്കും, നിന്നെ ശരിക്കു മനസ്സിലായിട്ടുണ്ടോ? പണ്ടു് നീ ആരായിരുന്നു? സഹദേവനെന്ന മെലിഞ്ഞു വെളുത്ത ചെറുപ്പക്കാരൻ. എൽ. ഐ സി. യിലെ തടിച്ച ലഡ്ജറുകളിൽ പ്രീമിയം ജേണൽ പോസ്റ്റുചെയ്യുന്ന ലോവർ ഗ്രേഡ് അസിസ്റ്റന്റ് — മാസംതോറും വെറും ഇരുന്നൂറ്റിമുപ്പത്തിരണ്ടുരൂപ ശമ്പളംവാങ്ങി, മെസ്സിലെ കണക്കു തീർത്തു്, വീട്ടിലേയ്ക്കു മണിഓർഡർ അയച്ചു് വെറുംകൈയോടെ വിൻസൻ ഗാർഡൻസിലെ ലോഡ്ജിലേയ്ക്കു കാലുകൾ നീട്ടിവലിച്ചു നടക്കുമ്പോൾ, മിഴികൾ നിറഞ്ഞൊഴുകാറുണ്ടു്.

വാസുദേവന്റെ മുറിയിൽ റേഡിയോ ഉറക്കെ പാടിക്കൊണ്ടിരുന്നപ്പോൾ നിസ്സംഗതയുടെ വല്മീകമുണ്ടാക്കി, ഒന്നും കേൾക്കാതെ, ഒന്നും അറിയാതെ, തുറന്നവെച്ച പുസ്തകത്തിനു മുമ്പിൽ തപസ്സിരുന്നതു്— പ്രഭാതത്തിൽ വെയിൽ തട്ടുമ്പോൾ പുളിക്കുന്ന, ഉറക്കം മതിയാകാത്ത കണ്ണുകൾ തുടച്ചുകൊണ്ടു് മെജസ്റ്റിക് സർക്കിളിലുള്ള കോളേജിലെ മോണിങ് ക്ലാസ്സിലേയ്ക്കു് തിടുക്കത്തിൽ നടന്നുപോയതു്—ഓഫീസുവിട്ട വൈകുന്നേരങ്ങളിൽ, നഷ്ടരമിടാൻ തുറുമുഖമില്ലാത്ത കപ്പൽപോലെ അലഞ്ഞുതിരിഞ്ഞു് അവസാനം, നിറഞ്ഞുതിങ്ങിയ കൂരിരുട്ടിലെ ശവക്കോട്ടയ്ക്കകത്തെ മെഴുകുതിരിയുടെ വെളിച്ചത്തിൽ, സ്വന്തം പേരെഴുതിവെച്ച ശവകുടീരത്തിനു മുമ്പിൽ പകച്ചുനിന്നതു്—

—നിനക്കു് ഒന്നും മറക്കാൻ കഴിയില്ല, കഴിയില്ല, കഴിയില്ല.

നീട്ടിവളർത്തിയ മുടിച്ചുരുളുകളിൽ പേനകൾ അരിച്ചുനടക്കുന്നു. അവയുടെ കടിയേൽക്കുമ്പോൾ സുഖം ജനിക്കുന്നു. സുഖത്തിൽ മുങ്ങിമരിക്കാം. താജ് ഹോട്ടലിലെ എയർകണ്ടീഷൻഡ് ക്യാബിനിൽ സുന്ദരിയുടെ, പൂപോലെ മനോഹരമായ മുഖം മാറത്തമർത്തിപ്പിടിച്ചുകൊണ്ടു് രക്തജലം ചുണ്ടോടടുപ്പിക്കാം. പടവിയുടെ പടവുകൾ കയറിക്കയറി അത്യുന്നതത്തിലെ സമതലത്തിൽനിന്നു് താഴോട്ടു നോക്കുമ്പോൾ, ദരിദ്രമായ ഭൂതകാലം ശവക്കുഴിയിൽ ശാന്തമായുറങ്ങുന്നു. ഒരു മാസം ഓഫീസിലെ തടിച്ച ഫയലുകളിൽ സ്വയം കുഴിച്ചുമൂടിയാൽ, ഒന്നാം തീയതി കൈയിലെത്തുന്ന നോട്ടുകൾ, ഒരുദിവസത്തെ സ്വർഗ്ഗത്തിനു വിലകൊടുക്കാൻ മതിയാകും. മതി. ഇനിയെന്തിനു മറ്റൊരു ദിവസം? ഇനിയെന്തിനു വേറൊരു സ്വർഗ്ഗം?

മകനെ പെണ്ണുകെട്ടിക്കാൻമാത്രമാണു് അച്ഛൻ ജനിച്ചതു്. മരുമകളെ അരിയും പൂവുമിട്ടു സ്വീകരിക്കാൻവേണ്ടിയാണു് അമ്മ ജീവിച്ചതു്. സദ്യയൊരുക്കാൻ ബന്ധുക്കളും, വയറുനിറച്ചുണ്ണാൻ നാട്ടുകാരും സൃഷ്ടിക്കപ്പെട്ട അവരെല്ലാം സംതൃപ്തരായി. അതു മതിയല്ലോ.

—സഹദേവാ, നീ ജീവിക്കണമെന്നു് ആക്രം ആഗ്രഹമുണ്ടായിരുന്നില്ല. നിനക്കൊരു ഹൃദയവും, അതിൽ കുറച്ചു സ്വപ്നങ്ങളുംഉണ്ടെന്നു് ആരും അറിഞ്ഞില്ല.

നിലത്തു പുകഞ്ഞു ചാരമായ സിഗറ റ്റുകുറ്റികളിൽ ചവിട്ടി, മുറിയിൽ തെക്കുവടക്കു നടക്കുമ്പോൾ ചുമരിൽ ഒരു പുഴുവിന്റെ ശവം കടിച്ചുവലിച്ചുകൊണ്ടു് മുന്നോട്ടനീങ്ങുന്ന ഉറുമ്പുകളുടെകൂട്ടത്തെക്കണ്ടു് എത്രയെത്ര ഉറുമ്പുകൾ! എല്ലാവരുംകൂടി പുഴുവിന്റെ ശവം കൊണ്ടുപോകുന്നതു് എങ്ങോട്ടായിരിക്കും?

—പങ്കുവെച്ചു തിന്നാൻതന്നെയായിരിക്കും.

(ഒരുപക്ഷേ, കല്യാണംകഴിപ്പിക്കാനുമാവാം!)

കണ്ണടയ്ക്കുക. എവിടെയോ കൈവിട്ടുപോയ ജീവിതത്തിന്റെ സ്മരണകൾകൊണ്ടു മാലകോർക്കാം. അല്ലെങ്കിൽ, നിനക്കിനി സ്വന്തം ശവത്തിനു കാവലിരിക്കാം. ശ്മശാനപാലകൻ, ശവക്കോട്ടയുടെ വാതിൽതുറക്കുന്ന മുഹൂർത്തം കാത്തിരിക്കാം.

ഉടഞ്ഞു തകർന്നുകിടന്ന കപ്പിച്ചില്ലുകളിൽ അമർത്തിച്ചവിട്ടി, അയാൾ മുറിവിട്ടു പുറത്തിറങ്ങി. പുറത്തു നിറയെ ഇരുട്ടായിരുന്നു. ഇരുട്ടിൽ, വിൻസൻ ഗാർഡൻസിലെ ശവക്കോട്ടയുടെ പടുകൂറ്റൻ കവാടം തലയുയർത്തി നിന്നിരുന്നു. <>

(21-ൽനിന്നും തുടർച്ച)

നിന്നിരുന്നു. അതിനാൽ ഡാക്ടറുടെ അടുത്തു് എന്തുകൊണ്ടു് പോകുന്നില്ല എന്നല്ലാതെ ഉഷയോടെന്തുപറയാൻ!

ആറാമത്തെദിവസം ആരോ എന്നെ ഫോണിൽ അറിയിച്ചു. "ഉഷ മരിച്ചുപോയി അവൾ ആത്മഹത്യചെയ്തു."

ഞാൻ പരിഭ്രാന്തനായി ഉഷയുടെ കോട്ടേജിൽ ഓടിഎത്തി. ഉഷ തന്റെ കിടക്കയിൽ തലയിണയും കെട്ടിപ്പിടിച്ചു് മരിച്ചു് കിടക്കുന്നു തലയിണയ്ക്കരികിൽ ബീയറിന്റെ ഒഴിഞ്ഞ ഗ്ളാസ്സും, ഉറക്കഗുളികകളുടെ ഒഴിഞ്ഞ കുപ്പിയും കിടന്നിരുന്നു. മുറിയിലെ ബൾബ് എരിഞ്ഞുകൊണ്ടിരുന്നു.

കൾച്ചറിന്റെ പുരോഗതിയ്ക്കുവേണ്ടി ഒന്നും ചെയ്യാൻ സാധിയ്ക്കാത്തതിൽ എനിയ്ക്കു് അതിയായ ലജ്ജതോന്നി.

(അവസാനിച്ചു)

നവധാര

(24-ൽനിന്നും തുടർച്ച)

"മിസ്സിസ്" കേണൽ അമർനാഥ്". ഇവിടെ സിന്ധുമോൾ ചേരിയ ബഹളം. അവൾ എങ്ങിനെ നിങ്ങളെ പരിചയപ്പെട്ടു. ഇതു പെട്ടെന്നു് ഇങ്ങിനെ അടുക്കുമെന്നു് നിങ്ങളെ ഇപ്പോൾ റൂം കഴിക്കാൻ ക്ഷണിക്കണമെന്നവൾ വാശിപിടിക്കുന്നു. കുന്നിക്കുടംവരാൻ വിരോധമില്ലെങ്കിൽ ഇന്നു രാത്രി കപ്പ് ചായ കഴിച്ചിട്ടുപോകൂ. സിന്ധു ഒരു ഭയങ്കരിയാണു്. വരുമോ?"

"ഏതു നിങ്ങടെ റൂം?"

"ഇതാ സിന്ധു വരുന്നുണ്ടു്. കൂടെപ്പോരൂ."

എന്റെ കയ്യും പിടിച്ചു് ഏതോ ഒരു ഹിന്ദി സിനിമാപ്പാട്ടിന്റെ പല്ലവി പാടി അവൾ നടക്കുമ്പോൾ അവിചാരിതമായുണ്ടാവുന്ന ആത്മബന്ധങ്ങളെപ്പറ്റി ഞാൻ ആലോചിക്കയായിരുന്നു.

കേണൽ മിസ്സിസ് അമർനാഥ്! അത്യുത്തമകരമാംവിധം സുന്ദരിയായ, ഒത്ത ഉയരമുള്ള ഒരു യുവതിയായിരുന്നു. നിതംബപരിധി കഴിഞ്ഞു് ഞൊറിഞ്ഞുലഞ്ഞു കിടക്കുന്ന കബരീഭരം! രൊചനയുമുള്ള കണ്ണുകൾ! ചുണ്ടിൽ ചായം ഉണ്ടെന്നുള്ള തൊഴിച്ചാൽ യാതൊരു കൃത്രിമത്വവും ഇല്ലാത്ത പരമസുന്ദരി! കൈത്തണ്ടിൽ നിറയെ തങ്കവളകൾ! കഴുത്തുനിറയെ ആഭരണങ്ങൾ! ഫാറിൻ സ്ത്രീ — സാക്ഷാൽ മഹാലക്ഷ്മിയുടെ നമോവതാരം.

"ഇരിക്കൂ മിസ്റ്റർ രാജാരാമൻ," അവർ പറഞ്ഞു. ഞാനിരുന്നു. ഫോട്ടോസ്കിൽനിന്നു് അവർ ചായ വാങ്ങിത്തന്നു. ഞാൻ വാങ്ങി.

"മോർക്കു് ചോക്കുകൊറുകൊട്ടത്തുവെന്നും, അവളോടു വാത്സല്യം കാണിച്ചുവെന്നും അവൾ പറഞ്ഞു. നന്ദി."

"ഓ ... എനിക്കു് കുട്ടികളെ പ്രിയമാണു്. അതിനു നന്ദി എന്തിനു്. സിന്ധു മഹാമിടുക്കിയാണു്. അവളെവിടെ?"

ഞാൻ തിരിഞ്ഞുനോക്കി. കുട്ടിയെ അവിടെങ്ങും കാണാനില്ലായിരുന്നു. അവർ അവരുടെ ജീവിതകഥ പറഞ്ഞു. അവൾ മലയാളിയാണു്. ഭർത്താവു് ബംഗാളിയും. നേവിയിൽ ഒരു കേണലാണദ്ദേഹം. 14-ാം തീയതി വരുമെന്നും, പോർട്ടിൽ വരണമെന്നും എഴുതിട്ടുവന്നതാണു്. മൂന്നര മാസമായി. യാതൊരു വിവരവുമില്ല. കയ്യിൽ കുറച്ചു കാശുണ്ടായിരുന്നതു് തീർന്നു. അദ്ദേഹം വന്നാൽ ഞാൻ സമ്പന്നയാണു്. ഹോട്ടൽ ബില്ലിനു് അവർ നിർബ്ബന്ധിക്കുന്നു. കയ്യിൽ കാശുണ്ടെങ്കിൽ അറുന്നൂറുരൂപാ വേണം. രണ്ടുദിവസത്തിനകം അദ്ദേഹം വരും. വന്നിട്ടു തിരിച്ചുതരാം."

അവർ പറഞ്ഞതിന്റെ രത്നച്ചുരുക്കം ഇതായിരുന്നു. പറയുമ്പോൾ അവരുടെ സ്വരം ഇടറി. കണ്ണുകൾ സാരിത്തലപ്പുകൊണ്ടു തുടച്ചു. എന്നിട്ടു് ഇംഗ്ലീഷിലെ സുന്ദരപദങ്ങളിൽ ഇത്രയുംകൂടി പറഞ്ഞു.

"ഒൻപതുമാസമായി ഞങ്ങൾ പിരിഞ്ഞിട്ടു്. ലൈംഗികബന്ധംപോലുമില്ലാതെ ഏകാന്തരാത്രികൾ — ഈ കടലും നോക്കി ഒരു സ്ത്രീ ഭർത്താവിനെ കാത്തിരിക്കുക." ഒന്നാലോചിക്കൂ. എന്റെ യൗവ്വനം! താങ്കൾക്കു് എന്നെ രണ്ടുതരത്തിൽ ഹെൽപ്ചെയ്യാം.

ഒന്നു് ഒരു "ലോൺ" എന്നവിധം. മറ്റൊന്നു് എന്റെ പാതിരാകിടക്കവില്ക്കെട്ടുകൊണ്ടു്."

പെട്ടെന്നു സിന്ധു വാതിൽ ഇരുന്നുവന്നിട്ടു പറഞ്ഞു.

"അങ്കിൾ ഇന്നു ഞങ്ങടെ റൂമിൽ കിടക്കൂ എനിക്കീ മമ്മിയുടെ കരച്ചിൽ കേൾക്കാൻവയ്യ. ദേ, ആ ജനലഴിയിൽ പിടിച്ചു കടലിനെ നോക്കിനിന്നാ മമ്മി കരയുന്നതു്."

എനിക്കു് സ്ഥിരകളിലൂടെ ഒരു കളിനന്ദഭവപ്പെട്ടു. പതിനായിരംരൂപാ ചിലവിട്ടാൽപോലും ഇത്രയും ഒരു സുന്ദരിയുടെ സഹശയനം സാധ്യമല്ലന്നിരിക്കേ, അവിചാരിതമായിക്കിട്ടിയ ഈ സന്ദർഭം കളയുന്നതെങ്ങിനെ?

ഞാൻ അറുന്നൂറുരൂപാ അവക്കുകൊടുത്തു. അന്നു ഞാൻ ആ മുറിയിൽ ഉറങ്ങി. തറയിൽ ഒരു മെത്തയിൽ പുറംതിരിഞ്ഞു ഉറങ്ങാൻകിടന്ന സിന്ധു ഞാൻ പ്രഭാതത്തിൽ മുറിവിട്ടിറങ്ങുമ്പോഴും അങ്ങിനെതന്നെ കിടന്നു.

രഹസ്യമായി അവരുടെ മുറിയുടെ വാതിൽതുറന്നു എന്റെ റൂമിലേക്കു് നടക്കുമ്പോൾ അറുപത്തഞ്ചാംനമ്പർ റൂമിന്റെ നടയിൽ ഒരാൾ നില്ക്കുന്നുണ്ടായിരുന്നു.

"ഗുഡ്മോർണിംഗ്"" അയാൾ പറഞ്ഞു.

"ഗുഡ്മോർണിംഗ്"" ഞാനും.

"എങ്ങിനെയുണ്ടു് മിസ്സിസ് കേണൽ?" ഞാനൊന്നു ഞെട്ടിപ്പോയി. ഒരക്ഷരം പറയാനാവാത്തവിധം നാവു താണു. അയാൾ തുടർന്നു

"കൊള്ളാം. പക്ഷേ, അവർ ഈ പ്രവർത്തിക്കു് ആ പിഞ്ചുകുഞ്ഞിനെ ഉപകരണമാക്കുന്നതു് അത്ര ശരിയായിട്ടു എനിക്കു തോന്നുന്നില്ല. അഫ്കോഴ്സ്, ഇപ്പോ അറുന്നൂറുരൂപാകൊടുക്കുന്നതിലല്ല — ആ ഓമനപ്പെൺതൽ തന്റെ അമ്മക്കുവേണ്ടി ഈ സെക്സിനു് ഇറക്കുന്നതിലെ എനിക്കു് വിഷമമുള്ളു."

ഒരക്ഷരം മിണ്ടാതെ റൂമിലേക്കു നടക്കുമ്പോൾ തോന്നി — വ്യഭിചാരത്തിലും "നവധാര" കടന്നുവന്നോ?

— o —

കൊതുകും കുഷ്ഠവും

കൊതുകുകൾ മന്ത്രും മലമ്പനിയും മാത്രമല്ല കുഷ്ഠവും പരത്തുമെന്നു് പോണ്ടിച്ചേരിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ റിസർച്ചു് എന്ന സ്ഥാപനത്തിലെ ഗവേഷകന്മാർ കണ്ടെത്തിയിരിക്കുന്നു. അനോഫിലസ്, ക്യൂലക്സ് — ഈ രണ്ടുവർഗ്ഗം കൊതുകുകളുടെ ശരീരത്തിൽനിന്നും അവർ മന്തിന്റെ അണുക്കളെ വേർതിരിച്ചെടുക്കുകയുണ്ടായി.

പതിനഞ്ചു മുഖങ്ങളുടെ ചിരി

പി. സുബ്ബയ്യാപിള്ള

"ഇന്നു ലോകത്തിൽ രണ്ടേ രണ്ടു മഹാന്മാർ മാത്രം ജീവിച്ചിരിക്കുന്നു. അതിൽ ഒന്നു് ഗാന്ധിജിയാണു്. മറ്റെ ആളിന്റെ പേരുപറയാൻ വിനയം എന്നെ അനുവദിക്കുന്നില്ല."

ആരെന്നോ ഈ വിനയസമ്പന്നൻ? ജോർജ്ജ് ബർണാഡ് ഷാ! സത്യം പറഞ്ഞു് ലോകത്തെ ഇത്രമാത്രം വശംകെടുത്തിയിട്ടുള്ള വിശ്വസാഹിത്യനേതാവു് വേറെയാരാണുള്ളതു്? ചിരിയിൽ ചിന്തയും, ചിന്തയിൽ ചിരിയും കൂട്ടിച്ചേർത്തു്, ഞെട്ടിപ്പിക്കുന്ന വിമർശനവുമായി നാടകരംഗത്തു കടന്നുവന്ന സർവ്വാധിപത്യം സ്ഥാപിച്ച നാടകകൃത്തു്.

തനിക്കു മുഖങ്ങൾ പലതാണെന്നു ബർണാഡ് ഷാതന്നെ പറഞ്ഞിട്ടുണ്ടു്. ഒപ്പം ഒരു ലിസ്റ്റും തന്നിട്ടുണ്ടു്. പതിനഞ്ചുമുഖങ്ങൾ! ഏതൊക്കെയെന്നോ അദ്ദേഹത്തിന്റെ മുഖങ്ങൾ?

കലാവിമർശകൻ. സംഗീതവിമർശകൻ. സാഹിത്യവിമർശകൻ. നാടകവിമർശകൻ. നോവലെഴുത്തുകാരൻ. നാടകകൃത്തു്. ധനതത്വശാസ്ത്രജ്ഞൻ. തെരുവുലഹളക്കാരൻ. നാസ്തികൻ. ഫാബിയൻ സോഷ്യലിസ്റ്റു്. സസ്യഭുക്കു്, മനുഷ്യസ്നേഹി, പ്രസംഗകൻ വേദാന്തി പിന്നെ ഒരു തമാശക്കാരനും.

മനുഷ്യന്റെ കണ്ണിൽ വസ്തുക്കൾ പതിയുന്നതു തലകീഴായിട്ടാണല്ലോ. ശീലംകൊണ്ടു നാമതു നേരെ കാണുന്നുവെന്നുമാത്രം. കാണുന്നതു് അതേരീതിയിൽ തലകീഴായിത്തന്നെ നമ്മെ കാട്ടിത്തരുന്ന പ്രത്യേകത ഷായുടേതാണു്. ആക്ഷേപഹാസ്യത്തിന്റെ കണ്ണടയിൽ കൂടിയാണു് അദ്ദേഹം എന്തും കാണുക. കുറിപ്പുഴസാർ ഒരിക്കൽ പറഞ്ഞതുപോലെ, എല്ലാവക്കും ശരിയായി തോന്നുന്നതാവും അദ്ദേഹം തെറ്റായി കണ്ടുപിടിക്കുക.

മെലിഞ്ഞമനുഷ്യൻ. താടിക്കാരൻ കാഴ്ചയ്ക്കു സുഭഗനല്ല. ശ്രദ്ധിക്കാൻ വല്ലതുമുണ്ടെങ്കിൽ കസ്തൂരിനിറഞ്ഞ കണ്ണുകൾ മാത്രം. അന്തവും ചന്തവുമില്ലാത്ത വേഷം. വാർദ്ധക്യത്തിൽ അദ്ദേഹം സ്വയം വിശേഷിപ്പിച്ചതു് ഇങ്ങനെയാണു്.

"ബാക്കിവന്നിട്ടുള്ള ഒരെല്ലിൻകൂട്ടു്."

"പുറന്തള്ളപ്പെട്ട തള്ളൽവിദഗ്ദ്ധൻ."

സംഭവബഹുലമെന്നോ അനന്യസാധാരണമെന്നോ വിശേഷിപ്പിക്കാനൊന്നുമില്ലാത്ത ജീവിതം. ദാരിദ്ര്യവും കഷ്ടപ്പാടുമായിരുന്നു ആദ്യഘട്ടം.

അമ്മയിൽനിന്നു സംഗീതത്തിൽ പ്രതിപത്തിയുണ്ടായി സംഗീതത്തിൽ അല്പം ഭ്രാന്തുതന്നെയായിരുന്നു ഈ 'അതിമാനുഷനു്.' വന്ദ്യവയോവൃദ്ധനായി കഴിഞ്ഞിരുന്ന കാലത്തുപോലും, സമയത്തും അസമയത്തും ഇരുന്നു പാടിക്കൂട്ടുകയും, ഒരു പാതിരാവിൽ ഇങ്ങനെ പുറത്തുനിന്നു പാടുന്നയാളെ ശാസിക്കുവാൻവേണ്ടി, മുകളിലത്തെ നിലയിൽ പ്രത്യക്ഷപ്പെട്ട ആശ്രിതയോടു് പാട്ടിനിടയിൽ ഷാ ശക്തിയായി ആംഗ്യംകാട്ടി. "ഹും. പൊയ്ക്കൊള്ളകത്തു്."

അന്ത്യത്തോടടുത്തു് ഏതാനും ദിവസങ്ങൾ ആശുപത്രിയിൽ കിടക്കേണ്ടിവന്നു ഷാക്കു്. കാലൊടിഞ്ഞു്. ഒരു വയർലെസ് കമ്പനിക്കാർ അദ്ദേഹത്തോടു ചോദിച്ചു.

"ഏതു പാട്ടാണു് അങ്ങു് കേൾക്കാൻ ആഗ്രഹിക്കുന്നതു്?" പെട്ടെന്നായിരുന്നു മറുപടി. "കീഴടപ്പൂ ചാകുന്നു" എന്ന പാട്ടു്.

സാഹിത്യലോകത്തിലേക്കുള്ള ഷായുടെ പ്രവേശനംതന്നെ രസമായിരുന്നു. ശ്വാസംപിടിച്ചിരുന്നു് അഞ്ചു നോവലുകളെഴുതി. അഞ്ചും ഒരുമിച്ചു് പ്രസിദ്ധീകരണത്തിനയച്ചു അഞ്ചും ഒരുമിച്ചു തിരിച്ചുവന്നു. "വേണ്ട, സ്വീകാര്യമല്ല." വീണ്ടുമയച്ചു. വീണ്ടും നിരസിക്കപ്പെട്ടു. വീണ്ടും വീണ്ടും പിന്നെയുമയച്ചു എഴുപത്തിയഞ്ചുപ്രാവശ്യം! രക്ഷകിട്ടിയില്ല.

നാടകത്തിലേക്കു തിരിഞ്ഞു. സ്വന്തം രാജ്യം കണ്ടെത്തി. നിയമലംഘനങ്ങൾ പലതും നടത്തി, ആ രംഗത്തു്. ഫാബിയൻ സോഷ്യലിസം. അതിമാനുഷതത്വം, ജീവശക്തി. (തർജ്ജമ ശരിയാണോ എന്നു നിശ്ചയമില്ല. Life force എന്നാണു് പ്രയോഗിച്ചിട്ടുള്ളതു്. മനുഷ്യനെ ദേവനാക്കുന്ന ശക്തിവിശേഷം) ആക്ഷേപഹാസ്യത്തിന്റെ കുരമുകൾനിറഞ്ഞ നാടകങ്ങൾ. യുദ്ധത്തെപ്പറ്റി, വ്യഭിചാരത്തെപ്പറ്റി. ഉടൻകൊല്ലികളുടെ ചികിത്സാവിധികളെപ്പറ്റി. വിമർശനമർഹിച്ചിരുന്ന എല്ലാ രംഗങ്ങളെയും ഷാ പരാമർശിച്ചു, സ്വന്തം നാടകങ്ങളിൽ.

ഷായുടെ കഥാപാത്രങ്ങളിൽ പലരും വെറും പാവകളാണെന്നു പറയാറുണ്ടു്. ഷായുടെതന്നെ ഭാഷയും വാദമുഖങ്ങളും തത്വവിഷ്കരണവുമാണു് അവരിൽ കാണാൻകഴിയുക.

"ഇത്രയുംനാളത്തെ ചികിത്സയ്ക്കിടയ്ക്കു് ആത്മാവു് എന്നൊരു സാധനം ഞാൻ എങ്ങും കണ്ടിട്ടില്ല."

"ആനക്കഷണ്ടിക്കാരൻ മറ്റുള്ളവർക്കു മുടി മുളപ്പിക്കാൻ മരുന്നുമായി നടക്കുന്നു."

"പ്രസന്നയായ ഒരു സ്ത്രീയെപ്പോലെ നല്ല ടോണിക്കു് വേറെയുണ്ടോ?"

"വെടിയുണ്ടയുടനേക്കു മുക്കുകാണിക്കുന്ന ഏതു വിഡ്ഢിയും ഇന്നു ധീരനാണു്"

അലതല്ലുന്ന ഗംഭീരസാഗരമാണു ഷായുടെ നാടകലോകം. ഇത്രയധികം തുളച്ചുകയറുന്ന വാക്കുകളുണ്ടോ? ഞെട്ടിപ്പിക്കുന്ന ആശയങ്ങളുണ്ടോ?

"കഴിവുള്ളവർ നാടകമെഴുതുന്നു. അതില്ലാത്തവർ നോവലെഴുതുന്നു."

"കഴിവുള്ളവർ പ്രവർത്തിക്കുന്നു. അതില്ലാത്തവർ അദ്ധ്യാപകവേഷംകെട്ടി പഠിപ്പിക്കാൻ നടക്കുന്നു."

"മനുഷ്യൻ എത്രയധികം പ്രാകൃതനാകുന്നുവോ, കാടനാകുന്നുവോ, അത്രയധികം അവനു ശക്തിയും ആരോഗ്യവും കൂടും."

പ്രായോഗികജീവിതത്തിലും വളരെയധികം ഫലിതവും ഹാസ്യവും കാണാൻ കഴിയും. ഷായുടെകാര്യത്തിൽ, സുപ്രസിദ്ധമായ ഒരു കഥയുണ്ടല്ലോ. അതിസുന്ദരിയായ ഒരു നടി ഷായെ സമീപിക്കുന്നു. വിവാഹാഭ്യർത്ഥനയുമായി. കാരണമു

ണ്ട്", അവളുടെ സൗന്ദര്യവും ഷായുടെ ബുദ്ധിയും ഒത്തുചേർന്നുള്ള സന്താനഭാഗ്യം ലഭിക്കും.

"മറിച്ചായിപ്പോയെങ്കിലോ മാഡം? എന്റെ സൗന്ദര്യവും ഭവതിയുടെ ബുദ്ധിയും ചേർന്നുള്ള കുട്ടികളായിപ്പോയെങ്കിലോ?" ഇങ്ങനെ ഒരു മറുപടിനൽകാൻ ഷാക്കു മാത്രമേ കഴിയൂ. തലകീഴ്മറിച്ചുള്ള മറുപടി.

ഒരിക്കൽ ഷായോട് ഒരു സ്നേഹിതൻ ആവശ്യപ്പെട്ടു.

"അങ്ങു് നമ്മുടെ സ്ഥലത്തുവന്നു് ഒന്നു പ്രസംഗിക്കണം."

"പയൂ."

"എന്നാൽ ഞാൻ ആളുകളെ ഇങ്ങു കൊണ്ടുവരാം. ലണ്ടനിൽ."

"വേണ്ട. തീർത്ഥാടനം ഞാൻ മരിച്ചുകഴിഞ്ഞിട്ടുമതി."

ഒരു സ്കൂളിലെ കുട്ടികൾ ഷായെ പ്രസംഗിക്കാൻ കൊണ്ടുചെന്നു, അദ്ദേഹം പ്രസംഗത്തിനു കണ്ടുപിടിച്ച വിഷയമെന്തെന്നോ?

"ഞാൻ ഇത്ര വൃത്തികെട്ടവനായതെങ്ങനെ."

സചിത്രം ഗ്രാമത്തിലെ മഹിളാസമാജത്തിൽ ഷാ പ്രസംഗിക്കാനെത്തി. അവിടെവച്ചു് ഒരു പ്രഖ്യാപനം.

"ഏറ്റവും മോശപ്പെട്ട ആണിനോ പെണ്ണിനോ ഒരു സമ്മാനം നൽകാൻ ഞാൻ തയാറാണു്." സ്ത്രീകളെ നന്നാക്കാൻ തെരഞ്ഞെടുത്ത പ്രസംഗിച്ച വിഷയം.

"ശരിയ്ക്കു കലഹിക്കുന്നതെങ്ങനെ."

ഹാർവി എന്ന ബാർബർ ഒരിക്കൽ മുടിവെട്ടുന്നതിനിടയിൽ ഷായോടു രാഷ്ട്രീയം പറഞ്ഞുതുടങ്ങി. ഷായുടെ ഉപദേശം. "ഹാർവി നീ ചെറുപ്പമാണു്. ഇനിയും സമയമുണ്ടു്. ജനസഭയിൽചെന്നിട്ടാകാം ഈ രാഷ്ട്രീയ പ്രസംഗം."

ആളിനെക്കാണാതെ അല്പം തലമുടികിട്ടിയാൽ, ആളിന്റെ സ്വഭാവനിരീക്ഷണംനടത്താൻ കഴിവുള്ള ഒരു സിദ്ധനുണ്ടായിരുന്നു. ഹാർവി, ഷായുടെ കുറെ മുടി ശേഖരിച്ചു് അയാളെ കാട്ടി. പ്രസിദ്ധയായ ഒരു വന്ധ്യവയോവൃദ്ധയുടെ മുടിയാണതെന്നു സിദ്ധൻ നിഗമനംനടത്തി! വിവരമറിഞ്ഞു് ഷാ ചിരിച്ചുകൊണ്ടു പറഞ്ഞു. "ഇതല്പം കടുത്തുപോയി."

സന്ദർശകരോടും ക്ഷോമാന്വേഷകരോടും ഹാസ്യത്തിൽതന്നെയായിരുന്നു ഷായുടെ പെരുമാറ്റം.

"ഈ സന്ദർശകരെക്കൊണ്ടു് എനിക്കുണ്ടാകുന്ന ശല്യം ഷേക്സ്പിയറിനാണുണ്ടായതെങ്കിൽ, അദ്ദേഹത്തിന്റെ നാടകങ്ങൾ എണ്ണത്തിൽ ഇരുപതെങ്കിലും കുറഞ്ഞുപോകുമായിരുന്നു."

കാണാൻവരുന്നവരെ അകത്തു കടത്തില്ല. അവരുടെമേൽ ചൂടുവെള്ളമൊഴിക്കുമെന്നു ഭയപ്പെടുത്തും. പോലീസിനെ വിളിക്കാൻ തയാറെടുക്കും.

"എനിക്കാരോടും ഫോണിൽ സംസാരിക്കാൻവയ്യ. ജീവിച്ചിരിക്കുന്നവരായാലും മരിച്ചുവരായാലും."

ഒരിക്കൽ ഒരു സ്നേഹിതൻ അന്വേഷിച്ചു. "വീഴ്ചകാരണം ദേഹത്തിനു കുഴപ്പമൊന്നുംപറ്റിയില്ലല്ലോ."

മറുപടി.

"ഏതു വീഴ്ചയെപ്പറ്റിയാണു നിങ്ങളീപ്പറയുന്നതു്? ദിവസവും രണ്ടുപ്രാവശ്യമെങ്കിലും ഞാൻഅങ്ങുമിങ്ങും വീഴാറുണ്ടു്."

ഇനി മറ്റൊരു വശം. ശാന്തനും ലജ്ജാശീലനും ശിശുവിന്റെ നൈർമ്മല്യമുള്ളവനുംആയിരുന്ന ബർണാഡ്ഷാ.

ഒന്നാം ലോകമഹായുദ്ധത്തിന്റെ ആരംഭം, സചിത്രം പ്രൈവറ്റ്സെക്രട്ടറിയെ ബഹളംകാണിച്ചു് അദ്ദേഹം അടുത്തുവിളിച്ചു. ആകാശത്തിൽ നോക്കിനിൽക്കുകയാണു് അദ്ദേഹം. എന്തിനെന്നോ? വിമാനാക്രമണം കാണാൻ! വരുന്ന വിമാനങ്ങളുടെ എണ്ണം തിട്ടപ്പെടുത്താൻ. പ്രൈവറ്റ്സെക്രട്ടറിയെക്കൂടി ബോദ്ധ്യപ്പെടുത്താൻ. ശാന്തനായി എണ്ണിനോക്കിയിട്ടു് അദ്ദേഹം പറഞ്ഞു. "ആകെ ഇരുപത്തിരണ്ടു്."

രണ്ടാം ലോകമഹായുദ്ധത്തിന്റെ കാലം. വിത്തുകളിൽ വിഷമുണ്ടെന്നു കരുതപ്പെടുന്ന ഒരു ചെടിയുടെ അടുത്തുനിന്നു കൊണ്ടു് ഷാ ഭൃത്യനെ വിളിച്ചു. "ഈ ചെടിയുടെ കുറെ വിത്തുകൾ കവറിലാക്കി ഉടൻ ഹിറ്റ്ലർക്കയച്ചുകൊടുക്കൂ."

കുഞ്ഞുങ്ങളോടു ഷാക്കുണ്ടായിരുന്ന സ്നേഹം നിസ്സീമമായിരുന്നു. അടുത്തുള്ള ഒരു സ്കൂളിൽ മുട്ടായിവിതരണത്തിനായി ഷാ ഒരു തുക നൽകാറുണ്ടായിരുന്നു, കൃത്യമായി.

ഏതാനും മാസങ്ങൾമാത്രം പ്രായമുള്ള ഒരു കുഞ്ഞിനെ ലാളിച്ചുകൊണ്ടു് ഒരിക്കൽ ഷാ അതിനോടു പറഞ്ഞു.

"കുഞ്ഞേ. നീ വളരുമ്പോൾ ബർണാഡ്ഷാക്കു കൈകൊടുത്തിരുന്നുവെന്നു നിനക്കു മറ്റുള്ളവരോടു പറയാം. അപ്പോൾ അവർ ചോദിച്ചുവെന്നുവരും. ആരായിരുന്നു ആ ചെകുത്താൻ?"

ആരായിരുന്നു ബർണാഡ്ഷാ? ഒന്നിലും ഒരുതരത്തിലും തൊട്ടുങ്കിട്ടാത്ത മനുഷ്യൻ. മനുഷ്യസ്നേഹി, തമാശക്കാരൻ!

—o—

ജ്വലറിയുടെ കണ്ണാടിവാതിൽ പുറകിൽ നിശ്ശബ്ദം അടഞ്ഞതു് അറിഞ്ഞില്ല. മുന്നിലെ നിരത്തിലൂടെ ചിരിച്ചു കുഴഞ്ഞുനടന്നുപോവുന്ന സുന്ദരികളായ പെൺകുട്ടികളെ ശ്രദ്ധിച്ചില്ല. ജ്വലറിയുടെ മുകളിലത്തെ നിലയിലെ ബുക്സ്റ്റാളിൽനിന്നും ഇറങ്ങിവന്നു് സായിപ്പിനെ ധർമ്മം ചോദിച്ചുകൊണ്ടു് പിള്ളർ അലട്ടുന്നതു് നോക്കിയതേ ഇല്ല.

ഒരു ലക്ഷ്യവും ഇല്ലായിരുന്നു.

തിരിച്ചു് വീട്ടിലേക്കു പോയാലോ?

അതോ, ആൾത്തിരക്കിൽ, ഒഴുക്കിൽപെട്ട ഒരിലപോലെ അലഞ്ഞു തിരിയണമോ?



വസന്തൻ

എങ്ങിനെയാണു് ആ തിരക്കിൽ നാലഞ്ചു ചുവട്ടു് നടന്നതു് എന്നറിഞ്ഞുകൂടാ. എങ്ങോട്ടു പോകണം എന്നു് തീർച്ചയുണ്ടായിരുന്നില്ലല്ലോ.

പൊടുന്നനവെ തൊട്ടടുത്തു് സ്ക്കൂട്ടർ വന്നുനിന്നു.

ഞെട്ടിപ്പോയി.

"താനെന്താ, ആത്മഹത്യക്കു് തയാറെടുക്കുകയാണോ?" പോൾജോസഫിന്റെ ചിരിച്ച മുഖം. "ജ്വലറിയിൽനിന്നും ഇറങ്ങുന്ന കണ്ടല്ലോ?" താലി വാങ്ങാൻ കയറിയതാണോ?"

അപ്രതീക്ഷിതം ആയിരുന്നുകൂടിക്കാഴ്ച.

പോൾജോസഫ് സ്ക്കൂട്ടർ ഓഫ് ചെയ്യാതെ തന്നെ ചോദിച്ചു. "എങ്ങോട്ടാ? വീട്ടിലേയ്ക്കാണോ?"

"ഓ...അല്ല. വെറുതെ നടക്കാൻ ഇറങ്ങി."

"താനെന്താ വല്ലാതിരിക്കുന്നതു?..... സുഖമില്ലേ?"

"ഒന്നുമില്ല..." ശബ്ദം ഇടറിയോ?

"നൊ, നൊ...സംതിംഗ് റോങ്വിത്ത് യു...കമോൺ... നടക്കണ്ട. എവിടെയാണ് എന്നുവച്ചാൽ ഞാൻ ഡ്രോപ്പുചെയ്യാം." "വേണ്ട, പോൾ "

അയാൾ വണ്ടികുറച്ചുകൂടി റോഡരുകിലേക്കു നിത്തി, എഞ്ചിൻ ഓഫാക്കി. സ്ക്കൂട്ടർ സ്റ്റാൻഡിൽ വച്ചിട്ടു പറഞ്ഞു. "വരൂ നമുക്കൊരു കാപ്പി കുടിക്കാം."

തിരക്കു കുറഞ്ഞ ഹോട്ടലിലെ വലിയ ഡൈനിംഗ് ഹോളിൽ പോൾജോസഫിനെതിരെ ഇരിക്കുമ്പോൾ മനസ്സു സ്വസ്ഥത വീണ്ടെടുക്കുവാൻ ശ്രമിക്കുകയായിരുന്നു.

കുറച്ചകലെ ഇരിക്കുന്ന മധ്യവയസ്കനേയും സുന്ദരിയായ പെൺകിടാവിനേയും നോക്കി പോൾജോസഫ് എന്തോ കുസൃതി പറഞ്ഞു. അയാളുടെ ശബ്ദം കേൾക്കുക മാത്രമേ ഉണ്ടായുള്ളൂ.

പോൾ ജോസഫ് അതു ശ്രദ്ധിച്ചു. അയാൾ വീണ്ടും ചോദിച്ചു.

"ഡൈ ആർ യു സൈലൻറ് തനിക്ക് എന്തുപറ്റി."

"ഓ, ഒന്നുമില്ല."

ചിരിച്ചു വെയ്റർ കൊണ്ടുവന്നുവച്ച കാപ്പി നുണയുമ്പോഴും മനസ്സു അസ്വസ്ഥമായിരുന്നു.

അപ്പോൾ, പോൾജോസഫ് വീണ്ടും ചോദിച്ചു

"താനിപ്പോൾ എന്തുചെയ്യുന്നു?"

"ഒന്നുമില്ല ഒന്നും ചെയ്യുന്നില്ല.

"പഴയ ജോലി..."

"ഓ, എന്തുജോലി!"

"ഞാൻ വിചാരിച്ചു താൻ ഇപ്പോഴും ആ ട്യൂട്ടോറിയലിൽ പഠിപ്പിക്കുന്നുണ്ട് എന്നു."

"ഇല്ല. കഴിഞ്ഞ മാർച്ചു സെഷനോടെ അതവസാനിച്ചു സെപ്റംബറിൽ അവക്കു കുറച്ചു കുട്ടികളെ മാത്രമേ കിട്ടിയുള്ളൂ."

"അപ്പോൾ സ്വസ്ഥം ഗൃഹഭരണം, അല്ലേ?"

മറുപടി ഒന്നും പറഞ്ഞില്ല.

വെയ്റർ ബില്ലുകൊണ്ടുവന്നു.

എന്തെങ്കിലും സംസാരിക്കണമല്ലോ എന്നുവച്ചു പോൾജോസഫിനോട് ചോദിച്ചു.

"താൻ ഏന്നെത്തി?"

"ഇരുപത്തിരണ്ടാം തീയതി."

"ഇപ്പോൾ എന്താ വെക്കേഷൻ?"

ഒന്നും ഇല്ല. വർക്കിംഗ് ഡേയ്സ് ആണു് ഇടക്കു് മൂന്നുദിവസം ഒഴിവുണ്ടു്. തിങ്കളും വ്യാഴവും ലീവെടുത്തു. അപ്പോൾ ഒൻപതു ദിവസം "പോൾജോസഫ് ഇടുന്നു." പക്ഷെ, ഇവിടെ എത്തി രണ്ടു ദിവസം കഴിഞ്ഞതേ ഉള്ളൂ, മഹാബോറു്. ചിലപ്പോൾ ഞാൻ വ്യാഴാഴ്ച തന്നെ മടങ്ങും."

പുറത്തേക്കു് ഇറങ്ങിയപ്പോൾ പോൾജോസഫ് പറഞ്ഞു: "വരൂ, വീട്ടിലേക്കു പോവാം"

"വേണ്ട. ഇന്നി ഒരു ദിവസം വരാം."

അയാൾ ചിരിച്ചു. "നൊ. ഇന്നു് തനിക്കു് ഒരു പ്രോഗ്രാമും ഇല്ല എന്നു് എനിക്കറിയാം. വരൂ വീട്ടിൽ പെങ്ങൾ വന്നിട്ടുണ്ടു്. താൻ കുറെനാൾ ആയില്ലേ സൂസനെ കണ്ടിട്ടു്."

"കല്യാണത്തിനു കണ്ടതാണു്."

"മൂന്നുകൊല്ലം കഴിഞ്ഞു! ഷി ഹാസ് ബിഗൺ ടു ബിക്കം ബൾക്കി." പോൾജോസഫ് ഉടനു. "അളിയൻ ഇങ്ങോട്ടു് ഒരു ട്രാൻസ്ഫറിനു് ശ്രമിക്കുകയാണു്. സ്ക്കൂട്ടർ അളിയൻറതാണു്...അമ്മച്ചി പറഞ്ഞതു് തന്നെ കാണാറേ ഇല്ല എന്നാണു്. താൻ ഇപ്പോഴും ട്യൂട്ടോറിയൽ വർക്കു ചെയ്യുന്നുണ്ടു് എന്നാണു് അവരുടെയൊക്കെ വിചാരം."

വെറുതെ ചിരിച്ചു.

നഗരത്തിൻറെ തിരക്കിലൂടെ സ്ക്കൂട്ടർ ഒഴുകി. പോൾ ജോസഫ് എന്തെല്ലാമോ പറഞ്ഞിരുന്നു. എൻജിനീയറിംഗ് കോളേജിലെ സമരത്തെപ്പറ്റി, അഖിലേന്ത്യാ പര്യടനത്തെപ്പറ്റി, ചീപ്പ്റഷ്യൻ എഡീഷൻ ടെക്നിക്കൽ ബുക്കുകളെപ്പറ്റി...

പോൾജോസഫിൻറെ വീട്ടിലെ സ്വാ



ഗതം പതിവുപോലെ ഹൃദ്യമായിരുന്നു. അനാർഭാടമായിരുന്നു. അമ്മച്ചി ചോദിച്ചു. "പോളി ഉണ്ടു് എങ്കിലേ തനിക്കു് ഇങ്ങോട്ടു വന്നുകൂടൂ അല്ലേ?"

സൂസൻ തടിച്ചുകൊഴുത്തു് ഇരുത്തംവന്ന സ്ത്രീ ആയിരിക്കുന്നു. അവൾക്കു് പണ്ടത്തെ നാണം ഒന്നുംഇല്ല. അവളെ കളിയാക്കുവാൻ ചോദിച്ചു. അവിടെ ആളുകൾക്കു് റേഷനൊന്നും ഇല്ല അല്ലേ?"

അവൾ ചിരിച്ചപ്പോൾ, തുടുത്ത കവിളിൽ, പഴയപോലെ, നുണക്കുഴി തെളിഞ്ഞു.

"കാപ്പി വേണോ?" സൂസൻ ചോദിച്ചു.

"വേണ്ട. ഇപ്പോൾ കുടിച്ചതേ ഉള്ളൂ."

പോൾജോസഫിന്റെ മുറിയിൽ നിറയെ പുതിയ പുസ്തകങ്ങൾ ആയിരുന്നു. എൻജിനീയറിംഗിന്റെ പിടി കിട്ടാത്ത ഭാഷ. ആ ഭാഷ പഠിക്കുവാൻ എത്രകാലം ആഗ്രഹിച്ചതാണു"! അമർത്തിത്തൊട്ടാൽ ഇപ്പോഴും വേദനിക്കുന്ന മട്ടിൽ ഉള്ളുണങ്ങാത്ത മുറിവായി ആ ആഗ്രഹം മനസ്സിൽ എവിടെയോ കിടക്കുന്നു.

"ഞാൻ തന്നെ ഓർക്കാത്ത ഒറ്റദിവസവും ഇല്ല." പെട്ടെന്നു" പോൾജോസഫ് സഗൗരവം പറഞ്ഞു.

"ഉം?"

"കഴിഞ്ഞ എല്ലാ എക്സാമിനേഷൻസിനും ഞാനാണു" ടോപ്പ്സ്കോറർ എല്ലാ പേപ്പർസിനും എനിക്കു" ഡിസ്റ്റിങ്ഷനുണ്ടു" "

"കൺഗ്രാചുലേഷൻസ്."

"താങ്ക്യു. എനിക്കു" ഇപ്പോഴും അറിയില്ല അന്നു" ഗ്രിഡി എക്സാം ഫൈനലിനു" എനിക്കു" എന്തുപറ്റി എന്നു"."

ശരിയാണു". പോൾജോസഫു" പഠിക്കുവാൻ മിടുക്കനായിരുന്നു. താൻ ക്ലാസ്സിൽ ഒന്നാമൻ ആവുമ്പോഴെല്ലാം അയാളായിരുന്നു രണ്ടാമൻ. ചിലപ്പോഴൊക്കെ തന്നെ രണ്ടാംസ്ഥാനത്തേക്കു" അയാൾ തള്ളിനീക്കിയിട്ടും കൂടി ഉണ്ടു". ആ പോൾജോസഫിനാണു", ഡിഗ്രി പരീക്ഷയുടെ അവസാനദിവസം...

ഹോളിലേക്കു" കടക്കും മുൻപുതന്നെ പോൾജോസഫ് പറഞ്ഞു. "എനിക്കു" തീരെ വയ്യ. തലചുറ്റുന്നു. ഇന്നലെ രാത്രി ഉറങ്ങിയിട്ടേ ഇല്ല....."

ശരിയാണു". അയാൾ ആകെ വിളറിയിട്ടുണ്ടു". തൊട്ടുനോക്കിയപ്പോൾ അല്പം പനിയും തോന്നി.

എങ്കിലും സമാധാനിപ്പിച്ചു.

"സാരമില്ല. തനിക്കു തോന്നുന്നതാണു"."

ചോദ്യക്കടലാസു കിട്ടി. എല്ലാം അറിയാവുന്ന കണക്കുകൾതന്നെ. പോൾ ജോസഫ് ചോദ്യക്കടലാസിലേക്കു"നോക്കിയിരിക്കുകയാണു". പക്ഷേ, അയാളുടെ നോട്ടം ശൂന്യമായിരുന്നു. പിടിച്ചുനിൽക്കുവാൻ വയ്യാത്തമട്ടിൽ അയാൾക്കു" തളർച്ച അനുഭവപ്പെടുന്നുണ്ടോ?

ഒരു മണിക്കൂർ കഴിഞ്ഞു", ബെല്ലടിച്ചപ്പോൾ, അഡീഷണൽ ഷീറ്റിനു" എണീറ്റുനിന്നു. അപ്പോഴും പോൾജോസഫിനെ ശ്രദ്ധിച്ചു അയാൾ ആദ്യത്തെ പേജ് മറിച്ചിട്ടില്ല. നിസ്സഹായനായി അയാൾ തന്നെ നോക്കി. താഴ്ന്നസ്വരത്തിൽ അയാൾ പറഞ്ഞു:

"എനിക്കു വയ്യ. തലചുറ്റുന്നു."

"സാരമില്ല. ഒന്നും എഴുതണ്ട."

രണ്ടുമണിക്കൂർകൊണ്ടു" താൻ പേപ്പർ ആൻസർചെയ്തുകഴിഞ്ഞു. അപ്പോഴേയ്ക്കും പോൾ ജോസഫ്", കുറച്ചു സ്വസ്ഥത നേടിയിട്ടുണ്ടു". അയാൾ കണക്കുകൾചെയ്യുവാൻ ആരംഭിച്ചിട്ടുണ്ടു".

വീണ്ടും അഡീഷണൽഷീറ്റുവാങ്ങി. അവസാനത്തെ നാലു കണക്കുകൾ ഒരിക്കൽകൂടി ചെയ്തു. എക്സാമിനറുടെ കണ്ണുവെട്ടിച്ചു", ആ ഷീറ്റുകൾ പോൾ ജോസഫിന്റെ അടുത്തേക്കു നീക്കിവെച്ചു" പറഞ്ഞു: "കൂട്ടിക്കെട്ടിക്കോളൂ"

റിസൽട്ട വന്നപ്പോൾ, പോൾ ജോസഫിനും ഫസ്റ്റ്ക്ലാസ്" ഉണ്ടായിരുന്നു. അയാൾ തന്നെ കെട്ടിപ്പിടിച്ചു" ഒരു കൊച്ചുകുട്ടിയെപ്പോലെ കരഞ്ഞു. തനിക്കു" റാങ്ക്കിട്ടിയ ആഹ്ലാദത്തിനിടയിൽ, പോൾജോസഫിന്റെ ആനന്ദത്തിന്റെ ആഴം താൻ കണ്ടില്ല എന്ന കാര്യം ഇപ്പോൾ ഒരു കുറ്റബോധത്തോടെ ഓർത്തുപോവുന്നു.

പോൾജോസഫ് എൻജിനീയറിംഗ് കോളേജിൽ ചേന്നു.

പോൾജോസഫിന്റെ അച്ഛൻ സിവിൽസർജ്ജനാണു". എൻജിനീയറിംഗ് കോളേജിന്റെ ഗേറ്റുകൾ അയാൾക്കു മുന്നിൽ തുറന്നുകിടക്കും.

തന്റെ അച്ഛൻ പ്രൈമറിസ്കൂൾ അദ്ധ്യാപകനാണു". എൻജിനീയറിംഗ് കോളേജിന്റെ ഗേറ്റിനകത്തേയ്ക്കു" എത്തിനോക്കുവാൻപോലും തനിക്കു" അധികാരമില്ല.

എൻജിനീയറിംഗ്കോളേജിലെ വിശേഷങ്ങൾ ആദ്യമാദ്യം പോൾ ജോസഫ് എഴുതിയിരുന്നു. പിന്നെ എപ്പോഴോ കത്തുകൾ നിലച്ചു.

ഏതോ നഗരപ്രാന്തത്തിലെ വൈവിധ്യപൂർണ്ണമായ ജീവിതത്തിൽ മുഴുകിയ പോൾ ജോസഫ്", ജീവിതത്തിന്റെ പുലരികളിൽ ഉണരുന്ന പോൾ ജോസഫ്.

ഏതോ നാട്ടിൻപുറത്തിന്റെ നിത്യവിരസദിവസങ്ങളിൽ മുങ്ങിപ്പോയ താൻ ജീവിതത്തിന്റെ ഉറക്കംതൂങ്ങുന്ന, നിരുന്മേഷമുഹൂർത്തികളിൽ മരവിച്ചുപോകുന്ന താൻ.

"ഇതാ മാമ്പഴം തിന്നോളൂ." പോൾ ജോസഫിന്റെ സഹോദരി തൊലിചെത്തി പുളിയ മാമ്പഴം ഒരു പ്ലേറ്റിൽ കൊണ്ടുവന്നുവച്ചു. "കാപ്പി വേണ്ട എന്നല്ലേ പറഞ്ഞതു"? വേണമെങ്കിൽ പറഞ്ഞോളൂ."

"വേണ്ട. ഞങ്ങൾ കാഫിഹൗസിൽനിന്നും ഇങ്ങോട്ടു വന്നതാണു"."

"എന്നാൽ വേണ്ട."

"എന്നാണു" മടക്കം?" ലോക്യം ചോദിച്ചു.

"ഒന്നാംതീയതി."

പോൾ ജോസഫ് അവരുടെ കോളേജിൽ നടന്ന സയൻസ്സെമിനാറിനെപ്പറ്റിയാണു" സംസാരിക്കുന്നതു" എന്നു മനസ്സിലായി. എവിടെയവച്ചോ വാക്കുകൾ തന്നെ വിട്ടുപോവുന്നു.

താൻ ശ്രദ്ധിക്കുന്നില്ല എന്ന കാര്യം അയാൾ എപ്പോഴോ മനസ്സിലാക്കി. കുറച്ചു നേരം അയാൾ നിശ്ശബ്ദനായിരുന്നു.

പിന്നെ, തൊട്ടുവിളിച്ചുകൊണ്ടു" ചോദിച്ചു.

"പറയൂ, വാട്ടു" ഇസ് ദ മാറ്റർ വിത്തു" യു."

"ഒന്നുമില്ല."

"നോക്കൂ, പോൾ ജോസഫാണു" ചോദിക്കുന്നതു", പറയൂ, എന്തായാലും."

അയാളുടെ സ്നേഹമൂറുന്ന കണ്ണുകളിലേക്കു" നോക്കിയപ്പോൾ ഒന്നും ഒളിക്കുവാൻ തോന്നിയില്ല.

"തനിക്കു" എന്തോ മനഃപ്രയാസം ഉണ്ടു". തീർച്ച എന്നോടു പറയൂ."

അപ്പോൾ അയാളോടു പറഞ്ഞു "എന്റെ നാഗ്പൂരിൽ ഒരു ഇന്റർവ്യൂവിനു" വിളിച്ചിരിക്കുന്നു. നാളെ വൈകുന്നേരം പുറപ്പെടണം!

"ദാറ്റ് ഇസ് എ ഗ്രഡ് ന്യൂസ്. ബട്ട്" ഓഫ് ലക്കു"."

"ഏറ്റവും ചുരുങ്ങിയതു" ഇരുനൂറു രൂപ"യെങ്കിലും വേണം പോയിവരാൻ.

എന്റെ കൈവശം ഒന്നും ഇല്ല."

"ഇതാണോ കാര്യം?" പോൾ ജോസഫ് ചോദിച്ചു. താനിതു പറയാതെ മുഖം വീർപ്പിച്ചിരുന്നാൽ കാര്യം മനസ്സിലാ



വുമോ?"

"പണത്തിനു് ഞാൻ ഒരു വഴിയും കാണുന്നില്ല."

"ഞാൻ കാണുന്നുണ്ടു്. തനിക്കു് ഞാൻ പണം തരും."

അയാൾ കോണിയിറങ്ങി താഴേയ്ക്കുപോയി. അഞ്ചുമിനിട്ടിനകം തിരിച്ചുവന്നു. അപ്പോൾ അയാളുടെ കൈയിൽ മടക്കിയ ഒരു കവർ ഉണ്ടായിരുന്നു. അതു് പോക്കറ്റിൽ ഇട്ടശേഷം അയാൾ പറഞ്ഞു. "ഇരുനൂറുണ്ടു് മതിയോ?"

"മതി" എന്നു പറയുവാൻ വാക്കുകൾ വീണുമ്പി. അയാൾ തന്റെ പ്രയാസം ശ്രദ്ധിച്ചു എന്നു തോന്നുന്നു

"ഡോൺട്ട് ബി സില്ലി." എന്നിട്ടു് ചിരിച്ചു "ഇതു് കടം ആണു്. പലിശകൂട്ടി മടക്കിത്തരണം."

മനഃപൂർവ്വം, പ്രസന്നതഭാവിച്ചു.

"പോൾ ജോസഫ് ചോദിച്ചു. "താൻ എന്തിനാ ജൂവലറിയിൽ പോയതു്? വല്ലതും വില്ക്കാനാണോ?"

"അതെ. ഈ സാധനം" ഷർട്ടിന്റെ പോക്കറ്റിൽനിന്നും. ഒന്നാംറാങ്കു നേടിയപ്പോൾ കിട്ടിയ സ്വർണ്ണമെഡൽ എടുത്തു കാണിച്ചു

"മൈ ഗ്രഡ്നസ്!" പോൾജോസഫ് അത്ഭുതപ്പെട്ടു. "ഇതോ?"

"പക്ഷെ, ഇതു വില്ക്കേണ്ടിവന്നില്ല."

"?"

"ഇതു് സ്വർണ്ണമല്ല. സ്വർണ്ണം പൂശിയതാണു്. കഷ്ടിച്ചു് പതിനഞ്ചോ, ഇരുപതോ രൂപ കിട്ടും എന്നാണു് ജൂവലറിക്കാരൻ പറഞ്ഞതു്.....നമ്മുടെ ഡിഗ്രി പോലെത്തന്നെ."

പോൾ ജോസഫ് ചിരിച്ചില്ല. അയാളുടെ കണ്ണുകളിൽ നനവിന്റെ തിളക്കം ആയിരുന്നു.

<>

(8-ൽനിന്നും തുടർച്ച)

അങ്ങനെ പന്നിയെക്കുറിച്ചു് ഏകാഗ്രമായി തപസ്സുചെയ്തുകൊണ്ടു് പിന്നാലെ നടക്കവെ എങ്ങനെയോ അതെന്റെ മനസ്സിൽ കയറിക്കൂടി വാലുമാട്ടി നടക്കാൻ തുടങ്ങി.

പേടിക്കാനില്ല എന്റെ മനസ്സിലും പന്നിക്കു് പണ്ണിവരില്ല.

—o—

കുറേ ഉറങ്ങിക്കഴിഞ്ഞപ്പോൾ ദേവു് പറഞ്ഞു —

"സപ്പളും കൂടിപ്പോയി."

ഞാൻ കുഞ്ഞിയോടു പറഞ്ഞു—

"കുഞ്ഞീ നാളെ ഒരു ചൂരലുവാങ്ങിക്കൊണ്ടു തരണം."

ദേവു് ചോദിച്ചു—

"നിന്റെ തന്തയെ തല്ലാനൊ?"

വീണ്ടും ദേവു് പറഞ്ഞു—

"കുറച്ചു നാരങ്ങാവെള്ളം കൂടിച്ചതിനു് ഇത്രയും ബഹളമുണ്ടോ?"

ചിലപ്പോൾ ദേവിന്റെ അടുത്ത ചില സുഹൃത്തുക്കളുമായി വീട്ടിലിരുന്നു മദ്യപിക്കാറുണ്ടു്. അപ്പോഴൊക്കെ ദേവു് വളരെ നിയന്ത്രിച്ചുമാത്രമേ കഴിച്ചിരുന്നുള്ളു.

എനിക്കു മദ്യത്തെപ്പോലെ ഇത്രയും ഭയവും വെറുപ്പുമുള്ള ഒരു വസ്തു വേറെയില്ല. ആരു മദ്യം കഴിച്ചാലും ഞാൻ അവരോടു പറയും.

"നിങ്ങൾ നശിക്കരുതു്."

ഒരു ദിവസം ശിവരാമപിള്ള എന്നോടു പറഞ്ഞു—

"മണ്ണാറശാലയിൽ ഒരു ഉരുളി വാങ്ങിവയ്ക്കണം. അവിടത്തെ കഥകളെ പറ്റി കേട്ടിട്ടില്ലെ? സാറിനോടു ഞാൻ പറഞ്ഞിട്ടുണ്ടു്."

"സാറിനു് ഇതിലൊന്നും വിശ്വാസമില്ലല്ലൊ. എന്നോടു ഈ കാര്യം പലരും പറഞ്ഞിട്ടുണ്ടു്."

ദേവിനോടു ഞാൻ ചോദിച്ചു— "മണ്ണാറശാലയിൽ ഉരുളി വാങ്ങിവയ്ക്കുന്നതിൽ വിശ്വാസമുണ്ടോ?"

"നീ എന്തു പറഞ്ഞിരുന്നാലും എനിക്കു വിശ്വാസംതന്നെ."

അത്ഭുതത്തോടെ ഞാൻ ചോദിച്ചു—

"ദൈവവിഗ്രഹത്തെ കല്ലാക്കി പരിഹസിക്കുന്ന കേശവദേവിനു് മണ്ണാറശാലയെ പറ്റി എങ്ങനെ വിശ്വാസമുണ്ടായി."

ദേവു് പറഞ്ഞു—

"ഡാക്ടർ അസുഖമെല്ലാം മാറ്റി. ഇനി ദൈവകോപമുണ്ടെങ്കിൽ ഉരുളിക്കുടി വാങ്ങിവയ്ക്കാം."

ഒരു കുഞ്ഞിനെ കിട്ടാനുള്ള ദേവിന്റെ ആഗ്രഹം മനസ്സിലാക്കിയിട്ടു് ഞാൻ പറഞ്ഞു—

"ഞാൻ ചെറുപ്പായമല്ലെ? ഇനി എത്രയെങ്കിലും സമയമുണ്ടല്ലൊ:"

നാലഞ്ചു ദിവസം അങ്ങനെ കടന്നുപോയി. ദേവിന്റെ സുഹൃത്തുക്കൾ മിക്കവരും എന്നോടു ചോദിച്ചും—

"സീതേ വിശേഷം വല്ലതുമുണ്ടോ?"

ശ്രീമതി ശാന്ത ഒരു ദിവസം എന്നോടു പറഞ്ഞു—

"ഈ പട്ടിയുമായിട്ടുള്ള കളി നിൽക്കട്ടെ"

"അതെന്താ?"

"ഒരു കുഞ്ഞുണ്ടാകട്ടെ"

ഞങ്ങൾ രണ്ടുപേരുമായി തർക്കിച്ചു എന്നിട്ടു ഞാൻ പറഞ്ഞു—

"കുഞ്ഞുണ്ടായാലും പട്ടിയുമായി കളിയ്ക്കും."

ഒരുദിവസം ശിവരാമപിള്ളയുടെ ടാക്സിയിൽ ദേവു് ബാങ്കിൽ പോയി. രണ്ടുമൂന്നുമണിക്കൂർ കഴിഞ്ഞപ്പോൾ ദേവു്

ഭൂമിയുടെ അവകാശികൾ

സീതാലക്ഷ്മീദേവ്

വന്നു. ശിവരാമപിള്ള വിശാലമായ ഒരു ചിരിയോടെ ഒരു പൊതിയും കൈയിൽ പിടിച്ചുകൊണ്ടു് ഗേറ്റു തുറന്നു. മുമ്പിൽ ദേവുണ്ടു്. ദേവു് മുറിയിൽ കയറി. ശിവരാമപിള്ള പൊതി എന്റെ കൈയിൽ തന്നിട്ടു ചിരിച്ചു.

ഞാൻ ചോദിച്ചു—

"എന്താ ശിവരാമപിള്ളെ ഈ പൊതി ചിരിക്കുന്നതെന്താ?"

"ചെറിയ ഉരുളി. മണ്ണാറശാലയിൽ വയ്ക്കാനായി വാങ്ങിത്തന്നു." ഞാൻ ദേവിനെ നോക്കി ചിരിച്ചു. ഉരുളിയുമായി മുറിയിൽ കയറി കുഞ്ഞിയെ വിളിച്ചു. കുഞ്ഞി പറഞ്ഞു— "അയ്യോ...അപ്പിയ്ക്കു്"

ഇപ്പോൾ തുടക്കല്ലെ? ഞാൻ വെള്ളം തളിച്ചു് അലമാരിയിൽ വയ്ക്കാം."

"വേണ്ട കുഞ്ഞി പെൺദൈവത്തിനും തുടക്കുണ്ടാകും. ഞാൻ തന്നെ അലമാരയിൽ വയ്ക്കാം."

ദേവു് വാങ്ങി കൊണ്ടു വന്ന ഉരുളി അലമാരയിൽവച്ചു.

ഒരു മാസത്തോളം കടന്നുപോയി. മണ്ണാറശാലയിൽ ഉരുളികൊണ്ടു വച്ചില്ല. അലമാരയിൽ തന്നെ ഇരിയ്ക്കയാണു്—

ഞാൻ ഇടക്കിടക്കു ഡാക്ടറുടെ വീട്ടിൽ പോകുന്നുണ്ടു്. അദ്ദേഹം പറഞ്ഞു. പെട്ടന്നു ഗർഭമാകും. യാതൊരു കുഴപ്പവുമില്ല. ദൈവത്തെ പ്രാർത്ഥിക്കണം. അദ്ദേഹം വലിയ ദൈവവിശ്വാസിയാണു്.

ദിവസങ്ങൾ കടന്നു പൊയ്ക്കൊണ്ടിരുന്നു.

ഒരു ദിവസം ഞാൻ ദേവിനോടു പറഞ്ഞു.

"എനിയ്ക്കു വല്ലാതെ വരുന്നു. ഞാൻ മരിച്ചു പോകുമെന്നു തോന്നുന്നു. ഒരു തളർച്ച."

എഴുതിക്കൊണ്ടിരുന്ന അദ്ദേഹം ചാടി എണീറ്റിട്ടു് എന്നേയും പിടിച്ചുകൊണ്ടു് ഫോണിനു സമീപമെത്തി. എന്നോടു പറഞ്ഞു.

"ഡാക്ടരെ ഒന്നു വിളിയ്ക്കു."

ഞാൻ ഡാക്ടരെ വിളിച്ചു. ഡാക്ടർ ചോദിച്ചു—

"ഛർദ്ദിയ്ക്കുന്നുണ്ടോ?"

"ഇല്ല."

"ആകേണ്ട തീയതി കഴിഞ്ഞിട്ടു് എത്ര തീയതി കഴിഞ്ഞു.

"തീയതി കഴിഞ്ഞു. ഏഴു ദിവസം കൂട്ടലായി."

"ഇങ്ങോട്ടൊന്നു വരണം. ഞാൻ നോക്കട്ടെ."

കുഞ്ഞിയെ ടാക്സിക്കു പൂജപ്പുര വീട്ടു കാറിനേയും കുഞ്ഞിയേയും കാണുന്നില്ല. കാത്തിരുന്ന ഞാൻ മടുത്തു.

ദേവിനോടു ഞാൻ പറഞ്ഞു—

"ഞാൻ മരിച്ചുപോയിട്ടു കാറു വരുമായിരിയ്ക്കും."

പെട്ടന്നു് ഗേറിനടുത്തു കാറുനിന്നു. കുഞ്ഞി കാറിൽനിന്നിറങ്ങി.

ഞാനും ബേബിയുമായി കാറിൽ കയറി. ഡാക്ടറുടെ വീട്ടിൽ പോയി. അദ്ദേഹത്തിന്റെ പരിശോധനമുറിയിൽ നിറച്ചാളാണു്. എത്ര ആളുണ്ടായിരുന്നാലും പച്ച മലയാളത്തിൽ അദ്ദേഹം രോഗവിവരം ചോദിയ്ക്കും.

ഞാൻ നേരെ അദ്ദേഹത്തിന്റെ അടുത്തെത്തി. ഡാക്ടർ ചോദിച്ചു—

"എന്താ അസുഖം."

"ഡാക്ടർ എന്തോ പോലെയൊക്കെ തോന്നുന്നു. ഒന്നും കഴിയ്ക്കാനും തോന്നുന്നില്ല."

ചിരിച്ചുകൊണ്ടു് അദ്ദേഹം നേഴ്സിനോടു പറഞ്ഞു—

"ലളിതേ! തെർമ്മോമീറ്ററെടുത്തു് ചുടൊന്നു നോക്കൂ."

ലളിത എന്റെ വായിൽ തെർമ്മോമീറ്റുവച്ചു് ചൂടുനോക്കി. കുടുതലുണ്ടു്. ഡാക്ടർ ചിരിച്ചുകൊണ്ടു പറഞ്ഞു—

കേരള രാഷ്ട്രീയത്തിലും പത്രലോകത്തും
കോളിളക്കംസൃഷ്ടിച്ച

നവാബു്

തലസ്ഥാനനഗരിയിൽനിന്നും വീണ്ടും വാരികയായി പ്രസിദ്ധീകരിക്കുന്നു!

സൈസു് : ഡമ്മി അര
പേജു് : 16
കോപ്പി വില : **75** പൈസ

എഡിറ്റർ: ടി. എ. രാജേന്ദ്രൻ

"പനിയല്ല ഇതു് കുഴപ്പം പറ്റിയെന്നു തോന്നുന്നു. കേശവദേവിനോടു ചോദിച്ചാലറിയാം."

അവിടിരുന്ന ആണും പെണ്ണുമായ രോഗികളും നേഴ്സും എല്ലാപേരും ഉറക്കെ ചിരിച്ചു. ഞാൻ ലജ്ജയോടെ ഡാക്ടരോടു പറഞ്ഞു—

"ഡാക്ടർ തളർച്ചയല്ല എന്തെങ്കിലും മരുന്നു തരണം."

അദ്ദേഹം കുറേ ഗുളിക തന്നിട്ടു എന്നോടു പറഞ്ഞു—

"ഇതു മുഴുക്കെ സേവിക്കണം. എന്നിട്ടു് മെൻസ്സസു് ആകുന്നില്ലെങ്കിൽ ഗർഭമാണു് ഇതു് കൂടിനോക്കട്ടെ."

ഞാനും ബേബിയും വീട്ടിൽ വന്നു. ദേവു ചോദിച്ചു—

"എന്താ അസുഖം?"

ഞാൻ ഡാക്ടർ പറഞ്ഞതുപോലെ വിവരിച്ചു പറഞ്ഞു.

ദേവിനു് ആഹ്ലാദംകൊണ്ടു് മിണ്ടാൻ വയ്യാത്ത ഒരന്തരീക്ഷം. എന്നെ വാരിപ്പുണർന്നു.

ഞാൻ പറഞ്ഞു—

സന്തോഷിക്കുന്നതു കുറച്ചു ദിവസം കൂടി കഴിഞ്ഞിട്ടുമതി.

ദേവു് എന്നോടു പറഞ്ഞു.

"എന്തായാലും നീ അനങ്ങരുതു് ചിലപ്പോൾ ഗർഭമലസുകിലോ."

ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു

"അനങ്ങില്ല."

വൈകുന്നേരമായി. അമ്മവന്നു. അമ്മ ചോദിച്ചു— "എന്താമോളെ അസുഖം."

"ഗർഭം."

കുഞ്ഞിപറഞ്ഞു—

"അമ്മച്ചീ! എല്ലാം കള്ളിയാണു്. വയറിലുള്ളതായിരിയ്ക്കും. അതാണു് ഒന്നും തിന്നാത്തതു്."

ഗർഭിണിയാണന്നറിഞ്ഞാൽ എല്ലാപേർക്കും ആഹ്ലാദമാണു്. പിന്നെ എന്നെ നിലത്തുനിറുത്തുകയില്ല. എല്ലാപേർക്കും അറിയാനുള്ള ഉൽക്കണ്ഠ.

രണ്ടുകൈകളും കൂപ്പികൊണ്ടു് അമ്മ പറഞ്ഞു—

"എന്റെ ദൈവമേ! സീതാലക്ഷ്മി ഗർഭിണി ആയിരിയ്ക്കട്ടെ. ഞാൻ അതിനു വേണ്ട എല്ലാ വഴിപാടുകളും ചെയ്തേയ്ക്കാം"

ഞാൻ ഗുളിക കഴിച്ചുകൊണ്ടിരിയ്ക്കയാണു്. ഡാക്ടർ പറഞ്ഞ തീയതി എത്തി. ഗുളിക തീർന്നു. മെൻസ്സസു് ആകുന്നില്ല. ദേവു് പറഞ്ഞു—

"ഗർഭമായിരിയ്ക്കും. ഗുളിക തീർന്നല്ലൊ. ഡാക്ടരോടു വിവരം പറയൂ."

ഞാനും അനുജത്തിമാരുമായി ഡാക്ടരുടെ വീട്ടിൽ പോയി.

പെരിയമ്മ പറഞ്ഞു—

"ഗർഭമായിരിയ്ക്കും."

മിസ്സിസു് ഡാക്ടർ ഗോവിന്ദന്റെ ഭാര്യയുടെ മൂത്തതായി മൂന്നു സഹോദരിമാരുണ്ടു്. അവരെക്കുട്ടാം എന്നോടു വലിയ ഇഷ്ടമാണു്. ഉഷ വിളിയ്ക്കുന്നതുപോലെ അവരെയൊക്കെ ഞാനും പെരിയമ്മ എന്നാണു് വിളിയ്ക്കുക ഏറ്റവും മൂത്ത പെരിയമ്മ അസുഖമായി ഡാക്ടരുടെ വീട്ടിൽതന്നെ താമസമാണു്.

എല്ലാപേരും ചോദ്യം?

"ഗർഭമോണൊ?"

ഡാക്ടർ നേഴ്സിംഗ്ഹോം തുടങ്ങിയപ്പോൾ രണ്ടാമത്തെ പെരിയമ്മയുടെ മകൾ അനസൂയഅക്കൻ എന്നോടുപറഞ്ഞു

"സീത പെട്ടന്നു ഗർഭിണിയാകണം. ഈ മുറിയിൽ പ്രസവിച്ചുകിടക്കാം."

ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു—

"അനസൂയഅക്കാ! ഞാൻ പെട്ടന്നു ഗർഭിണിയാകാം. കുഞ്ഞിനെ കിടത്താൻ തൊട്ടിലുമുണ്ടു്."

എല്ലാപേരോടും സംസാരിച്ചുകൊണ്ടു നില്ലുമ്പോൾ മുകളിൽനിന്നും നേഴ്സു വിളിച്ചുപറഞ്ഞു—

"ഡാക്ടർ വിളിയ്ക്കുന്നു". ഞാൻ പരിശോധനമുറിയിൽ ചെന്നു. ഡാക്ടർ ചിരിച്ചുകൊണ്ടു ചോദിച്ചു.

"ഗുളിക എല്ലാം കഴിച്ചുതീർന്നൊ?"

"തീർന്നു."

അദ്ദേഹം വീണ്ടും തുടർന്നു

"ഗർഭമുണ്ടോഎന്നു് ഉടനെ അറിയാൻ ഒരു മാർഗ്ഗമുണ്ടു്. മൂത്രം പബ്ലിക്കു് ഹെൽത്തു് ലാബോറട്ടറിയിൽ പരിശോധിയ്ക്കണം. ഞാനൊരു കുറിപ്പുതരാം."

അദ്ദേഹം ഒരു കുറിപ്പുതന്നു. എന്നിട്ടു പറഞ്ഞു—

"ഇനി മരുന്നുകളൊന്നും കഴിയ്ക്കണ്ട.

മനുഷ്യമനസ്സാക്ഷി ഒരിക്കലും മാപ്പുനൽകാത്ത മർദ്ദനതാണ്ഡവങ്ങളുടെ തടവറയിൽ ആത്മബലിയർപ്പിച്ച ആയിരങ്ങളുടെ അസ്ഥിമാടങ്ങളിൽ ഞങ്ങളീ ചിത്രം സമർപ്പിക്കുന്നു.

കേരളത്തിലെ പ്രമുഖ കേന്ദ്രങ്ങളോടൊപ്പം പ്രദർശനം ആരംഭിക്കുന്നു. **കൊല്ലം പ്രിൻസിലും**

ഇതു എന്താണെന്നറിയട്ടെ."

പരിശോധനമുറിയിൽനിന്നും താഴെവന്ന മിസ്സിസ്. ഡാക്ടർ ഗോവിന്ദൻ ചോദിച്ചു—

"ഡാക്ടർ എന്തുപറഞ്ഞു സീതാലക്ഷ്മി."

"മൂത്രം പരിശോധിയ്ക്കണമെന്നു പറഞ്ഞു."

"ശരീരം അനങ്ങാതെ സൂക്ഷിക്കണം."

ഞങ്ങൾ യാത്രപറഞ്ഞു വീട്ടിൽവന്നു. ദേവു് ആകാംക്ഷയോടെ ഗേറ്റിനടുത്തുവന്നു ചോദിച്ചു —

"ഡാക്ടർ എന്തുപറഞ്ഞു."

കാറിൽനിന്നിറങ്ങട്ടെ: പറയാം."

"എനിയ്ക്കറിയാനുള്ള തിടുക്കമാണു്."

ഞാനും അനുജത്തിമാരും ചിരിച്ചു.

ഡാക്ടർ കുറിച്ചുതന്ന തുണ്ടു് ദേവിന്റെ കൈയിൽ കൊടുത്തു. ഡാക്ടർ പറഞ്ഞതുപോലെ എല്ലാം പറഞ്ഞു.

ദേവു പറഞ്ഞു—

"ഡാക്ടർ ശങ്കരപിള്ളയെ ഒന്നു വിളിയ്ക്കട്ടെ ഉടനെ ചോദിയ്ക്കാം.'

ഡാ: ശങ്കരപിള്ളയെ ദേവിനു പരിചയമുണ്ടു്

ഡാക്ടർ ശങ്കരപിള്ള പറഞ്ഞു—

"ചേട്ടാ: രണ്ടുദിവസംകൂടി വേണം. മൂത്രം പരിശോധിയ്ക്കാൻ ചില സാധനങ്ങൾകൂടി വേണ്ടതുണ്ടു്. രണ്ടുദിവസത്തിനകം ശരിപ്പെടുത്താം."

ഞാൻ ദേവിനോടു പറഞ്ഞു—

"ആഹാരമൊന്നും കഴിയ്ക്കാൻ പറ്റുന്നില്ല മീൻ കാണുമ്പോൾ ഛർദ്ദിക്കാൻ തോന്നുന്നു."

ദേവു് ഉറക്കെച്ചിരിച്ചുകൊണ്ടു പറഞ്ഞു —

"കാര്യം ശരിയായി."

ഞാൻ കട്ടിലിൽ അഭയംതേടി. കിടന്നാൽമാത്രംമതി. കളിയും ചിരിയും ഓട്ടവും സ്തംഭിച്ചു. മയക്കംമാത്രം. അനുജത്തിമാരോടു ഞാൻ പറഞ്ഞു—

"ആരോടും പറയണ്ട. വയറു പൊങ്ങുമ്പോൾ ഞാനെന്തുചെയ്യും?"

അവർ രണ്ടുപേരും ഉറക്കെ ചിരിച്ചു.

ദേവിനു് എഴുതുവാൻ വയ്യാത്ത സ്ഥിതി. സന്തോഷം. എന്താണെന്നറിഞ്ഞിട്ടു സന്തോഷിയ്ക്കാം. എന്നു് ഇടയ്ക്കിടയ്ക്കു് ഉരുവിടുകയും ചെയ്യുന്നുണ്ടു്.

ഡാക്ടർ ശങ്കരപിള്ള വിളിച്ചുപറഞ്ഞു—

"ചേട്ടാ! എല്ലാം ശരിയായിട്ടുണ്ടു്. മൂത്രം കൊട്ടത്തയയ്ക്കണം."

മൂത്രവുംകൊണ്ടു് ദേവുതന്നെ ആശുപത്രിയിലേയ്ക്കുപോയി.

(തുടരും)

—o—

ബുദ്ധിയും അനുഭൂതിയും

((7-ൽ നിന്നും തുടർച്ച)

(1) സത്യദർശനം (2) സത്യശ്രവണം (3) സത്യപ്രാപ്തി (4) സത്യസംബന്ധം

അനുഭൂതിയുടെ ആഗമനത്തോടെ ഉപരിപ്ലവതലത്തിൽനിന്നും ചിന്ത ആത്മബോധലക്ഷ്യംവച്ചു് ചരിച്ചു തുടങ്ങുന്നു. സച്ചിദാനന്ദയാഥാർത്ഥ്യമാകുന്നു. പരമമായ തത്വവും ലക്ഷ്യവും. ആ യാഥാർത്ഥ്യത്തിന്റെ സർഗ്ഗാത്മകതത്വമെന്ന നിലയ്ക്കു് സൂപ്പർമൈൻഡിനെ അരവിന്ദഘോഷ് വർണ്ണിക്കുന്നു. ബ്രഹ്മത്തിന്റെ വിസ്തൃതമായ ആത്മവ്യാപ്തിയുമാണു് സൂപ്പർമൈൻഡു്. സച്ചിദാനന്ദദർശനം ആവിഷ്കരിച്ച ഉപനിഷത്തുക്കളേയും ഭഗവദ്ഗീതയേയും ബ്രഹ്മസൂത്രത്തേയും (പ്രസ്ഥാനത്രയം) കടന്നുവെട്ടിയ ഒരു ഉർശനമാണു് മഹർഷി അരവിന്ദഘോഷ് നല്കുന്നതു്. അതായതു് യാഥാർത്ഥ്യത്തിനു് മൂന്നു മുഖങ്ങൾ മാത്രമല്ല

(സത്—ശുദ്ധാസ്തിത്വം
ചിത്—ശുദ്ധബോധം
ആനന്ദം—ശുദ്ധാഹ്ലാദം)

സർഗ്ഗാത്മകത എന്ന നാലാമതൊരു മുഖംകൂടിയുണ്ടെന്ന ഉൾക്കാഴ്ച അതിഗംഭീരമായിരിക്കുന്നു. പരിപൂർണ്ണമായ അനുഭൂതി സൂപ്പർമൈൻഡു് സാക്ഷാത്കരിക്കുന്നതുവരെ സാദ്ധ്യമല്ല എന്നും ആ മഹായോഗി പ്രസ്താവിച്ചു—ഈ കടുപ്പമുള്ള ആശയങ്ങളെ അവതരിപ്പിക്കുമ്പോൾ സാത്മവ്യാപ്തിയും സാത്മാനാസക്തിയും സാത്മസമന്വയവും നേടുവാനുള്ള ഘോരതപസ്സു് അനുഷ്ഠിക്കാൻ അലസതയുള്ള യുക്തിവാദികൾ പുഞ്ചിരിച്ചെന്നിരിക്കും.

—o—